### അദ്ധ്യായം - മൂന്ന്

# സ്ത്രീവാദം

**3.0**

സ്ത്രീവാദം (Feminism) എന്ന പ്രസ്ഥാനത്തിന്റെ ഉദ്ഭവം, സമൂഹത്തിൽ സ്ത്രീ പുരുഷ ലിംഗപദവികൾക്കു തമ്മിലുണ്ടായ വ്യതിരേകത്തെ സൂചിപ്പിക്കുന്നു. കുടുംബമെന്ന സ്ഥാപനത്തിന്റെ വികാസത്തിനുശേഷം സ്ത്രീയുടേയും പുരുഷന്റേയും കർമ്മങ്ങളും കർമ്മമണ്ഡലങ്ങളും വേർതിരിക്കപ്പെട്ടു. കുടുംബവും കുഞ്ഞുങ്ങളും അടങ്ങുന്ന അകംപണികൾ സ്ത്രീയ്ക്കും, ഇരതേടലും ഭരണവും വിനോദവുമെല്ലാം അടങ്ങുന്ന പുറംപണികൾ പുരുഷനുമായി വിഭജിക്കപ്പെട്ടു. ഈ പ്രവൃത്തികളുടേയും പ്രവർത്തന മണ്ഡലങ്ങളുടേയും പ്രാധാന്യമനുസരിച്ച് പുരുഷനും സ്ത്രീയും മൂല്യവൽക്കരിക്കപ്പെട്ടു. ഇരതേടി കൊണ്ടുവരുന്ന പുരുഷന്റെ മൂല്യം, കൊണ്ടുവന്നതു കൈകാര്യം ചെയ്യുന്ന സ്ത്രീയുടേതിനേക്കാൾ മികച്ചതായി. സ്ത്രീ, പുരുഷനാൽ സംരക്ഷിക്കപ്പെടേണ്ടവളായി. ഇസ്ലാം ക്രൈസ്തവ മതങ്ങളിൽ ഈ വസ്തുത മതാനുശാസനവും ഇന്ത്യയിൽ ഇത് നിയമാനുശാസനവുമാണ്. എന്നാൽ എല്ലാ വിഭാഗം സ്ത്രീകളും ഇപ്രകാരം പുരുഷനാൽ സംരക്ഷിക്കപ്പെട്ട് അകത്തളങ്ങളിൽ ഒതുങ്ങിയിരുന്നു എന്നു കരുതുന്നത് തെറ്റാണ്. എം. ലീലാവതി എഴുതുന്നു:

> *"അക്ഷരവിദ്യയും വൈജ്ഞാനിക വിദ്യാഭ്യാസവും ലഭിച്ചവരിലാണ് സ്ത്രീ, പുറം കാര്യങ്ങളിൽ നിന്നു പിൻതള്ളപ്പെട്ടത്".* [1]

സമൂഹത്തിലെ ഏറ്റവും താഴ്ന്ന തട്ടിലുള്ള പുരുഷന്മാരും സ്ത്രീകളെപ്പോലെ മറ്റുള്ളവർക്ക് അടിമകളായിരുന്നു. അതുകൊണ്ട് ആ തട്ടിലുള്ള സ്ത്രീകൾ എന്നും പുരുഷനോടൊപ്പം പുറം പണിയെടുത്തിരുന്നു.

## 3.1. സ്ത്രീവാദത്തിന്റെ ചരിത്രം

സ്ത്രീവാദം സിദ്ധാന്തങ്ങളായി പ്രത്യക്ഷപ്പെടുന്നത് അറുപതുകളിലാണെങ്കിലും 18-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽത്തന്നെ സ്ത്രീവാദ ചിന്തകൾ ഉയർന്നുവന്നിരുന്നു. ഫ്രഞ്ചു വിപ്ലവം ഉണർത്തിവിട്ട നവചൈതന്യത്തിന്റെ തരംഗത്തിൽ മേരി വുൾസ്റ്റൺ ക്രാഫ്റ്റിന്റെ 'വനിതാവകാശ സമർത്ഥനം' എന്ന ഗ്രന്ഥം പുറത്തുവന്നു. 1792ൽ പ്രസിദ്ധീകരിച്ച ഈ കൃതിയാണ് സ്ത്രീവാദ സിദ്ധാന്തങ്ങൾ ഗൗരവമായി കൈകാര്യം ചെയ്യുന്ന ആദ്യകൃതി. 1928ൽ പ്രസിദ്ധീകരിച്ച വർജീനിയ വൂൾഫിന്റെ 'എ റൂം ഓഫ് വൺസ് ഓൺ' (A Room of One's own) ഫെമിനിസ്റ്റ് ബൈബിൾ എന്നറിയപ്പെട്ടു. സ്ത്രീ സമത്വത്തിനു വേണ്ടിയല്ല, തുല്യവേതനം, തുല്യസ്വത്ത്, വ്യക്തിസ്വാതന്ത്ര്യം, വ്യക്തി സാഫല്യം എന്നിവ നേടിയെടുക്കാനാണ് വർജീനിയ വുൾഫ് ആഹ്വാനം ചെയ്യുന്നത്. 1949ൽ പുറത്തിറങ്ങിയ 'സെക്കൻഡ് സെക്സ്' (second sex) എന്ന ഗ്രന്ഥത്തിലൂടെ സിമോൻ ദിബ്യുവ സ്ത്രീയോട് പുരുഷന്മാരുടെ ആശ്രിതത്വത്തിൽ നിന്ന് വിമോചിതരാകുവാൻ പറഞ്ഞു. 1963ൽ ബെറ്റി ഫ്രീഡൻ രചിച്ച 'ദി ഫെമിനിൻ മിസ്റ്റിക്' (The Feminine Mystique) എന്ന ഗ്രന്ഥം മാതൃത്വത്തിന്റെ സന്തോഷവും, ഗാർഹിക ജീവിതത്തിന്റെ ഭദ്രതയുടെ സംതൃപ്തിയും, സമൂഹം അടിച്ചേല്പിച്ച ഒരു സ്ത്രൈണാദർശം മാത്രമാണെന്നു വെളിപ്പെടുത്തി. ഗാർഹികത്വത്തിന്റെ തടവറയിൽ സ്ത്രീ അനുഭവിക്കുന്ന ശൂന്യതാബോധത്തെ തിരിച്ചറിഞ്ഞ് തൊഴിൽജീവിതത്തിന്റെ ധന്യതയിലേയ്ക്കു ധൈര്യമായി ഇറങ്ങിവരാൻ ഈ ഗ്രന്ഥത്തിലൂടെ ഫ്രീഡൻ ആഹ്വാനം ചെയ്യുന്നു.

## 3.2. ഫെമിനിസത്തിന്റെ വിവിധ ചിന്താസ്രോതസ്സുകൾ [2]

1. ലിബറൽ ഫെമിനിസം
2. റാഡിക്കൽ ഫെമിനിസം
3. സോഷ്യലിസ്റ്റ് ഫെമിനിസം.

### 3.2.1. ലിബറൽ ഫെമിനിസം:

ആധുനിക യുഗത്തിന്റെ ആരംഭത്തിൽ തുല്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, വിമോ

ചനം, നീതിബോധം തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രീപക്ഷവാദമായി നിലവിൽ വന്നതാണ് ലിബറൽ ഫെമിനിസം. തുല്യസ്വത്തവകാശം, തുല്യജോലി അവസരങ്ങൾ, വോട്ടവകാശം എന്നിവയ്ക്കെല്ലാം വേണ്ടി ലിബറൽ ഫെമിനിസ്റ്റുകൾ വാദിക്കുന്നു. വ്യവസ്ഥിതിയുടെ മാറ്റവും പുരുഷനിരാസവും ഈ ചിന്താപദ്ധതിയിലില്ല. നിയമനിർമ്മാണത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാനാണ് ഇവർ ശ്രമിക്കുന്നത്.

### 3.2.2. റാഡിക്കൽ ഫെമിനിസം

പുരുഷന്റെ മേൽക്കോയ്മയെ എതിർക്കുന്ന ഫെമിനിസ്റ്റ് ചിന്താധാരയാണ് റാഡിക്കൽ ഫെമിനിസം. സ്ത്രീയുടെ ലിംഗപദവി സ്ത്രീയ്ക്കുമേലുള്ള പീഡനോപാധിയാക്കുന്ന പുരുഷ സമീപനങ്ങളെ റാഡിക്കൽ ഫെമിനിസ്റ്റുകൾ എതിർക്കുന്നു. പിതൃദായ സമൂഹഘടന നിലനിൽക്കുന്നിടത്തോളം കുടുംബത്തിൽ മാത്രമല്ല, ഭരണം, രാജ്യരക്ഷ, വ്യവസായം, രാഷ്ട്രീയം, മതം എന്നീ മേഖലകളിലെല്ലാം പുരുഷാധിപത്യം നിലനിൽക്കും എന്നുള്ളതുകൊണ്ട് ഒരു വ്യവസ്ഥിതി മാറ്റത്തെയാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ വിഭാവനം ചെയ്യുന്നത്.

### 3.2.3. സോഷ്യലിസ്റ് ഫെമിനിസം

മനുഷ്യസമൂഹത്തിലെ വിഭാഗീയ ചിന്തകളുടെ അടിസ്ഥാന കാരണം ആർത്ഥിക ഉച്ചനീചഭേദങ്ങളാണ്. അതുകൊണ്ട് സ്ത്രീവാദത്തിൽ വർഗ്ഗപരമായ ചൂഷണത്തെക്കൂടി ഉൾപ്പെടുത്തണം എന്നു കരുതുന്നവരാണ് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ. സോഷ്യലിസ്റ്റ് ഫെമിനിസം ഒരേ സമയം പുരുഷാധിപത്യത്തോടും ആർത്ഥിക ഉപരിവർഗ്ഗത്തോടും പൊരുതുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, മുതലാളിത്ത സമൂഹങ്ങളിലെ വർഗ്ഗഘടനകളുമായി അടുത്തു ബന്ധപ്പെട്ടു നിൽക്കുന്ന ഒരു ചൂഷണഘടനയായി പുരുഷാധികാരത്തെ ഇവർ കാണുന്നു.

## 3.3. സ്ത്രീപദവി ഭാരതത്തിൽ

വേദകാലത്തും ഉപനിഷത് കാലത്തും, ബുദ്ധമതകാലത്തും പൊതുവേദികളിലും തർക്കവേദികളിലും സ്ത്രീ സാന്നിധ്യമുണ്ടായിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഋഗ്വേദത്തിലെ രോമശ, ലോപാമുദ്ര, അപാല, കദ്രു, വിശ്വവരഘോഷ, ഉപനിഷത് കാല ത്തിലെ ഗാർഗ്ഗി, വാചക്നവി, മൈത്രേയി, ബുദ്ധമതകാലത്തെ സോമ, അനുപമ, ഖേമ, സുജാത, ശുഭകീശ ഗൗതമി, സുന്ദരി തുടങ്ങിയവർ സൂക്തങ്ങൾ രചിക്കുകയും പൊതുവേ ദികളിൽ തർക്കങ്ങളിലേർപ്പെടുകയും ചെയ്തിരുന്നു. ആധ്യാത്മിക രംഗങ്ങളിലും അക്കാ ലത്ത് പുരുഷനും സ്ത്രീയ്ക്കും കർമ്മവിഭജനമുണ്ടായിരുന്നില്ല. പുരുഷനെപ്പോലെ സ്ത്രീയും അന്ന് ഉപനയനവും വേദപഠനവും നടത്തിയിരുന്നു എന്നതിന്റെ തെളിവാണ് ബ്രഹ്മവാദി നികളുടെ ചരിത്രം. വൈദികകാലത്തെ ഇത്തരത്തിലുള്ള സ്വാതന്ത്ര്യം മധ്യകാലത്തിലെ ത്തുമ്പോഴേയ്ക്കും നഷ്ടമാകുന്നു. സ്ത്രീയ്ക്കു വിദ്യാഭ്യാസം വേണ്ടെന്നും പുരുഷനെ തൊട്ടിരുന്നാൽ മതിയെന്നുമുള്ള ചിന്തകൾ ഇക്കാലത്താണ് വേരുറയ്ക്കുന്നത്.

## 3.4. സ്ത്രീ വ്യത്യസ്ത മതവീക്ഷണങ്ങളിൽ

കുടുംബ സുരക്ഷയ്ക്ക് ആവശ്യമായ മതാനുഷ്ഠാനങ്ങളും ആചാരാനുഷ്ഠാനങ്ങളും കർശനമായി പാലിക്കേണ്ട ഉത്തരവാദിത്വം സ്ത്രീയ്ക്കുമേലാണ് എല്ലാ മതങ്ങളും നിക്ഷേ പിച്ചിരിക്കുന്നത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധം മണ്ണും കൃഷിക്കാരനുമായുള്ള ബന്ധമാണെന്നു അഥർവ്വവേദം പറയുന്നു. അതായത് വസ്തുവും ഉപഭോക്താവും തമ്മി ലുള്ള ബന്ധം. സ്ത്രീ ഇവിടെ സമൂഹത്തിലെ ഒരംഗമല്ല, മറിച്ച് ഒരു വസ്തു മാത്രമാണ്. ഇതേ ആശയം തന്നെയാണ് ഖുറാനും മുന്നോട്ടുവയ്ക്കുന്നത്. അന്നിസാങ്, സൂറത്തന്നൂർ എന്നീ രണ്ട് അധ്യായങ്ങൾ ഖുർ ആനിൽ സ്ത്രീചർച്ചയ്ക്കായി നീക്കി വച്ചിട്ടുണ്ട്. വീടാണ് സ്ത്രീയുടെ കർമ്മമണ്ഡലമെന്ന് ഇതിൽ വ്യക്തമാക്കുന്നു. വൈദേശിക സെമിറ്റിക് മതങ്ങ ളിൽ മനുഷ്യനു സ്വർഗ്ഗരാജ്യം നഷ്ടപ്പെടുത്തിയ ദുശ്ചരിതയായിട്ടാണ് സ്ത്രീയെ കാണു ന്നത്. ദൈവമഹിമയുടെ വാഴ്ത്തലുകൾ അവയിൽ പലപ്പോഴും പുരുഷനെ വാഴ്ത്തലായി മാറുന്നുണ്ട്.

## 3.5. സ്ത്രീ മുന്നേറ്റങ്ങൾ ഭാരതത്തിൽ

ആധുനിക ഭാരതത്തിൽ നടന്നിട്ടുള്ള സ്ത്രീ മുന്നേറ്റങ്ങൾ സ്വാതന്ത്ര്യ സമരമായും ഇത രസാമൂഹ്യ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടിട്ടുള്ളവയാണ്. 19-ാം നൂറ്റാണ്ടിൽ രൂപീക

രിച്ച ആര്യസമാജം, ബ്രഹ്മസമാജം എന്നിവയിലൂടെയാണ് ഭാരതത്തിൽ ആദ്യകാല സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ആനിബസന്റും മിസ്സിസ്സ് കസിൻസും ചേർന്ന്1917ൽ രൂപീകരിച്ച 'വിമൺസ് ഇന്ത്യ അസോസിയേഷൻ' (Women's India Associaton) ആണ് ഇന്ത്യയിലെ ആദ്യവനിതാ സംഘടന. സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ പ്രവർത്തനമാരംഭിച്ച ഈ സംഘടന പിന്നീട് വോട്ടവകാശം തുടങ്ങിയ പ്രശ്നങ്ങളുമായി രാഷ്ട്രീയ രംഗത്തും സജീവമായിരുന്നു. സ്വാതന്ത്ര്യസമരം ഇന്ത്യയിൽ ശക്തിയാർജ്ജിച്ചപ്പോൾ ഉപ്പു സത്യാഗ്രഹം, വിദേശവസ്ത്ര ബഹിഷ്ക്കരണം, ക്വിറ്റ് ഇന്ത്യാ മൂവ്മെന്റ് തുടങ്ങിയ സമരമുറകളിലെല്ലാം സ്ത്രീസാന്നിധ്യമുണ്ടായിരുന്നു. ചുരുക്കത്തിൽ ഇന്ത്യയിൽ സ്ത്രീ മുന്നേറ്റങ്ങൾ പുരുഷാധിപത്യത്തിനെതിരായുള്ള കലാപമായിരുന്നില്ല. വിദേശാധിപത്യത്തിനെതിരായുള്ള പ്രക്ഷോഭങ്ങളിൽ ആരംഭിച്ച് പിന്നീട് ഓരോ കാലഘട്ടം ആവശ്യപ്പെടുന്നതിനനുസരിച്ച് സ്വഭാവ ലക്ഷ്യങ്ങൾ മാറി മാറി പ്രദർശിപ്പിക്കുന്നവയാണ് ഭാരതത്തിലെ സ്ത്രീമുന്നേറ്റങ്ങൾ.

## 3.6. സ്ത്രീപദവി കേരളത്തിൽ

അതിപ്രാചീന സമൂഹത്തിൽ വംശങ്ങൾ, സ്ത്രീകളെ കേന്ദ്രീകരിച്ചവയായിരുന്നുവെന്ന് ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. പ്രോട്ടോ ആസ്ത്രലോയിഡ്, ദ്രാവിഡർ എന്നിവർക്കിടയിൽ മാതൃദായക്രമം തന്നെയാണ് നിലനിന്നിരുന്നത്. അക്കാലങ്ങളിൽ സൃഷ്ടിയുടേയും സ്ഥിതിയുടേയും പ്രതീകമായി സ്ത്രീ അവരോധിക്കപ്പെട്ടിരുന്നു. മാതൃദേവതകളുടെ സ്ഥാപനം ഈ രീതിയിലാണ് ആവിർഭവിക്കുന്നത്. കേരളത്തിൽ ഗിരിവർഗ്ഗക്കാർക്കിടയിലും മാതൃപാരമ്പര്യവും ദേവീപൂജയും നിലനിന്നിരുന്നു. മലയാളിയുടെ കുടുംബവ്യവസ്ഥ അമ്മ വഴി ദായക്രമത്തെ അനുസരിക്കുന്നതാണ്. അനേകം തായ്‌വഴികളടങ്ങുന്നതാണ് മലയാളിയുടെ തറവാട്. തായ്‌വഴിയെന്നാൽ തായയുടെ - അമ്മയുടെ - വഴിയാണ്. കേരളത്തിൽ കാണുന്ന കാവുകളുടേയും അവയിലെ അമ്മ ദൈവങ്ങളുടേയും ബാഹുല്യവും പണ്ടുണ്ടായിരുന്ന സ്ത്രീ പ്രാധാന്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ബ്രിട്ടീഷ് ഭരണവും അതിനോടൊപ്പം വന്ന ആധുനികതയുമാണ് അമ്മവഴി കേരളത്തെ മറ്റൊരു രീതിയിലാക്കിയത്. സതി നിർത്തലാക്കിയ ബ്രിട്ടീഷ് ഭരണം മറുഭാഗത്ത് മാതൃദായക്രമത്തെ

അവസാനിപ്പിക്കാനും നീക്കങ്ങൾ നടത്തി.

## 3.7. കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ

മാറു മറയ്ക്കാനുള്ള അവകാശം ആവശ്യപ്പെട്ടുകൊണ്ട് 1819-ൽ ചാന്നാർ സ്ത്രീകൾ നടത്തിയ ചാന്നാർ ലഹള എന്നറിയപ്പെട്ട സമരമാണ് കേരളത്തിലെ ആദ്യ സ്ത്രീമുന്നേറ്റ സമരം. പിന്നീട് രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ 1940കളിൽ കേരളത്തിൽ തൊഴിലാളികളുടേയും കർഷകരുടേയും സ്ത്രീകളുടേയുമെല്ലാം സംഘടിത മുന്നേറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. 1943ൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം, ദാരിദ്ര്യനിർമ്മാർജ്ജനം ഇവ ലക്ഷ്യമാക്കി കേരള മഹിളാ സംഘം രൂപീകൃതമാകുന്നു. എൺപതുകളിലാണ് കേരളത്തിൽ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ശക്തമാകുന്നത്. മാനുഷി, ചേതന, ബോധന തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം ഇക്കാലത്താണ് ആരംഭിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട ഓരോ പ്രശ്നവും സ്വകാര്യമേഖലയിലേയ്ക്കു തള്ളിവിട്ട് അവയെ സൗകര്യപൂർവ്വം കണ്ടില്ലെന്നു നടിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുള്ള തിരുത്തൽ ശക്തിയായാണ് ഈ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത്.[3]

## 3.8. സ്ത്രീവാദവും സ്ത്രീരചനയും

സ്ത്രീവാദ പ്രസ്ഥാനങ്ങളാണ് സ്ത്രീരചനകൾക്കു ദിശാബോധം നൽകിയത്. നിശ്ശബ്ദരായിരുന്നാൽ സ്ത്രീകൾ ചരിത്രത്തിനു പുറത്തു നിൽക്കേണ്ടിവരും. പുരുഷഭാഷയിൽ സംസാരിച്ചാൽ വഴങ്ങിക്കൊടുക്കലുമാകും. ഈ സന്ദർഭത്തിലാണ് ലോകത്തെക്കുറിച്ചുള്ള പുരുഷന്റെ നിലപാടുകളെ ബോധപൂർവ്വം നിരാകരിച്ചുകൊണ്ട് സ്ത്രീകൾ എഴുതിത്തുടങ്ങിയത്. സ്ത്രീവാദ ചിന്തകൾ സമൂഹത്തിൽ ചലനമുണ്ടാക്കിയപ്പോഴും സാഹിത്യം സ്ത്രീയുടെ ചിത്രീകരണത്തിൽ യാഥാസ്ഥിതിക മനോഭാവം തന്നെ തുടർന്നുവന്നു. പുരുഷൻ ആവിഷ്ക്കരിക്കുന്ന സ്ത്രീചിത്രീകരണങ്ങളിൽ സ്ത്രീ അഭിലഷിക്കുന്ന സ്ത്രീ മാതൃകകൾ കാണുന്നില്ല. പൊതുവെ രണ്ട് തരത്തിലാണ് സാഹിത്യം സ്ത്രീയെ ചിത്രീകരിക്കുന്നത്. ഒന്നുകിൽ സമൂഹം അനുശാസിക്കുന്ന നിയമാവലികൾ തെറ്റി നടക്കുന്ന, സർവ്വനാശഹേതുവായ ഹീനയായ സ്ത്രീ, അതല്ലെങ്കിൽ പുരുഷനിർമ്മിത നിയമാവലികളിൽ ഒതുങ്ങി നിൽക്കുന്ന ആദർശവതിയായ സ്ത്രീ. പക്ഷേ യഥാർത്ഥ സ്ത്രീ സ്വത്വം ഇവയ്ക്കി

ടയിൽ എവിടേയോ നഷ്ടപ്പെട്ടു പോകുന്നു. ഈ അവഗണിത സ്ത്രീ സ്വത്വാവിഷ്ക്കാര മാണ് സ്ത്രീരചനകൾ.

മറ്റു സാധാരണ സാഹിത്യത്തിൽ നിന്നു വിഭിന്നമാണ് സ്ത്രീരചന. സ്ത്രീയുടെ ആത്മ നിർവ്വചനത്തിനുള്ള അന്വേഷണമായാണ് ഫെമിനിസ്റ്റ് സാഹിത്യത്തെ സാൻഡ്രാ ഗിൽബെർട്ട്, സൂസൻ ഗ്യൂബെഎന്നിവർ കാണുന്നത്. സ്ത്രീ രചനകളുടെ കഥകസ്വരം ഒരേസമയം എഴു ത്തുകാരിയുടേയും മുഖ്യകഥാപാത്രത്തിന്റേയും സ്ത്രീയുടേയും സ്വരങ്ങളെ പ്രതിനിധീക രിക്കുന്നു. പുരുഷനിൽ നിന്നു വ്യത്യസ്തമായ സ്ത്രീരചനകൾക്കു പൊതുവായി ചില സവിശേഷതകളുണ്ട്.[4]

1. സ്വന്തം ശരീരത്തെ തിരിച്ചറിയുന്നു.
2. നിലവിലുള്ള ഭാഷ പുരുഷനിർമ്മിതമായതിനാൽ സ്വന്തം ഭാഷയെ ആചാരങ്ങൾ, കലകൾ എന്നിവയിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു.
3. പൊതുവെ ലക്ഷ്യങ്ങളേയും പദ്ധതികളേയും അർത്ഥങ്ങളേയും അവിശ്വസിക്കുന്നു.
4. സ്ത്രീയും സ്ത്രീയും തമ്മിലുള്ള ബന്ധങ്ങൾക്കു പ്രാധാന്യം നൽകുന്നു.
5. വികാരതീവ്രത സൂചകങ്ങളേയും കവിഞ്ഞു നിൽക്കുന്നു.

എലൈൻ ഷോവാൾട്ടർ (Eline Showalter) സ്ത്രീരചനകൾക്ക് ഫെമിനിൻ, ഫെമിനിസ്റ്റ്, ഫീമെയിൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങൾ കല്പിക്കുന്നുണ്ട്.[5]

### 3.8.1. ഫെമിനിൻ

ഈ ഘട്ടത്തിലുൾപ്പെടുത്തിയ സ്ത്രീരചനകൾ, വ്യക്തിബന്ധങ്ങളും കുടുംബാന്തരീ ക്ഷവുമാണ് രചനാവിഷയങ്ങളാക്കുന്നത്. ഇവയുടെ ഉദ്ദേശ്യം പുരുഷന്റെ ധൈഷണിക നേട്ടങ്ങളോട് കിടപിടിക്കുക എന്നതാണ്. പുരുഷരചനകളുടെ അനുകരണം മാത്രമായ ഇവ തീർത്തും കാല്പനികവും വൈകാരികവുമായ ആവിഷ്ക്കാരങ്ങളാണ്. ഇവയിലെ സ്ത്രീകഥാപാത്രങ്ങൾ പുരുഷധാരണകളിൽ നിന്നും, വിധികളിൽ നിന്നും വ്യതിചലിക്കു ന്നില്ല.

### 3.8.2. ഫെമിനിസ്റ്റ്

1880 മുതൽ 1920 വരെയുള്ള കാലഘട്ടത്തിൽ എഴുതപ്പെട്ടത് എന്നു ക്ലിപ്തപ്പെടുത്തിയ ഫെമിനിസ്റ്റ് കൃതികളിൽ സ്ത്രീസ്വാതന്ത്ര്യം വേണമെന്നുള്ള ശാഠ്യം കടന്നുവരുന്നു. ഇവ സ്ത്രീപ്രശ്നങ്ങളെ നാടകവത്ക്കരിച്ച് ആവിഷ്ക്കരിച്ചു. പുരുഷാധിപത്യ പ്രവണതകൾക്കും സ്ത്രീയുടെ പാർശ്വവത്ക്കരണത്തിനുമെതിരായുള്ള പ്രതിരോധം പ്രദർശിപ്പിക്കുന്ന ഈ കൃതികളിലും വൈകാരികതയ്ക്കു തന്നെയാണ് പ്രാധാന്യം.

### 3.8.3. ഫീമെയിൽ

1920 മുതൽ തുടങ്ങുന്ന ഈ മൂന്നാമത്തെ ഘട്ടത്തിൽ സ്ത്രീരചനകൾ സ്വത്വബലം പ്രകടിപ്പിക്കുകയും സ്ത്രീരചനയെ സ്വാശ്രയകലയായി വളർത്തിയെടുക്കുകയും ചെയ്യുന്നു. പുതിയ ഭാഷയും പുതിയ വായനയും സ്ത്രീരചനകൾക്കു കൈവരുന്നത് ഈ ഘട്ടത്തിലാണ്. സ്ത്രീരചനയുടെ ഒട്ടൊക്കെ പരിപക്വമായ അവസ്ഥയായി ഈ ഘട്ടത്തെ കാണാം.

## 3.9. മലയാളത്തിലെ സ്ത്രീരചനകൾ

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ മലയാളത്തിൽ സ്ത്രീരചനകൾ ശ്രദ്ധേയമാകുന്നുണ്ട്. ഈശ്വര സ്തുതികളും ഇതിഹാസാധിഷ്ഠിത കാവ്യങ്ങളും കൈകൊട്ടിക്കളിപ്പാട്ടും മാത്രമെഴുതിക്കൊണ്ടിരുന്ന സ്ത്രീകളെ പാശ്ചാത്യവിദ്യാഭ്യാസം സർഗ്ഗാത്മകതയുടെ പുതിയ മേഖലകളിലേയ്ക്കു കൊണ്ടുചെന്നു. കവിതയിൽ തോട്ടേക്കാട്ട് ഇക്കാവമ്മ, കുഞ്ഞിക്കുട്ടിത്തങ്കച്ചി, കടത്തനാട്ട് മാധവി അമ്മ, മുതുകുളം പാർവ്വതി അമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, ബാലാമണി അമ്മ തുടങ്ങിയവരും നോവൽ കഥാലോകങ്ങളിൽ സരസ്വതി അമ്മ, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവരും മലയാള സാഹിത്യത്തിൽ ശ്രദ്ധേയമായ തുടക്കം കുറിച്ചവരാണ്. മലയാളത്തിലെ സ്ത്രീരചനകളുടെ സ്വഭാവം കണക്കിലെടുക്കുമ്പോൾ, ഇവയെ കൃത്യമായി നടേ പറഞ്ഞ ഫെമിനിസ്റ്റ്, ഫീമെയിൽ, ഫെമിനിൻ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി അപഗ്രഥിക്കുവാനാകില്ല. മറ്റൊരു വിഭജന രീതി അവലംബിച്ച് പറയുകയാണെങ്കിൽ;

#### 3.9.1. ഒന്നാം ഘട്ടം

പുരുഷപ്രത്യയ ശാസ്ത്രം സ്വാംശീകരിച്ച സ്ത്രീരചനകൾ. ജനപ്രിയ നോവലുകളും മറ്റും ഈ വിഭാഗത്തിൽപ്പെടുന്നു. സ്ത്രീ, വിഷയമാകുന്ന സ്വകാര്യ മണ്ഡലങ്ങളാണ് ഇത്തരം കൃതികളുടെ പ്രതിപാദ്യം.

#### 3.9.2. രണ്ടാംഘട്ടം

സാമൂഹ്യ സാമുദായിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രചനകളെയാണ് ഈ ഘട്ടത്തിലുൾപ്പെടുത്തുന്നത്. സ്ത്രീ പ്രശ്നത്തെ ഒരു സാമൂഹ്യപ്രശ്നമായാണ് ഇത്തരം കൃതികൾ കൈകാര്യം ചെയ്യുന്നത്.

#### 3.9.3. മൂന്നാംഘട്ടം

വിവിധ രീതികളിൽ സ്ത്രീ സ്വാതന്ത്ര്യബോധവും സ്വത്വബോധവും പ്രകടിപ്പിക്കുന്ന കൃതികളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്.

### 3.10. മലയാള നോവലും സ്ത്രീ സങ്കല്പവും

നോവൽ എന്ന പ്രസ്ഥാനംതന്നെ ആധുനിക യുഗത്തിന്റെ സൃഷ്ടിയായതുകൊണ്ട് സ്ത്രീയെക്കുറിച്ചുള്ള നവീന സങ്കല്പങ്ങൾ നോവലിൽ കണ്ടെത്താം. എങ്കിലും പുരുഷ നോവലിസ്റ്റുകൾ സ്ത്രീയെ തീർത്തും യാഥാസ്ഥിതികമായിത്തന്നെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഓരോ കാലഘട്ടത്തിലേയും നോവലുകളിലെ സ്ത്രീസങ്കല്പം അതതു കാലത്തെ സ്ത്രീലിംഗ പദവിയുടെ വെളിപ്പെടുത്തലുകൾ കൂടിയാണ്.

ആദ്യകാല നോവലിസ്റ്റുകളായ ചന്തുമേനോനും സി.വി.യും സ്ത്രീയുടെ മഹനീയ മാതൃകകളെയാണ് സൃഷ്ടിച്ചത്. അയഥാർത്ഥമെന്നു തോന്നിപ്പിക്കുന്ന ആദർശാത്മകതയും സ്ഥൈര്യവും ഇവർ തങ്ങളുടെ നായികമാർക്കു നൽകിയിരിക്കുന്നു. ആ നോവലുകളിലെ ത്തന്നെ ഇതര സ്ത്രീകഥാപാത്രങ്ങളുമായോ അന്നത്തെ സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായോ ഈ നായികമാർക്ക് പൊരുത്തമോ താരതമ്യങ്ങളോ ഇല്ല.

തുടർന്നുവന്ന റിയലിസ്റ്റിക്ക് കാലഘട്ടത്തിൽ തകഴി, ദേവ്, ബഷീർ എന്നിവർ തങ്ങളുടെ

നോവലുകളിൽ ആവിഷ്ക്കരിച്ച സ്ത്രീകഥാപാത്രങ്ങൾ, ജീവിതപ്രാരാബ്ധങ്ങളിലും പരാധീനതകളിലും പെട്ടുഴലുന്നവരാണ്. പുരുഷന്റെ നിഴലിൽ നിൽക്കുന്ന ഈ സ്ത്രീകഥാപാത്രങ്ങൾ ദുരിതങ്ങളിൽ നിന്നുള്ള മോചനം മാത്രം സ്വപ്നം കാണുന്നു.

ആധുനിക കാലഘട്ടത്തിൽ എം.ടി., ഉറൂബ്, ഒ.വി. വിജയൻ, മുകുന്ദൻ, സേതു എന്നിവരുടെ രചനകളിൽ സ്ത്രീയെ സ്ത്രീയായി തിരിച്ചറിയാനും അവളുടെ ആത്മസംഘർഷങ്ങളെ ചിത്രീകരിക്കാനുമുള്ള ശ്രമങ്ങൾ കണ്ടെത്താം. പക്ഷേ ഉറൂബിനെ ഒഴിച്ചുനിർത്തിയാൽ മറ്റെല്ലാവരുംതന്നെ സ്ത്രീയെ തിരിച്ചറിയുന്നത് ശരീരമായാണ്. ശരീരത്തിനപ്പുറം സ്ത്രീ മനസ്സിന്റെ സൂക്ഷ്മവായനകൾക്ക് ഇവരാരും തയ്യാറാകുന്നില്ല.

സമകാലിക നോവലുകളിൽ സ്ത്രൈണചോദനകളുടെ ഉറവിടമായ സ്ത്രീ എന്നു ജൈവശാസ്ത്രപരമായി സ്ത്രീസ്വത്വത്തെ പരിമിതപ്പെടുത്തി ആവിഷ്ക്കരിക്കുന്നു.

## 3.11. സ്ത്രീ നോവലിസ്റ്റുകൾ

സമൂഹത്തെ സ്ത്രീയ്ക്കാണ് നന്നായി വിവരിക്കുവാൻ കഴിയുക എന്ന സച്ചിദാനന്ദന്റെ നിരീക്ഷണം[6] ശ്രദ്ധേയമാണ്. സ്ത്രീയുടേത് പ്രാന്തവൽക്കരിക്കപ്പെട്ട ലോകങ്ങളാണ്. അതുകൊണ്ട് ലോകത്തെ അകന്നു നിന്നു നിരീക്ഷിക്കുവാൻ സ്ത്രീയ്ക്കു കഴിയുന്നു. എന്നിട്ടും സ്ത്രീ നോവലിസ്റ്റുകൾ എണ്ണത്തിൽ വളരെ പരിമിതമാണ്. പുരുഷൻ ആവിഷ്ക്കരിച്ച സ്ത്രീ മാതൃകകളിൽ നിന്നു വ്യത്യസ്തമായി സ്ത്രീസ്വത്വാവിഷ്ക്കാരം സ്ത്രീനോവലിസ്റ്റുകളുടെ കൃതികളിൽ കാണാം. സ്ത്രീയെക്കുറിച്ച് സ്ത്രീയ്ക്കു പറയുവാനുള്ളതെല്ലാം അനുഭവങ്ങളാണ്. സ്ത്രീയുടെ സ്വപ്നങ്ങൾ, വ്യക്തിത്വത്തെക്കുറിച്ചുള്ള തീർപ്പുകൾ, സമൂഹം, കുടുംബം എന്നീ സ്ഥാപനങ്ങളോടുള്ള സ്ത്രീ മനോഭാവങ്ങൾ എന്നിവ സത്യസന്ധമായി ആവിഷ്ക്കരിക്കുവാൻ സ്ത്രീ നോവലിസ്റ്റുകൾ ശ്രമിക്കുന്നു.

മലയാളത്തിലെ ആദ്യനോവലായ 'ഘാതകവധം' ഒരു സ്ത്രീയുടേതാണ് എന്നത് തീർത്തും യാദൃച്ഛികമാകാം. തുടർന്നുവന്ന സ്ത്രീ നോവലിസ്റ്റുകളിൽ, സ്ത്രീരചനകളുടെ ഊർജ്ജവും ആർജ്ജവവും ലക്ഷ്യവും ഉൾക്കൊണ്ടവർ എന്ന നിലയിൽ പ്രസക്തരാകുന്നത് ലളിതാംബിക അന്തർജ്ജനം, കെ. സരസ്വതിയമ്മ, രാജലക്ഷ്മി, പി. വത്സല, മാധവിക്കുട്ടി, സാറാ

ജോസഫ് എന്നിവരാണ്. കർക്കശഭാഷയിൽ പുരുഷമേധാവിത്വത്തിനെതിരെ കെ. സരസ്വതി അമ്മ എഴുതുന്നു. അന്തർജ്ജനം തന്റെ സർഗ്ഗാത്മകതയെ, താനുൾപ്പെട്ട നമ്പൂതിരി സമുദായത്തിലെ സ്ത്രീലോകജീവിതം നേരിടുന്ന ദുരിതങ്ങൾ അനാവരണം ചെയ്യാനുള്ള ആയുധമാക്കുന്നു. രാജലക്ഷ്മി സ്ത്രീയുടേതു മാത്രമായ ഒരു ലോകത്തെ കാല്പനിക ഭാഷയിൽ ആവിഷ്ക്കരിച്ചു. പി. വത്സല എഴുതിയത് സമൂഹത്തിലെ അനീതികൾക്കെതിരായാണ്. സാമൂഹ്യബോധത്തിന്റെ ഒരു ഘടകമെന്ന നിലയിലാണ് സ്ത്രീവാദം വത്സലയുടെ കൃതികളിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. മാധവിക്കുട്ടിയുടേയും സാറാ ജോസഫിന്റേയും നോവലുകളിൽ ധീരവും സത്യസന്ധവുമായ സ്ത്രീസ്വത്വാവിഷ്ക്കാരങ്ങൾ കാണാം.

പി. വത്സലയുടെ നോവലുകളിലെ സ്ത്രീവാദത്തിന്റെ അപഗ്രഥനത്തിനു മുൻപായി വത്സലയ്ക്കും മുൻപ് ശ്രദ്ധേയരായ കെ. സരസ്വതി അമ്മയുടേയും രാജലക്ഷ്മിയുടേയും നോവലുകൾ മുന്നോട്ടുവയ്ക്കുന്ന സ്ത്രീവാദപാഠങ്ങളെ വിലയിരുത്തേണ്ടതുണ്ട്.

### 3.11.1. കെ. സരസ്വതി അമ്മ

മലയാള സാഹിത്യം അന്നുവരെ ദർശിച്ചിട്ടില്ലാത്ത ഒരു പുതിയ സ്ത്രീപാഠം എഴുതിച്ചേർത്തവരാണ് കെ. സരസ്വതിഅമ്മ. ഒട്ടേറെ ചെറുകഥകളും 'പ്രേമഭാജനം' എന്ന ഒരു നോവലും ഇവരെഴുതിയിട്ടുണ്ട്.

> *"ജീവിതപ്രതിഭാസങ്ങളെ വിശേഷിച്ചും സ്ത്രീപുരുഷ ബന്ധത്തെ ഇത്രയും യുക്തിബദ്ധമായി നിർദ്ദയമായി അറുത്തുമുറിച്ച് അപഗ്രഥിക്കുന്ന കഥാകർത്രി"* [7]

എന്നാണ് എം അച്യുതൻ സരസ്വതി അമ്മയെ വിലയിരുത്തുന്നത്.

'പ്രേമഭാജനം' എന്ന നോവലിന്റെ പ്രമേയം പ്രണയത്തിന്റ വൈരുദ്ധ്യാത്മകതയാണ്. ബൂനി എന്ന കഥാപാത്രവും അനിയത്തിയും ഈ വൈരുദ്ധ്യം പ്രകടിപ്പിക്കുന്നു. പുരുഷന്റെ നിഴലിൽനിന്നു വേറിട്ട് സ്വതന്ത്രചിന്തയും ജീവിതവും പ്രകടിപ്പിക്കുന്ന ബൂനി എന്ന കഥാപാത്രത്തെ സൃഷ്ടിച്ചു എന്നതു മാത്രമല്ല ഈ നോവലിന്റെ പ്രത്യേകത. സ്ത്രീയ്ക്ക് അതുവരെ അപരിചിതമായിരുന്ന കർക്കശമായ ഒരു ഭാഷയും പുരുഷദ്വേഷമെന്ന ഭാവവും

ആദ്യമായി പ്രകടിപ്പിക്കുന്ന സ്ത്രീരചനയാണ് ഈ നോവൽ. തന്റെ യഥാർത്ഥ ഇണയെ കണ്ടെത്തുന്നതുവരെ പുരുഷന്മാരെ മാറി മാറി പരീക്ഷിക്കുന്ന ബൂനി, തന്റെ പ്രവൃത്തിക്കു സാധൂകരണം കണ്ടെത്തുന്നത് പുരാണകഥാപാത്രങ്ങളായ കുന്തിയേയും ദ്രൗപദിയേയും ഉദ്ധരിച്ചുകൊണ്ടാണ്. പൈതൃകത്തെക്കുറിച്ച് നാം നടിക്കുന്ന കാപട്യങ്ങളെയാണ് ഇവിടെ പരിഹസിക്കുന്നത്.

സ്ത്രീത്വത്തെ സംബന്ധിച്ച് നിലനിൽക്കുന്ന എല്ലാ ക്രമങ്ങളേയും ബൂനി നിരാകരിക്കുന്നു. കാമുകി, ഭാര്യ, അമ്മ എന്നീ അവസ്ഥകൾക്കു പാരമ്പര്യമായി നൽകിപ്പോന്നിട്ടുള്ള മാഹാത്മ്യങ്ങളേയും ആർദ്രതകളേയും ബൂനി നിഷേധിക്കുന്നു. പ്രസവനേരത്തെ കുഞ്ഞിന്റെ നിലവിളി അമ്മയ്ക്കാനന്ദമാണ്. ജീവിതകാലം മുഴുവൻ ഇത് തുടരുന്നു എന്ന സ്ഫോടനാത്മകമായ കണ്ടെത്തലാണ് മാതൃത്വത്തെക്കുറിച്ച് ബൂനി നടത്തുന്നത്. കാമുകിയുടെ മമത

> *"ഒരു പാത്രത്തിൽ നിന്നു വെള്ളം വാർത്തുകളയുന്നതിനേക്കാൾ എളുപ്പം മാറ്റിക്കളയാവുന്ന"*[8]

ഒന്നത്രേ ഭാര്യാപദവിയും ദീർഘകാലം നിലനിർത്തേണ്ട ഒന്നായി ബൂനി കാണുന്നില്ല. ദാമ്പത്യം നീണ്ടുപോയാൽ സ്നേഹം നശിച്ചുപോകുമെന്നു തന്നെയാണ് ബൂനി വിശ്വസിക്കുന്നത്.

ഇങ്ങനെ ചിന്തയിലും ഭാഷയിലുമെല്ലാം സ്ത്രീവാദത്തിന്റെ ഒരു പുതുരീതി അവലംബിക്കുന്ന ഈ നോവലിലൂടെ വെളിവാകുന്ന എഴുത്തുകാരിയുടെ ദർശനം ശ്രദ്ധിക്കേണ്ടതുണ്ട്. ബൂനി പ്രത്യക്ഷത്തിൽ പുരുഷവിദ്വേഷിയാണെന്ന തോന്നൽ ജനിപ്പിക്കുമെങ്കിലും അവൾ പുരുഷനെയല്ല, മറിച്ച് പുരുഷനെ അന്ധമായി ആശ്രയിക്കുന്ന സ്ത്രീകളെയാണ് വെറുക്കുന്നത്. പ്രതിസന്ധികളിൽ തളർന്ന്, വിധിയിൽ ആശ്വാസം കണ്ടെത്തുന്ന, ദുഃഖത്തെ പ്രണയിക്കുന്ന, കന്യാസ്ത്രീകളെ ബൂനി വെറുക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ജീവിതത്തെ കരുത്തോടെ നേരിടാനുള്ള ആഹ്വാനമാണ് ഈ നോവലിലുള്ളതെന്നു മനസ്സിലാക്കാം.

ബൂനിയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ പ്രണയം, പ്രണയികൾ ഒന്നിച്ച് മരണത്തിലേയ്ക്ക് ലയിക്കലാണ്. അങ്ങനെ ഒന്നായിത്തീരാൻ കെല്പുള്ള ഒരാളെ ബൂനി അവസാനം

കണ്ടെത്തുന്നു. ആരേയും ക്ഷണിക്കാതെ പ്രകൃതിയിൽ വെച്ച് വിവാഹിതരാകുന്ന അവർ അതേ സ്ഥലത്തുവച്ചുതന്നെ മരണവും വരിക്കുന്നു.

> *"പുരുഷാധിപത്യസമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന സ്ത്രീയുടെ സ്വത്വവും അനുഭവലോകവും പോരാളിയുടെ വീറോടെ അവർ അവതരിപ്പിച്ചു"*[9]

എന്നു കെ.എസ്. രവികുമാർ 'പ്രേമഭാജനം' എന്ന നോവൽ വിലയിരുത്തുന്നു. എന്നാൽ മറ്റ് ചില വസ്തുതകൾ കൂടിയുണ്ട്. ആശയതലത്തിൽ സ്ത്രീവാദത്തിന്റെ കടുത്ത പിടിവാശികൾ അവലംബിച്ച ഈ നോവൽ ആസ്വാദകതലത്തിൽ പൂർണ്ണമല്ല. ബൂനി എന്ന കഥാപാത്രം സ്ത്രീയുടെ ഒരു പുതുമാതൃകയെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും ആ കഥാപാത്രത്തിന്നൊപ്പം കഥാവസാനം വരെ സഞ്ചരിക്കാൻ എഴുത്തുകാരി ശ്രമിക്കുന്നില്ല. സമൂഹത്തെ ഒരു ആഘാത ചികിത്സയ്ക്കു വിധേയമാക്കുന്ന ഒരു കഥാപാത്ര സൃഷ്ടിയാണ് ബൂനിയിലൂടെ നോവലിസ്റ്റ് നടത്തുന്നത്. എന്നാൽ ആ കഥാപാത്രത്തിലൂടെ അടയാളപ്പെടുത്തുന്ന കഥാസന്ദർഭങ്ങളിലും കഥയുടെ സമാപ്തിയിലും എഴുത്തുകാരി തീർത്തും വിമുഖയാണ്. തന്റെ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു സൂചകം എന്ന രീതിയിലല്ലാതെ 'പ്രേമഭാജനം' എന്ന നോവലിലെ നായികാകഥാപാത്രം എന്ന രീതിയിൽ ബൂനിയെ സരസ്വതി അമ്മ പരിചയപ്പെടുത്തുന്നില്ല.

**3.11.2. രാജലക്ഷ്മി**

അമ്പതുകളിൽ മലയാള സാഹിത്യത്തിലെ ശക്തമായ സ്ത്രീസാന്നിധ്യമായിരുന്നു രാജലക്ഷ്മി. ഒട്ടേറെ ചെറുകഥകളും രണ്ട് നോവലും ഒരു അപൂർണ്ണനോവലും ഇവർ രചിച്ചിട്ടുണ്ട്. ഹൃദയദ്രവീകരണക്ഷമമായ ഭാഷയിൽ സ്ത്രീ ഹൃദയത്തേയും അഭിലാഷങ്ങളേയും മലയാളത്തിൽ ആദ്യമായി ആവിഷ്ക്കരിച്ചത് രാജലക്ഷ്മിയാണ്. സ്വകാര്യ ജീവിതവും സാഹിത്യജീവിതവും ഇത്രയധികം ലയിപ്പിച്ച മറ്റൊരു കഥാകാരിയുണ്ടാകില്ല. തന്റെ ആത്മഹത്യയുടെ ഉത്തരവാദിത്വവും എഴുത്തിലേയ്ക്കു സംക്രമിപ്പിച്ച കഥാകാരിക്ക് ഭാവനാലോകവും ജീവിതത്തിന്റെ യാഥാർത്ഥ്യലോകവും രണ്ടല്ല. ഒരു സ്ത്രീവാദിയുടെ ശക്തവും പരു

ഷവുമായ ശബ്ദങ്ങളൊന്നും തന്നെ ഇവരുടെ കൃതികളിൽ കണ്ടെത്താനാകില്ല. എന്നാൽ സമൂഹം കല്പിച്ചുവച്ചിരിക്കുന്ന യാഥാസ്ഥിതിക മൂല്യങ്ങളോടുള്ള വിപ്രതിപത്തി ഇവരുടെ കഥാപാത്രങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്. 'ഒരു വഴിയും കുറേ നിഴലുകളും' എന്ന നോവലിലെ രമണി എന്ന മണി തന്റെ ഗൃഹാന്തരീക്ഷത്തിലെ കർശന അധികാരിയായ അച്ഛനെ നിരാകരിക്കാനോ നിഷേധിക്കാനോ ശ്രമിക്കുന്നുണ്ട്. ഇഷ്ടപ്പെട്ട പുരുഷനെ സ്വീകരിക്കുക എന്നത് ഒരു വ്യക്തിയെ കുടുംബത്തിൽ നിന്നേ നിഷ്ക്കാസിതയാക്കേണ്ട തെറ്റാണെന്നു വിധിക്കുന്ന സാമൂഹ്യനീതിയോടു പൊരുത്തപ്പെടാൻ രമണിയ്ക്കാകുന്നില്ല. പെങ്ങളെ വീട്ടിൽ നിന്നും പുറത്താക്കിക്കൊണ്ട് ഈ തെറ്റ് ചെയ്ത അച്ഛനോട്, പുറത്താക്കപ്പെട്ട കുടുംബവുമായി സ്നേഹബന്ധം സ്ഥാപിച്ച് രമണി പ്രതിഷേധിക്കുന്നു. പിന്നീടവൾ എത്തിപ്പെടുന്ന കലാലയാന്തരീക്ഷത്തിലെ നാഗരികതയോടും കൃത്രിമത്വങ്ങളോടും രമണിയ്ക്ക് സമരസപ്പെടാനാകുന്നില്ല. ചിന്താപരമായ ഔന്നത്യവും ബൗദ്ധികമായ ഔന്നത്യവുമുള്ള സ്ത്രീയെ അംഗീകരിക്കാത്ത ആ കലാലയത്തിന്റെ അന്തരീക്ഷത്തിൽ അവൾക്കു ലഭിക്കുന്ന സൗഹൃദങ്ങളെല്ലാം തന്നെ ശാരീരിക ഭ്രമത്തിൽ ഒതുങ്ങുന്നതായിരുന്നു. നോവലിന്റെ അവസാനത്തിൽ രമണി ചെയ്യുന്നതു ഒരു പിൻമടക്കമാണ്. സ്വകാര്യ ജീവിതത്തേയും ഔദ്യോഗിക ജീവിതത്തേയും കുറിച്ചുണ്ടായിരുന്ന ഉയർന്ന സ്വപ്നങ്ങളിൽ നിന്നെല്ലാം രമണി പിൻമടങ്ങുന്നു. രോഗിയായ അപ്പേട്ടന്റെ ജീവിതത്തിലേയ്ക്കുള്ള ഈ വരവിൽ ഒരു ത്യാഗിയുടെ മനസ്സല്ല രമണിക്കുള്ളത്. രമണിയിൽ ദർശിക്കാവുന്ന മുഖം ഒരു മസോക്കിസ്റ്റിന്റേതാണ്.

'ഞാനെന്ന ഭാവം' എന്ന നോവലിൽ നിറഞ്ഞുനിൽക്കുന്നത് പ്രൗഢയായ അമ്മിണി ഓപ്പോളാണ്. ഓപ്പോളുടെ ഞാനെന്ന ഭാവത്തെ സ്ത്രൈണമായ സ്നേഹവാത്സല്യഭാവങ്ങൾ കീഴടക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്. ഇവിടേയും ഒരു പിൻമടക്കമുണ്ട്. സ്ത്രൈണസത്തയിലേയ്ക്കുള്ള പിൻമടക്കമാണ് ഇവിടെ സംഭവിക്കുന്നത്.

ഏറ്റവും ശ്രദ്ധേയമാകുമായിരുന്ന മൂന്നാമത്തെ നോവൽ അപൂർണ്ണമാണ്.

രമണി എന്ന കഥാപാത്രത്തെ മുൻനിർത്തി പറയുകയാണെങ്കിൽ പ്രതിസന്ധികളിൽ പലായനം ചെയ്യുന്നവരാണ് രാജലക്ഷ്മിയുടെ പല കഥാപാത്രങ്ങളും എന്നു കാണാം.

എം.ടി.യുടെ അഭിപ്രായം ശ്രദ്ധേയമാണ്.

> *"രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ ആത്മാവിന്റെ കല്ലറകളിലെ തടവുകാരാണ്. രക്ഷപ്പെടാനുള്ള വെമ്പലോടെ കിളിവാതിലിലൂടെ ഞെങ്ങിഞെരുങ്ങി പുറത്തുചാടാൻ പാടുപെടുന്നവർ".*[10]

ഈ രണ്ടു നോവലിസ്റ്റുകളുടെ നോവലുകളിൽനിന്നും വായിച്ചെടുക്കാവുന്ന സ്ത്രീവാദപാഠങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1) മലയാള നോവലുകളിൽ അന്നുവരെയുണ്ടായിരുന്ന പരമ്പരാഗത സ്ത്രീ മാതൃകകളെ പിൻതള്ളി. പുരുഷന്റെ ഇച്ഛയ്ക്കും താൽപര്യത്തിനുമനുസരിച്ച് വാർത്തെടുത്ത സുന്ദര സ്ത്രീ മാതൃകകളിൽ നിന്നും വ്യത്യസ്തരായ സ്ത്രീരൂപങ്ങളെ സൃഷ്ടിച്ചു. ഇവ സ്ത്രീ സ്വയം ആവിഷ്ക്കരിക്കപ്പെടാൻ ആഗ്രഹിക്കുന്ന രൂപമാതൃകകളാണ്.

2) സരസ്വതി അമ്മ, തന്റെ നോവലിലെ നായികയെ സ്ഫോടനാത്മകമായ ആശയങ്ങളുടെ പ്രതീകമായി ഉപയോഗിച്ചു. എന്നാൽ കഥാപാത്രസൃഷ്ടിയിൽ ആദ്യന്തം ആശയങ്ങളുടേയും പ്രവൃത്തികളുടേയും തുലനം നിലനിർത്താനായില്ല.

3) സ്ത്രീകൾക്കു സ്വന്തമായി സ്വപ്നങ്ങളുണ്ടെന്നു സാക്ഷ്യപ്പെടുത്തുന്നവയാണ് രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ. അതുകൊണ്ടുതന്നെ കാല്പനികമായ ഒരു ലോകത്തിനപ്പുറത്തുള്ള ജീവിതയാഥാർത്ഥ്യങ്ങളും പ്രതിസന്ധികളും നേരിടാൻ ഈ കഥാപാത്രങ്ങൾ തയ്യാറാകുന്നില്ല.

4) സരസ്വതി അമ്മ തന്റെ ആശയങ്ങൾക്കു ചേർന്ന ഉദ്ധതമായ ഒരു ഭാഷാശൈലി അനുവർത്തിക്കുന്നു. രാജലക്ഷ്മി കഥാപാത്രങ്ങളുടെ സ്വപ്നങ്ങളും ചിന്തകളും തന്റെ തന്നെ സ്വപ്നങ്ങളും ചിന്തകളുമായി ഏറ്റെടുക്കുന്നതുകൊണ്ട് ഏറെ പാരായണക്ഷമമായ, ആത്മാർത്ഥത കൊണ്ട് അതിശയിപ്പിക്കുന്ന ഒരു ശൈലിയിൽ എഴുതിയിരിക്കുന്നു.

5) സരസ്വതി അമ്മ തന്റെ ആശയങ്ങളുടെ പ്രതീകങ്ങളായി കഥാപാത്രങ്ങളെ കാണുന്ന

തിനാൽ ആസ്വാദക സമക്ഷത്തിലേയ്ക്കു നിസ്സംഗമായാണ് പാത്രങ്ങളെ മാറ്റിനിർത്തുന്നത്. രാജലക്ഷ്മിക്കു കഥാപാത്രങ്ങൾ സ്വന്തം ജീവിതത്തിന്റെ സൂചകങ്ങൾതന്നെയായതിനാൽ, കഥാപാത്രങ്ങളേയും തന്നെപ്പോലെ ഏകാന്ത സഞ്ചാരിണികളാക്കി മാറ്റുന്നു.

6) ചുരുക്കത്തിൽ സരസ്വതി അമ്മ മുന്നോട്ടുവയ്ക്കുന്ന സ്ത്രീവാദം ആശയതീവ്രത കൊണ്ടും നിർബന്ധ ബുദ്ധികൊണ്ടും, രാജലക്ഷ്മിയുടെ നോവലുകളിലെ സ്ത്രീവാദം അതിന്റെ കാല്പനികസ്വഭാവങ്ങൾ കൊണ്ടും പ്രായോഗിക തലത്തിൽ അപര്യാപ്തങ്ങളാണ്.

## 3.12. പി. വത്സലയുടെ നോവലുകളിലെ സ്ത്രീവാദം

സാമൂഹ്യ സാമുദായിക പ്രശ്നങ്ങൾ ഉത്തരവാദിത്വത്തോടെ പ്രതിപാദിക്കുന്നവയാണ് വത്സലയുടെ നോവലുകൾ. സ്ത്രീവാദത്തെ സാമൂഹ്യപ്രശ്നത്തിന്റെ ഭാഗമെന്ന നിലയിലാണ് വത്സല ആവിഷ്ക്കരിക്കുന്നത്. അപ്പോഴും സ്ത്രീസമസ്യകളെ സ്ത്രീയായി നിന്നുകൊണ്ട് കാണാനുള്ള ശ്രമങ്ങൾ വത്സല നടത്തുന്നുണ്ട്. തന്റെ എഴുത്തിനെക്കുറിച്ച് നോവലിസ്റ്റ് തന്നെ സാക്ഷ്യപ്പെടുത്തുന്നത്, ഈ വസ്തുത തെളിയിക്കുന്നു.

> *"സ്ത്രീയെ ഒരു രണ്ടാംകിട പൗരയായി മാത്രം കാണുന്ന സമുദായത്തോടുള്ള വെല്ലുവിളിയാണ് എന്റെ എഴുത്ത്"*[11]

മഹത്വവൽക്കരണമോ ആദർശപ്രഖ്യാപനങ്ങളോ ഇല്ലാതെ സ്ത്രൈണസത്തയുടെ നിലപാടുകളെ വെളിപ്പെടുത്തുവാൻ വത്സലയുടെ രചനകൾക്കു കഴിഞ്ഞിട്ടുണ്ട്. സ്ത്രീവാദത്തിന്റെ താത്ത്വിക പ്രമാണങ്ങളോട് പ്രത്യക്ഷത്തിൽ നിസ്സംഗത പുലർത്തുന്ന ഈ കൃതികളിൽ പരിചയപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾ സമൂഹത്തോടും കുടുംബത്തോടും തികഞ്ഞ ഉത്തരവാദിത്വമുള്ളവരാണ്. സമൂഹത്തിലെ വർഗ്ഗ, വർണ്ണ, ആർത്ഥിക ഘടകങ്ങളുടെ ഉച്ചനീചത്വങ്ങൾ സ്ത്രീയെ ബാധിക്കുന്നുണ്ട്. പുരുഷമേൽക്കോയ്മയുടെ ഒപ്പം ഈ ഘടകങ്ങളും ചേർന്നാണ് സ്ത്രീയെ ചൂഷണത്തിനിരയാക്കുന്നത്. ഇവയെയെല്ലാം നിശ്ചയദാർഢ്യത്തോടെ അഭിമുഖീകരിക്കുന്ന സ്ത്രീകഥാപാത്രങ്ങളെ വത്സലയുടെ നോവലുകളിൽ കണ്ടെത്താം. ഇവരുയർത്തുന്ന സ്ത്രീവാദത്തിൽ പലപ്പോഴും പ്രതിസ്ഥാനത്തു നിർത്തി

ചോദ്യം ചെയ്യുന്നത് പുരുഷനെയല്ല, മറിച്ച് പുരുഷ കേന്ദ്രിത നിലപാടുകളെയാണ്. സമൂഹത്തിൽ സ്ത്രീയ്ക്കും പുരുഷനും സ്വതന്ത്രമായ നിലനിൽപ് ലക്ഷ്യമിടുന്ന വത്സലയുടെ നോവലുകളിൽ സ്ത്രീ നടത്തുന്ന കലഹങ്ങളിൽ പുരുഷൻ പങ്കുചേരുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നുണ്ട്.

## 3.13. വത്സലയുടെ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങൾ

പി. വത്സലയുടെ ആദ്യനോവലായ 'തകർച്ച'യിലെ നായിക സരസു ഒരു ശരാശരി കുടുംബത്തിലെ അംഗമാണ്. കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കേണ്ടിവരുന്ന സരസു അപ്രതീക്ഷിതങ്ങളായ ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നു. ഒരു ശരാശരി മധ്യവർഗ്ഗ കുടുംബത്തിന്റെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ തന്നെയാണ് സരസുവിന് മുമ്പിലുള്ളതും. എഴുപതുകളിലെ ഒരു നല്ല സാമൂഹ്യനോവൽ എന്നു വിലയിരുത്തപ്പെട്ട 'നെല്ലി'ൽ ഭൂരിഭാഗവും ആദിവാസി കഥാപാത്രങ്ങളാണ്. നായികയായ മാരയ്ക്കുപുറമെ കുറുമാട്ടി, വാരസ്യാർ എന്നീ കഥാപാത്രങ്ങളും ശ്രദ്ധേയരാണ്. അടിയാത്തി എന്ന നിലയിൽ മേലാളന്റേയും ഗോത്രവർഗ്ഗത്തിലെ ഒരംഗം എന്ന നിലയിൽ ഗോത്രവിലക്കുകളുടേയും സ്ത്രീയെന്ന നിലയിൽ സമൂഹത്തിലെ പുരുഷകേന്ദ്രിത നിയമങ്ങളുടേയും ചൂഷണങ്ങൾക്ക് മാര വിധേയയാകുന്നു. ഇവയ്ക്കെല്ലാമെതിരെ പോരാടി നിൽക്കുന്നില്ലെങ്കിലും വ്യത്യസ്ത പരീക്ഷണ സാഹചര്യങ്ങളിൽ തളരാതെ നിൽക്കാനുള്ള കരുത്ത് മാര പ്രദർശിപ്പിക്കുന്നുണ്ട്. അടിയാളരെ മനുഷ്യരായി കാണാൻ കൂട്ടാക്കാത്ത, പുത്രവാത്സല്യം കൊണ്ട് അന്ധയായ ഒരു സാധാരണ മേലാള സ്ത്രീ മാതൃകയാണ് വാരസ്യാർ. തിന്മകളുടെ അവതാരമായാണ് കുറുമാട്ടി നോവലിൽ പ്രത്യക്ഷപ്പെടുന്നത്. 'ആഗ്നേയ'ത്തിലെ നങ്ങേമ തന്റെ ആർജ്ജവത്താലും പ്രഭാവത്താലും ആ നോവലിലെ മറ്റെല്ലാ കഥാപാത്രങ്ങളേയും നിഷ്പ്രഭരാക്കുന്നു. ചെറുപ്പത്തിലേ വിധവയായ നങ്ങേമ ജീവിക്കാൻ വേണ്ടി വയനാട്ടിലെത്തുന്നു. മറ്റാരുടേയും ഔദാര്യത്തിനു കാത്തുനിൽക്കാതെ സ്വന്തം പ്രയത്നം കൊണ്ട് അവർ വയനാട്ടിലെ കടമില്ലാത്ത ഏക ജന്മിയായി. പക്ഷേ മകന്റെ ആദർശങ്ങളും പ്രവർത്തനങ്ങളും നങ്ങേമയെ അഗ്നിപരീക്ഷണങ്ങൾക്കു വിധേയയാക്കുന്നു. ജീവിതയാഥാർത്ഥ്യങ്ങളോട് അക്ഷരാർത്ഥത്തിൽത്തന്നെ പോരാടി നിൽക്കുന്ന കഥാപാത്രമാണ് നങ്ങേമ. ഒരിടത്തും

തോൽക്കാനിഷ്ടപ്പെടാത്ത ഇവർ കർമ്മങ്ങൾ കൊണ്ട് വിധിയെ വെല്ലുവിളിക്കുന്നു. 'നിഴലുറങ്ങുന്ന വഴി'കളിലെ മാധവിയും 'അരക്കില്ല'ത്തിലെ സാവിത്രിയും ദാമ്പത്യത്തിന്റെ തടവറകളിൽ അടയ്ക്കപ്പെട്ടവരാണ്. തങ്ങളുടെ അവസ്ഥകളിൽ മനസ്സിൽ പ്രതിഷേധം ഉയരുന്നുണ്ടെങ്കിലും കഥാവസാനത്തിൽ ഇരുവരും സാഹചര്യങ്ങളുടെ അനിവാര്യതകൾക്കു വഴങ്ങിക്കൊടുക്കുന്നു. 'കൂമൻകൊല്ലി'യിലെ പ്രധാന കഥാപാത്രമായ സുനന്ദ പ്രത്യക്ഷത്തിൽ ആരേയും മോഹിപ്പിക്കുന്ന സ്വാതന്ത്ര്യവും സൗകര്യങ്ങളും ഉള്ളവളാണ്. എന്നാൽ യഥാർത്ഥത്തിൽ 'കൂമൻകൊല്ലി' എന്ന സ്ഥലനാമം സൂചന നൽകുന്ന, രക്ഷപ്പെടാനാകാത്ത, ഏകാന്തതയുടെ അഗാധഗർത്തങ്ങളിലാണ് സുനന്ദ. വിധിയെന്നു വിളിക്കാവുന്ന ഒന്നിനോടാണ് സുനന്ദ ഏറ്റുമുട്ടുന്നത്. ഭ്രമാത്മകമായ ഭൂമിശാസ്ത്ര പശ്ചാത്തലമുള്ള 'ഗൗതമൻ' എന്ന നോവലിൽ കഥാപാത്രങ്ങൾ തന്നെ പരിമിതമാണ്. ഇതിലെ ശ്രദ്ധേയമായ ഒരേയൊരു സ്ത്രീകഥാപാത്രം നന്ദിനിയാണ്. ഇവൾ ജീവിതത്തിലെ പ്രശ്നങ്ങളെ തനിയെ അഭിമുഖീകരിക്കുകയും അവയെ സ്വയംതന്നെ നിർദ്ധാരണം ചെയ്യുകയും ചെയ്യുന്നു. 'ആരും മരിക്കുന്നില്ല' എന്ന നോവലിലെ ഗിരിജ ഭർത്തൃഗൃഹത്തിലെ വ്യത്യസ്ത സാഹചര്യങ്ങൾ കണ്ടും അറിഞ്ഞു ജീവിക്കുമ്പോൾ, അവളിൽ ഉയരുന്ന ചിന്തകളും വാക്കുകളും പ്രവൃത്തികളും സവിശേഷ ശ്രദ്ധ അർഹിക്കുന്നു. കുടുംബവും സമൂഹവും എങ്ങനെയാകണം എന്നതിനെക്കുറിച്ചുള്ള സ്ത്രൈണ സങ്കല്പങ്ങൾ ഈ കഥാപാത്രം വെളിപ്പെടുത്തുന്നുണ്ട്. 'ചാവേർ' എന്ന നോവൽ കഥാപാത്രങ്ങളെക്കൊണ്ടും കഥാസന്ദർഭങ്ങളെക്കൊണ്ടും നിബിഡമാണ്. ഇതിലെ സ്ത്രീകഥാപാത്രങ്ങളോരോരുത്തരും ഭാര്യ, കാമുകി, വെപ്പാട്ടി എന്നീ സ്ഥാനങ്ങളിലിരുന്നുകൊണ്ട് ആ അവസ്ഥകളിൽ അവരനുഭവിക്കുന്ന മാനഹാനികളിൽ പ്രകോപിതരാകുന്നതു കാണാം. 'നമ്പരുകൾ' എന്ന നോവൽ സാമൂഹ്യ സാമ്പത്തിക തലങ്ങളിൽ താഴ്ന്ന നിലയിലുള്ള സ്ത്രീകളെയാണ് ചിത്രീകരിച്ചിരിക്കുന്നത്. അമ്മിണി, നാരായണി, സുന്ദരി, രാധ എന്നിവരോരുത്തരും കുടുംബം, ഭാര്യ, കുലത്തൊഴിൽ എന്നിവയുടെ വഴക്കങ്ങളെ മറികടക്കാനാഗ്രഹിക്കുന്നവരാണ്. സ്ത്രീകൾ മാത്രമുള്ള ഒരു സാമൂഹ്യാന്തരീക്ഷത്തെ, പെൺപള്ളിക്കൂടത്തെ ചിത്രീകരിക്കുന്നു എന്നതുതന്നെയാണ് 'പാളയം' എന്ന നോവലിന്റെ പ്രസക്തി. 'റോസ്മേരിയുടെ ആകാശങ്ങളി'ലെ റോസ്മേരിക്കും ആലീസിനും

സ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീസ്വത്വത്തെക്കുറിച്ചും വളരെ വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. സംരക്ഷണം, സുരക്ഷിതത്വം, സേവനം എന്നീ നാട്യങ്ങളിലൂടെ വ്യക്തിത്വത്തിനു നിത്യപാരതന്ത്ര്യം നൽകുന്ന മതസ്ഥാപനങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങളോട്, സമൂഹത്തിലെ ആർത്ഥിക വർണ്ണ വർഗ്ഗവിവേചനങ്ങളോട് ഇവർ രണ്ടുപേരും ഒരുപോലെ കലഹിക്കുന്നു.

ഇങ്ങനെ സാമ്പത്തികമായും സാംസ്ക്കാരികമായും ബൗദ്ധികമായും സമൂഹത്തിലെ പല തലങ്ങളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നവരാണ് വത്സലയുടെ സ്ത്രീകഥാപാത്രങ്ങൾ. ഇവരിലൂടെ സ്ത്രീകളുടെ വിവിധങ്ങളായ പ്രശ്നങ്ങളും പ്രതിസന്ധികളും ആവിഷ്കൃതമാകുന്നു. ഇപ്രകാരം സ്ത്രൈണതയുടെ വൈവിധ്യം ഉൾക്കൊള്ളുന്നതുകൊണ്ട് സ്ത്രീസ്വത്വത്തിന്റെ സമഗ്രഭാവങ്ങളുടെ ആവിഷ്ക്കരണം വത്സലയ്ക്കു സാധ്യമാകുന്നു.

## 3.14. വത്സലയുടെ നോവലുകളിലെ സ്ത്രീവാദത്തിനു പ്രധാനമായും മൂന്നു തലങ്ങളുണ്ട്

1) സ്ത്രീ നേരിടുന്ന ചൂഷണങ്ങളുടെ വെളിപ്പെടുത്തലും പ്രതിരോധങ്ങളും.
2) സ്വത്വസ്ഥാപനത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ.
3) സാമൂഹ്യ അനീതിക്കെതിരായുള്ള പോരാട്ടങ്ങൾ.

## 3.15. സ്ത്രീ നേരിടുന്ന ചൂഷണങ്ങളുടെ വെളിപ്പെടുത്തലും പ്രതിരോധങ്ങളും

സമൂഹത്തിൽ സ്ത്രീയായി ജനിച്ചതുകൊണ്ട് മാത്രം നേരിടേണ്ടിവരുന്ന ഒട്ടേറെ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. സ്ത്രീവാദം എന്നും ഊന്നുന്നത് ഇത്തരം വിഷയങ്ങളെയാണ്. സമൂഹത്തിൽ പൊതുവായി സ്ത്രീ രണ്ടുതരം ചൂഷണങ്ങളെ നേരിടുന്നു.

1) *ലൈംഗിക ചൂഷണം*
2) കായികചൂഷണം

ഇവ നടക്കുന്ന രീതികളും സാഹചര്യങ്ങളും ഇവയോടുള്ള പ്രതിരോധങ്ങളും വത്സലയുടെ നോവലുകളിൽ കാണാം.

### 3.15.1. ലൈംഗിക ചൂഷണങ്ങൾ

ഗാർഹിക അന്തരീക്ഷത്തിലും തൊഴിലിടങ്ങളിലും സ്ത്രീ ഒരുപോലെ ലൈംഗിക ചൂഷണത്തിനു വിധേയയാകുന്നുണ്ട്. എന്നാൽ ഇത്തരം ചൂഷണങ്ങളോട് സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ ധാരണ, ഇവ സ്ത്രീകൾതന്നെ ക്ഷണിച്ചുവരുത്തുന്നവയാണെന്നാണ്. പുരുഷമേൽക്കോയ്മാ സമൂഹം കല്പിച്ചനുവദിച്ചിരിക്കുന്ന സ്ത്രീമാതൃകകളെ പിന്തുടരുന്നവർക്ക് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകില്ല എന്നു ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങളും കാണാം. സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഇപ്രകാരമാണ്;

> *"ചാരിത്രവതിയായ ഒരു സ്ത്രീ തന്റെ ഭർത്താവൊഴികെയുള്ള എല്ലാ പുരുഷന്മാരേയും അമ്മ കുട്ടിയെ എന്ന പോലെ വീക്ഷിക്കുകയാണെങ്കിൽ പുരുഷന്മാർ എത്ര തന്നെ നികൃഷ്ടരായാലും അവർക്കു വിശുദ്ധിയുടെ പരിവേഷമേ സ്ത്രീയിൽ ദർശിക്കാനാകൂ"*[12]
>
> *"സ്ത്രീകൾ തങ്ങളെ തങ്ങൾ തന്നെ രക്ഷിക്കേണ്ടതാകുന്നു"*[13]

എന്നു മനുസ്മൃതിയും അനുശാസിക്കുന്നുണ്ട്.

സ്ത്രീയ്ക്കുനേരെ നടക്കുന്ന ലൈംഗിക ചൂഷണങ്ങൾക്കു സ്ത്രീയെത്തന്നെ അപരാധിനിയാക്കുന്ന സമൂഹത്തിന്റെ രീതികളിലേയ്ക്കാണ് ഈ വാക്കുകൾ വിരൽ ചൂണ്ടുന്നത്.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സ്ത്രീ ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യങ്ങളുടെ നിജപരിസരങ്ങൾ വത്സല ആവിഷ്ക്കരിക്കുന്നുണ്ട്. ഗൃഹപരിസരത്തായാലും തൊഴിലിടങ്ങളിലായാലും സ്ത്രീയുടെ രണ്ടവസ്ഥകളെ മുതലെടുത്താണ് ലൈംഗിക ചൂഷണം നടക്കുന്നത്.

1) ദാരിദ്ര്യം

2) അനാഥത്വം.

#### 3.15.1.1. ദാരിദ്ര്യം

കുടുംബത്തിന്റെ നടത്തിപ്പ് സ്ത്രീയിൽ അധിഷ്ഠിതമാകുന്ന സന്ദർഭത്തിൽ സ്ത്രീകൾ,

വിശേഷിച്ചും സമ്പദ്ഘടനയിലെ താഴേക്കിടക്കാരായ സ്ത്രീകൾ, അരക്ഷിതമായ തൊഴിൽ മേഖലകളിലേയ്ക്കു പോകുവാൻ നിർബന്ധിതരാകുന്നു. കുഞ്ഞുങ്ങളുടെ വിശപ്പിന്റെ നില വിളികളാണ് പലപ്പോഴും അവരെ ഇവിടെ എത്തിക്കുന്നത്. തന്റേയും കുഞ്ഞുങ്ങളുടേയും വിശപ്പ് സഹിക്കാനാകാതെ 'നമ്പരുകളി'ലെ നാരായണി തെറ്റുകളിലേയ്ക്കു വീഴുന്നുണ്ട്. കുഞ്ഞുങ്ങളുടെ വിശപ്പെന്ന പ്രശ്നത്തെ ഒരു ദിവസം യാദൃച്ഛികമായി തന്റെ ശരീരംകൊണ്ട് നിർദ്ധാരണം ചെയ്യുന്ന നാരായണി പിന്നീടിത് ഒരു പതിവാക്കി മാറ്റുന്നു. പതിവ്രതയായി രുന്ന നാരായണിയുടെ ഈ അധഃപതനത്തിൽ അവളെ അപരാധിനിയാക്കുവൻ സാധ്യമല്ല.

സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന കുടുംബത്തെ രക്ഷിക്കുവാൻ ട്രെയിനിംഗ് കോഴ്സിനു പോകുകയാണ് 'തകർച്ച'യിലെ സരസു. സാമ്പത്തിക പ്രശ്നങ്ങളാൽ പഠനം തുടരാനാകാത്ത അവസ്ഥയിൽ ബന്ധുവായ സുഭദ്രേടത്തിയാണ് വസ്ത്രങ്ങളും താമസ സൗകര്യങ്ങളും നൽകി അവളെ സഹായിക്കുന്നത്. വാറ്റുചാരായ വില്പന നടത്തുന്ന അവരുടെ ഗൃഹാന്തരീക്ഷവുമായി സരസുവിനു പൊരുത്തപ്പെടാനാകുന്നില്ലെങ്കിലും തന്റേയും വീടിന്റേയും അവസ്ഥയോർത്ത് അവൾ അതിനു ശ്രമിക്കുന്നു. അവിടെ അതിഥി യായി വരാറുള്ള ധനികന്റെ ഔദാര്യമായിരുന്നു സുഭദ്രേടത്തി നൽകിയ സൗജന്യങ്ങൾ എന്ന് സരസു തിരിച്ചറിയുന്നത് വളരെ വൈകിയാണ്. തകർന്നുകൊണ്ടിരിക്കുന്ന തന്റെ വീട്ടിലേയ്ക്കു സരസു അവസാനം തിരിച്ചുപോകുന്നു. ഇരുട്ടിലേയ്ക്കുള്ള ഒരു യാത്രയാണ് അതെന്നറിഞ്ഞിട്ടും സരസു അതു ചെയ്യുന്നത് തന്റെ നിസ്സഹായാവസ്ഥയെ ചൂഷണം ചെയ്തു അടിമയാക്കാൻ ശ്രമിക്കുന്ന വാസുമേനോനോട് വഴങ്ങാൻ മനസ്സില്ലാത്തതുകൊ ണ്ടാണ്. ആർത്ഥിക ഘടകങ്ങൾക്കുമേൽ ആത്മാഭിമാനത്തിന്റെ സ്ഥാപനമാണ് സരസു നട ത്തുന്നത്. അതുകൊണ്ടുതന്നെ കഥാപാത്രം സൂചിപ്പിക്കുന്നതുപോലെ, തീർത്തും തകർച്ച യിലേയ്ക്കുള്ള യാത്രയാണ് അവർ നടത്തുന്നതെന്ന് പറയുക വയ്യ.

താഴ്‌വരയിൽ നിന്നു കാടും മലയും കയറിവരുന്ന മേലാളനെ സംബന്ധിച്ചിടത്തോളം അടിയാന്റെ മണ്ണും പെണ്ണും ചോദ്യങ്ങളില്ലാതെ അനുഭവിക്കാനുള്ളവയാണ്. കൊടുംവറു തിയുടെ ദിവസങ്ങൾ അനന്തമായി നീളുമ്പോഴാണ് ആദിവാസി സ്ത്രീകളും ഇത്തരം ചൂഷ ണത്തിൽ പെട്ടുപോകുന്നത്.

3.15.1.2. അനാഥത്വം

ലൈംഗിക ചൂഷണങ്ങൾക്കു പരിസരമൊരുക്കുന്ന മറ്റൊരു ഘടകം സ്ത്രീകളനുഭവി ക്കുന്ന അനാഥത്വമാണ്. യുവവിധവയായ നങ്ങേമ ജീവിക്കാനുള്ള മാർഗ്ഗം തേടിയാണ് ജ്യേഷ്ഠത്തിയുടെ വീട്ടിൽ അഭയാർത്ഥിനിയായി എത്തുന്നത്.

*"ഇവിടെ ഉള്ളതെല്ലാം നങ്ങേമയ്ക്കു കൂടിയാണ്"*[14]

എന്ന ജ്യേഷ്ഠന്റെ വാക്കുകളിലെ ധ്വനി നങ്ങേമ മനസ്സിലാക്കുന്നുണ്ട്. ആ അശരണാവ സ്ഥയിലും സംരക്ഷകനായ ജ്യേഷ്ഠനെ ഒഴിവാക്കാൻ നങ്ങേമയ്ക്കു കഴിയുന്നുണ്ട്.

*"ഞാനെന്തു ചെയ്യണം? ഇപ്പോൾ ഈ വീട്ടിൽ നിന്നിറങ്ങണോ?"*[15]

എന്നു ജ്യേഷ്ഠനെ നങ്ങേമ നിരാകരിക്കുന്നു. ജീവിതത്തിൽ തോൽക്കാൻ ഇഷ്ട പ്പെടാത്ത നങ്ങേമയെ വിധേയയാക്കുവാൻ ആർക്കും സാധ്യമല്ല.

രോഗിയായ ഭർത്താവിന്റെ ഭാര്യാപദവിയിലിരുന്നുകൊണ്ട് അനാഥത്വം അനുഭവിക്കുന്ന വളാണ് 'അരക്കില്ല'ത്തിലെ സാവിത്രി. അവൾക്കു, ഭർത്താവിനേയും അങ്ങനെ ഒട്ടേറെ സ്വത്തുക്കളും, ഉണ്ടാക്കിക്കൊടുത്ത അച്യുതൻ അവളുടെ ഈ അവസ്ഥയെ മുതലെടുക്കു ന്നുണ്ട്. ഭർത്താവിന്റേയും ആരോഗ്യമില്ലാതെ പിറന്ന കുഞ്ഞിന്റേയും മരണത്തിനുശേഷം

*"എന്നെ കൊന്നോളൂ, അല്ലെങ്കിൽ ഇവിടം വിട്ടുപോകാനനുവദിക്കൂ"*[16]

എന്ന് അച്യുതനോട് സാവിത്രി അഭ്യർത്ഥിക്കുന്നുണ്ട്.

*"ഇതും രണ്ടും ചെയ്യില്ല. രണ്ടായാലും എനിക്കു നഷ്ടമുണ്ടാക്കുന്ന കാര്യമാണ്"*[17]

എന്ന് അയാൾ ഇതിനു മറുപടി പറയുന്നു.

പക്ഷേ സ്വത്തിന്റേയും അച്യുതന്റെ സംരക്ഷണയുടേയും പ്രലോഭനങ്ങളെ അതിജീവിച്ച് സാവിത്രി അവിടം വിട്ടുപോകുന്നു.

സമാനമായ ഒരു അനുഭവമാണ് ' റോസ്മേരിയുടെ ആകാശങ്ങ'ളിലെ റോസ്മേരിയു

ടേതും. സാവിത്രിയെപ്പോലെ റോസ്മേരിയും പ്രത്യക്ഷത്തിൽ അനാഥയോ അരക്ഷിതയോ അല്ല. അപ്പനും അമ്മയും എല്ലാമടങ്ങുന്ന കുടുംബം അവൾക്കുണ്ട്. പക്ഷേ മാനസികമായി വല്ലാത്തൊരു അനാഥത്വം അവൾ അനുഭവിക്കുന്നുണ്ട്. അവളുടെ അനുഭവങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു. രാത്രിയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന ആക്രമണത്തിൽ അവൾ കരഞ്ഞുവിളിക്കുമ്പോൾ കേട്ടത്.

*"ആരെയാണെടീ നീ വിളിക്കുന്നത്. കാൽപ്രാണനില്ലാത്ത തള്ളയേയോ".*[18]

രക്ഷകൻ ശിക്ഷകനാകുന്ന ഈ സന്ദർഭം സമൂഹത്തിൽ സ്ത്രീ നേരിടുന്ന അരക്ഷിതാവസ്ഥയുടെ അതിദയനീയമായ മുഖത്തെയാണ് വെളിപ്പെടുത്തുന്നത്. റോസ്മേരിയും ദുർവിധിക്കു കീഴടങ്ങി ഒതുങ്ങിയിരിക്കുന്നില്ല. തിക്തമായ ഈ ലൈംഗികാക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ടുള്ള പ്രയാണം അവളെ ശാരീരികമായി ദൂരെ ബീഹാർവരേയും മാനസികമായി സാമൂഹ്യബോധത്തിന്റെ ഉയർന്ന തലങ്ങളിലേയ്ക്കും എത്തിക്കുന്നു.

ചുരുക്കത്തിൽ ഈ കഥാപാത്രങ്ങളെല്ലാംതന്നെ അനുഭവങ്ങളിൽ നിന്നു പാഠങ്ങളുൾക്കൊണ്ട് നിരന്തര ചൂഷണങ്ങൾക്കു വിധേയരാകാതെ രക്ഷപ്പെടുന്നവരാണ്. നങ്ങേമയുടേയും സാവിത്രിയുടേയും റോസ്മേരിയുടേയും ജീവിതസന്ദർഭങ്ങൾ വൈയക്തിക തലത്തിൽ ഒതുങ്ങുന്നതാണെങ്കിൽ ഇതേ സന്ദർഭങ്ങൾക്കു സാമൂഹ്യരാഷ്ട്രീയ മാനങ്ങൾ കൂടി ഉൾപ്പെടുത്തി വായിക്കേണ്ടവയാണ് 'നെല്ലും', 'കൂമൻകൊല്ലി'യും 'ഗൗതമനും'.

*"ഇവിടത്തെ മേലാളന്മാരുടേതായ ആ നോട്ടം, അടിയാത്തികളെ ഒറ്റയ്ക്കു കാണുമ്പോഴുള്ള നോട്ടം. ഇതെവിടുന്നു കിട്ടി? എന്ന്? പേമ്പിയും കാളിയും ജവനിയുമൊക്കെ അത്തരം നോട്ടങ്ങൾക്കു കീഴടങ്ങിയവരാണ്".*[19]

എന്നു മാര അത്ഭുതപ്പെടുന്നുണ്ട്.

ആദിവാസി സ്ത്രീകളെല്ലാം ഒരു തുണ്ടു പുകയിലയ്ക്കോ അരച്ചാൺ വയറിനെ പുലർത്താനോ വേണ്ടിയാണ് പിഴയ്ക്കപ്പെടുന്നതെന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ ഇതു തീർത്തും ശരിയല്ല. വേറെയും കാരണങ്ങളുണ്ട്. രാഘവൻ നായർ എന്ന കഥാപാത്രം ചിന്തിക്കുന്നതുപോലെ

*"ഈ ഏകാന്തത, നാഥനില്ലാത്ത കാവൽ രാത്രികൾ, തൊഴിലില്ലാത്ത കൊച്ചുതമ്പ്രാക്കന്മാർ..."* [20]

ഇതെല്ലാം അടിയാത്തിയുടെ ചാരിത്ര്യം കവർന്നെടുക്കുന്ന ഘടകങ്ങളാണ്. ആദിവാസികളുടെ നിയമാവലികളിലെ പഴുതുകളും ആദിവാസി സ്ത്രീയെ ചതിയിൽപ്പെടുത്തുന്നു. ഒരടിയാത്തി പിഴച്ചുപോയാലും പിഴപ്പിച്ചവനു തപ്പുകെട്ടി കൈശുദ്ധമാക്കാം എന്നാണ് ആദിവാസിഗോത്രനിയമം. ഗോത്രത്തിനു കിട്ടേണ്ടത് മുപ്പതു രൂപ. കുഞ്ഞിനേയോ തള്ളയേയോ പുലർത്താനുള്ള ചുമതല അവൾക്കുവേണ്ടി പിഴയൊടുക്കിയവനു ഇല്ല.[21]

അധികാരം, ചൂഷണത്തിനുള്ള ചിഹ്നമാകുന്ന ചിത്രമാണ് 'ഗൗതമനി'ൽ കാണാനാകുക. ഗ്രാമാതിർത്തിയിലെ പുറമ്പോക്കിൽ വളരുന്ന കേസരിപ്പരിപ്പ് തിന്നാൽ മുടന്തിയാകും. ആ ഗ്രാമത്തിൽ നിന്നേ രക്ഷപ്പെടാനാഗ്രഹമുള്ളതുകൊണ്ട് നന്ദിനി, ശക്തിയുള്ള കാലുകൾക്ക് വേണ്ടി ജന്മിപുത്രനു വഴങ്ങിക്കൊടുത്ത് ഗോതമ്പും മറ്റും സമ്പാദിക്കുന്നു. ഗർഭിണിയായ അവളെ ഊരുക്കൂട്ടം അപ്പോൾ അതുവഴി വന്ന വഴിപോക്കന്റെ കൂടെ നാടുകടത്താൻ കല്പിക്കുന്നു ഗ്രാമം മുഴുവനും തനിക്കെതിരായി നിൽക്കുന്ന ആ അശരണാവസ്ഥയിലും നന്ദിനി പറയുന്നത്

*"ഞാൻ പോണു. ഈ വന്ന മനുഷ്യന്റെ കൂടെയല്ല, തനിച്ച്! എനിക്കു തോന്നുന്ന ദിക്കിലേയ്ക്ക്! പക്ഷേ നിങ്ങളുടെ കിങ്കരന്മാർ പിന്തുടർന്നു വന്ന് രഹസ്യമായി എന്നെ തിരികെ കൊണ്ടുവരില്ല എന്നുറപ്പു തരണം"* [22] *എന്നാണ്.*

ഗ്രാമത്തിലെ സ്ത്രീകളുടെ നിസ്സഹായാവസ്ഥയെ അധികാരമുപയോഗിച്ച് മുതലെടുക്കുന്ന ഗ്രാമമുഖ്യനുള്ള താക്കീതാണ് ഈ വാക്കുകളിൽ കാണാനാകുക.

**3.15.2 കായികചൂഷണങ്ങൾ**

ലൈംഗിക അടിമത്തത്തെ മാത്രം പരാമർശിക്കുന്ന സ്ത്രീവാദസിദ്ധാന്തം അപര്യാപ്തമാണ്. സമ്പദ് വ്യവസ്ഥയിലും അദ്ധ്വാന വിതരണ വിഭജന വ്യവസ്ഥയിലുമുള്ള സ്ത്രീ പുരുഷ വിവേചനങ്ങളെക്കൂടി സ്ത്രീവാദം വിലയിരുത്തണം.

സച്ചിദാനന്ദന്റെ അഭിപ്രായം ശ്രദ്ധേയമാണ്.

> *"മാർക്സിസ്റ്റ് സാമ്പത്തിക വീക്ഷണത്തിൽ നിന്നു നോക്കിയാൽ ആണും പെണ്ണും കൂലിയടിമകളെന്ന നിലയിലാണ് ചൂഷണം ചെയ്യപ്പെടുന്നത്. എന്നാൽ ആൺകോയ്മയ്ക്കു കീഴിൽ വീട്ടുജോലിക്കാരി, ഉപഭോക്താവ്, അമ്മ എന്നീ നിലകളിലും സ്ത്രീ ചൂഷിതയാണ്".*[23]

സ്ത്രീയുടെ ഗൃഹജോലിയുടെ സാമ്പത്തിക പ്രാധാന്യം, ചില പ്രത്യേക തൊഴിലുകൾ മാത്രം സ്ത്രീകൾക്കു നീക്കിവച്ചതിന്റെ കാരണങ്ങൾ എന്നിവയൊന്നും മാർക്സിസ്റ്റ് ദർശനത്തിനു വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. ലൈംഗിക വിഭജനം ജീവശാസ്ത്രപരമാണെങ്കിലും അതിനെ സാമ്പത്തികവും സാമൂഹ്യവും മനശ്ശാസ്ത്രപരവും സദാത്മകവുമായ സന്ദർഭത്തിൽ മനസ്സിലാക്കണമെന്നു സിമോങ് ദെ ബൂവ്വാ എഴുതുന്നു.[24]

കുടുംബസ്ഥാപനത്തിലൂടെ സ്ത്രീയുടേയും പുരുഷന്റേയും തൊഴിലുകൾ വിഭജിക്കപ്പെട്ടപ്പോൾ സ്ത്രീ ചെയ്യുന്ന വീട്ടുജോലിയും അമ്മപ്പണിയും പണത്തിന്റെ മൂല്യത്തിലൂടെ തിട്ടപ്പെടുത്താനാകാത്തതായി. ധനം സമ്പാദിക്കുന്ന പുരുഷൻ സർവ്വാധികാരിയായി. സ്ത്രീ ചെയ്യുന്ന വീട്ടുജോലികൾ മൂല്യരഹിതങ്ങളാണെന്ന സങ്കല്പം സമൂഹത്തിൽ ശക്തമായി വേരൂന്നിയതുകൊണ്ട് പിന്നീട് പുറംലോകത്തിൽ നിന്നു കൂലിയോ ശമ്പളമോ നേടുന്ന സ്ത്രീയുടെ വരുമാനത്തിന് പുരുഷനാർജ്ജിക്കുന്ന വരുമാനത്തിന്റെ മൂല്യമില്ലാതായി. പുരുഷന്റെ ധനസമ്പാദനത്തിന് ഒരു താങ്ങുകൂടി എന്ന രീതിയിലുള്ള, ഔദാര്യത്തിന്റെ മൂല്യമേ സ്ത്രീസമ്പാദ്യങ്ങൾക്കു നൽകുന്നുള്ളൂ. സമൂഹത്തിൽ തുല്യ അദ്ധ്വാനം നടത്തുന്ന സന്ദർഭത്തിൽപ്പോലും സ്ത്രീയുടെ വേതനം, അതുകൊണ്ട് കുറഞ്ഞുപോകുന്നു. സ്ത്രീയുടെ പുറംലോക അദ്ധ്വാനത്തെക്കുറിച്ചുള്ള വികലമായ ധാരണകളുടെ പിൻതുടർച്ചയാണ് സമൂഹം സ്ത്രീയ്ക്കായി അനുവദിച്ചുനീക്കിവച്ചിരിക്കുന്ന തൊഴിൽ മേഖലകൾ. അദ്ധ്യാപിക, നഴ്സ്, ഗ്രാമസേവിക, ഗുമസ്ത എന്നിങ്ങനെ സ്ത്രീജോലികളെ നിജപ്പെടുത്തിയിരിക്കുന്നു. വ്യാപാരത്തിലോ ഉത്പാദനത്തിലോ ഏർപ്പെടുന്നുണ്ടെങ്കിൽത്തന്നെ ഉൽപന്നം ഭക്ഷണമോ വസ്ത്രമോ ആയിരിക്കണം. അതായത് ഗൃഹാന്തരീക്ഷത്തിന്റെ തുടർച്ച മാത്രമേ തൊഴിൽ മേഖലയിലും സ്ത്രീയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ളൂ.

തൊഴിൽ മേഖലകളിലെ സാമ്പത്തിക ചൂഷണങ്ങളെ എതിർത്തും കാലാകാലങ്ങളായി ഒഴിച്ചുനിർത്തപ്പെട്ട തൊഴിലിടങ്ങളിൽ കയറിപ്പറ്റിയും സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചും മാത്രമേ സ്ത്രീയ്ക്കു സ്വതന്ത്രയാകാനാകൂ.

തന്റെ നോവലുകളിൽ സ്ത്രീയുടെ തൊഴിൽ പരിസരങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ വത്സല ഇത്തരം കാര്യങ്ങളെക്കുറിച്ച് ബോധവതിയാകുന്നുണ്ട്. സ്ത്രീയുടെ അധിക അദ്ധ്വാനങ്ങളും വേതനരഹിത അദ്ധ്വാനങ്ങളും ചിത്രീകരിക്കുന്ന നോവലിസ്റ്റിന്റെ ചില കഥാപാത്രങ്ങൾ നിരോധിതതൊഴിലിടങ്ങളിലേയ്ക്കു മുന്നേറുന്നുമുണ്ട്.

### 3.15.2.1. ഇരട്ടി അദ്ധ്വാനം

പുരുഷൻ നിരുത്തരവാദിയാകുന്ന സന്ദർഭങ്ങളിൽ പുരുഷനു കല്പിച്ചിരിക്കുന്ന പുറംവേലകളുടെ ഇരട്ടി അദ്ധ്വാനവും സ്ത്രീയ്ക്ക് ഏറ്റെടുക്കേണ്ടിവരുന്നു. സമൂഹത്തിലെ വിവിധ തട്ടുകളിൽ വിന്യസിച്ചിരിക്കുന്ന സ്ത്രീകളുടെ ഇത്തരം ഇരട്ടി അദ്ധ്വാനങ്ങളുടെ ചിത്രങ്ങൾ വത്സലയുടെ നോവലുകളിൽ കാണാം.

ആര്യങ്കോട്ടമ്മ ഒമ്പതു മക്കളെ വളർത്തിയെടുത്തതെങ്ങനെയെന്ന് മരുമകളോടു പറയുന്നുണ്ട്.

> *"ചുമന്നു ചുമന്ന് എന്റെ ചുമലിടിഞ്ഞു. അരവിന്ദനെ ഒക്കിലിരുത്തി ഞാൻ ഞാറു പറിച്ചിട്ടുണ്ട്. അവൻ കൈക്കുഞ്ഞായിരുന്നപ്പോൾ എനിക്ക് പത്ത് കൈകളുണ്ടായിരുന്നാലും തീരാത്ത ജോലിയായിരുന്നു"* [25]

ഈ സമയങ്ങളിലെല്ലാം അവരുടെ ഭർത്താവ് തീർത്ഥാടനത്തിലായിരുന്നു.

ജീവിതം അലസമായി ആസ്വദിക്കുന്ന, അദ്ധ്വാനിക്കാത്ത, വേലുവിന്റെ ഭാര്യയാണ് അമ്മിണി. കുടുംബം പോറ്റാൻ വിശ്രമമില്ലാതെ അവൾ പണിയെടുക്കുന്നു.

> *"എടങ്കയ്യിനേം വലങ്കയ്യിനേം നമ്പാം. ഒരു മൂന്നാം കയ്യുണ്ടായാൽ ഒന്നിനേം നമ്പിക്കൂടാ"* [26]

എന്നു വൃദ്ധനെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിൽ ഒരു സ്ത്രീയ്ക്കും ചെയ്യാനാവാത്ത കഠിനാദ്ധ്വാനങ്ങൾ അമ്മിണി നടത്തുന്നുണ്ട്.

മാതൃത്വം എന്ന സ്ഥാപനത്തിൽ ബന്ധിതരായതുകൊണ്ടാണ് പരാതികളോ പ്രതിഷേധങ്ങളോ ഇല്ലാതെ സ്ത്രീകൾ ഇത്തരം ഇരട്ടി അദ്ധ്വാനത്തിനു തയ്യാറാകുന്നത്.

ഇതര സമൂഹങ്ങളിലെ സ്ത്രീകളേക്കാൾ കായികചൂഷണം അനുഭവിക്കുന്നവരാണ് ആദിവാസി സ്ത്രീകൾ. ആദിവാസി തൊഴിലാളിയുടെ തൊഴിൽ-വേതന അനുപാതത്തിലുള്ള വിടവുകൾ ആദിവാസി സ്ത്രീതൊഴിലാളിയുടെ കാര്യത്തിൽ പിന്നേയും വർദ്ധിക്കുന്നു.

> *"അടിച്ചുതെളിക്കും തുണിയലക്കാനും നെല്ലിടിക്കാനും അടിയാത്തികളെ നിർത്തുന്നു. ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം കൂലി. പഴയതോ പുളിച്ചതോ മതി. വയലിൽ പണിയുള്ളപ്പോൾ വീട്ടുപണി ഇടവേളകളിലാകും. ഒരു വല്ലികൊണ്ട് കാര്യം കഴിയും".*[27]

അടിയാത്തികളുടെ അദ്ധ്വാനത്തിനു ക്ലിപ്തതയുമില്ല, വേതനവുമില്ല. വയൽപ്പണിക്കു പുരുഷനു മൂന്നു മാനവും സ്ത്രീയ്ക്ക് രണ്ടുമാനവുമാണ് കൂലി. രാവിലെ മുതൽ ഉച്ചവരെ പണി ചെയ്താൽ കൂലിയുടെ ഒരു ഭാഗം കൊടുക്കുന്നു. പണി നിർത്തിപ്പോകുന്ന സ്ത്രീ ഇങ്ങനെ കിട്ടുന്ന കൂലിയായ നെല്ല് ഇടിച്ച് അരിയാക്കി കഞ്ഞിവച്ച് എല്ലാവർക്കും നൽകി വീണ്ടും വയലിലേയ്ക്കിറങ്ങുന്നു. മേലാളന്റെ വീട്ടുജോലി ഏറ്റിട്ടുണ്ടെങ്കിൽ അതും ഈ ഇടവേളയിൽ തന്നെ ചെയ്തുതീർക്കണം. ചുരുക്കത്തിൽ ആദിവാസി പുരുഷൻ അനുഭവിക്കുന്ന ഇടവേളകളിലെ വിശ്രമവും അടിയാള സ്ത്രീയ്ക്കില്ല. വറുതിയുടെ ദിവസങ്ങളിൽ വിശപ്പിന്റെ തീക്ഷ്ണത കൊണ്ട് സ്വതവേ അലസരായ പുരുഷന്മാർ കിടന്നു മയങ്ങുമ്പോൾ അടിയാളപ്പെണ്ണുങ്ങൾ വെയിലും വിശപ്പും മറന്ന് നാടുനീളെ ഞണ്ടും ചപ്പും അന്വേഷിച്ചലയുന്നു. കാരണം, കുടിയിലെ കുഞ്ഞുങ്ങളുടെ വിശപ്പിന് ഉത്തരം കാണേണ്ടത് ആത്യന്തികമായും സ്ത്രീയുടെ ഉത്തരവാദിത്വമാണ്.

ലൈംഗിക ചൂഷണങ്ങളിൽനിന്നു രക്ഷപ്പെടുവാനോ പ്രതിരോധിക്കുവാനോ ഉള്ള ശ്രമങ്ങൾ നടത്തുന്നതുപോലെ, അദ്ധ്വാന ചൂഷണങ്ങളിൽനിന്നു രക്ഷപ്പെടാനുള്ള ശ്രമങ്ങൾ ഈ കഥാപാത്രങ്ങളൊന്നുംതന്നെ നടത്തുന്നില്ല. കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള സ്ത്രീയുടെ

തന്ത്രപ്പാടിൽനിന്ന് അവൾ ഒഴിഞ്ഞുമാറുക എന്നത് സ്ത്രീസ്വത്വത്തിന്റെ സത്യസന്ധവും സ്വത്വസ്സിദ്ധവുമായ ആവിഷ്ക്കാരത്തിനു നിരക്കാത്തതാണെന്നു നോവലിസ്റ്റ് കരുതുന്നുണ്ട്. എന്നാൽ സമൂഹത്തിലെ രണ്ടു സ്വതന്ത്രവ്യക്തിത്വങ്ങൾ എന്ന നിലയിൽ സ്ത്രീപുരുഷന്മാരെ കാണേണ്ടതാണെന്ന കാര്യത്തിൽ നോവലിസ്റ്റിനു അഭിപ്രായവ്യത്യാസമില്ല. അതു കൊണ്ടുതന്നെ തൊഴിൽ മേഖലകളുടെ വേർതിരിവ് ഇവർ അംഗീകരിക്കുന്നില്ല.

**3.15.2.2. പുതിയ തൊഴിലിടങ്ങൾ**

അദ്ധ്യാപനവും ആതുരശുശ്രൂഷയുമാണ് സ്ത്രീയ്ക്ക് ഏറ്റവും യോജിച്ചതെന്നു സമൂഹം കല്പിച്ചിരിക്കുന്ന കർമ്മമണ്ഡലങ്ങൾ. ഈ കല്പനയെ ലംഘിക്കുന്നവരാണ് വത്സലയുടെ കഥാപാത്രങ്ങൾ.

നമ്പൂതിരി സ്ത്രീയായ നങ്ങേമ പടിപ്പുരയിൽ കച്ചവടം ചെയ്യുന്നു, കൃഷിയിറക്കുന്നു, കൃഷിക്കു കാവലിരിക്കുന്നു, വയനാട്ടിലെ ഒരു ജന്മിയാകുന്നു. കച്ചവടമെന്നാൽ സെയ്ത് എന്നു മാത്രം ചിന്തിച്ചിരുന്ന വയനാട്ടിലാണ് നമ്പൂതിരികുടുംബത്തിന്റെ പടിപ്പുരയിൽ നങ്ങേമ ഉപ്പും മുളകും വിൽക്കുന്നത്. പുഞ്ചക്കൃഷി ചെയ്യുന്ന ആത്തേമാരെ ചുറ്റുമുള്ള ലോകം അദ്ഭുതത്തോടെ നോക്കിനിൽക്കുന്നുണ്ട്.

സാമൂഹ്യസേവനം ജീവിതലക്ഷ്യമാക്കിയ മിഷനറി പ്രവർത്തകരിലെ സ്ത്രീകൾക്കും നിയന്ത്രിത സേവനമേഖലകളുണ്ട്. 'റോസ്മേരിയുടെ ആകാശങ്ങ'ളിലെ ആലീസിന്റെ പ്രവർത്തനങ്ങൾ ഈ മേഖലകളെ അതിലംഘിക്കുന്നു. കേരളത്തിലെ ഒരു കുഗ്രാമത്തിൽ നിന്ന് ആതുരശുശ്രൂഷയിലൂടെ മിഷനറി പ്രവർത്തനം നടത്തുവാൻ നിയോഗിക്കപ്പെട്ട ആലീസ്, ബീഹാറിലെ ഗ്രാമങ്ങളുടേയും ഗ്രാമീണരുടേയും യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിയുന്നു. അവരോടൊപ്പം വർഗ്ഗസമരങ്ങളിൽ പങ്കുചേരുന്നു. മതം സ്ത്രീമിഷനറിമാരെ കർശനമായി വിലക്കുന്ന, രാഷ്ട്രീയപ്രവർത്തനങ്ങളിലാണ് ആലീസ് മുഴുകുന്നത്. ആലീസിന്റെ ഈ കർമ്മമാറ്റത്തെക്കുറിച്ച് റോസ്മേരി പറയുന്നത് ഇങ്ങനെയാണ്.

> *"ഇപ്പോൾ മനുഷ്യരുടെ ജീവിതം ആസൂത്രണം ചെയ്യുന്നതും നിയന്ത്രിക്കുന്നതും രാഷ്ട്രീയമല്ലേ? ആത്മീയ കാര്യങ്ങളെ വേർതിരിച്ച് അതിൽ*

*മാത്രം മുഴുകി പള്ളിക്കു കേവലമായ ഒരു ആത്മീയ നിലനില്പ് സാധ്യ മാണോ?"* [28]

മിഷനറി പ്രവർത്തകയിൽ നിന്നു രാഷ്ട്രീയ പ്രവർത്തകയിലേയ്ക്കുള്ള മാറ്റത്തിലൂടെ ആലീസ് മതസാമൂഹ്യനിയമങ്ങളെ ഒരുപോലെ വെല്ലുവിളിക്കുന്നു. അനുയോജ്യമായ പ്രവർത്തനമേഖല തെരഞ്ഞെടുക്കാനുള്ള ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെത്തന്നെയാണ് റോസ്മേരിയും ഓർമ്മിപ്പിക്കുന്നത്. ഒരു നഴ്സിന്റെ സുരക്ഷിത ജീവിതം റോസ്മേരിക്കു ലഭിക്കാനാണ് അവളെ സ്നേഹിക്കുന്ന എല്ലാവരും ആഗ്രഹിക്കുന്നത്. സ്ത്രീയ്ക്കു നല്ലൊരു ജോലി എന്നുവച്ചാൽ, സമൂഹം അനുവദിച്ചിരിക്കുന്ന തൊഴിൽമേഖലകളിൽ തരക്കേടി ല്ലാത്ത വേതനം ലഭ്യമാകുന്ന ജോലി, എന്നാണ് സമൂഹം അർത്ഥമാക്കുന്നത്. സ്ത്രീയ്ക്കു ലഭിക്കുന്ന തൊഴിൽസംതൃപ്തി എന്നതു ഒരു വിഷയമേയല്ല. സമൂഹത്തിന്റെ ഇത്തരം ധാര ണകളെ റോസ്മേരി തിരുത്തുന്നു. ആശുപത്രി അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ അവൾക്കു കഴിയുന്നില്ല. റോസ്മേരിയും സാമൂഹ്യ പ്രവർത്തനത്തിന്റെ മേഖല തെരഞ്ഞെ ടുക്കുന്നു.

സ്ത്രീയുടെ സൗന്ദര്യബോധം വീടൊരുക്കുന്നതിലും, വീട്ടിലെ അംഗങ്ങൾക്ക് ഉപയുക്ത മാകുന്ന തുന്നൽപ്പണികളിലും ഒതുക്കിനിർത്തേണ്ടതാണ്. കല തൊഴിലായി സ്വീകരിക്കു വാനോ, ചെയ്യുന്ന തൊഴിലിൽ സൗന്ദര്യാത്മകമായ നൂതന പരീക്ഷണങ്ങൾ നടത്തു വാനോ സ്ത്രീയ്ക്കു സ്വാതന്ത്ര്യമില്ല.

*"വിപരീതങ്ങളിലൂടെ സ്ത്രീയെ സംബന്ധിച്ച് ഒരു മിത്ത് സൃഷ്ടിക്കപ്പെ ടുന്നു"* [29]

എന്നു സച്ചിദാനന്ദൻ. വിപരീതങ്ങളിൽ കലയും സാംസ്കാരവും സ്ത്രീപക്ഷത്തല്ല. തൊഴിലിൽ പുതുപരിഷ്ക്കാരങ്ങൾ വരുത്തി 'നമ്പരുക'ളിലെ സുന്ദരി ഇത്തരം വിശ്വാസ ങ്ങളെ പാടേ നിരാകരിക്കുന്നു. അടിസ്ഥാനവർഗ്ഗത്തിലെ ഒരംഗമായിരുന്ന്, പ്രതിബന്ധങ്ങ ളുണ്ടായിട്ടും അവൾ തന്റെ രീതികൾതുടരുന്നു എന്നതാണ് സുന്ദരിയുടെ പ്രസക്തി. പാര മ്പര്യരീതിയനുസരിച്ച് മൺകുടങ്ങളും മൺപാത്രങ്ങളും മാത്രം നിർമ്മിക്കുന്ന ഭർത്താവിൽ

നിന്നു വ്യത്യസ്തമായി ചിത്രപ്പണികൾ ചെയ്ത ചെടിച്ചട്ടികളാണ് സുന്ദരി നിർമ്മിക്കുന്നത്. ഭർത്താവിന്റെ വിലക്കുകളും പ്രതിഷേധങ്ങളും അവൾ കണക്കിലെടുക്കുന്നില്ല.

## 3.16. സ്വത്വസ്ഥാപനത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ

സമൂഹത്തിന്റെ ആൺകോയ്മാ പ്രവണതകളെ തിരിച്ചറിഞ്ഞ് സ്ത്രീയുടെ സ്ഥാനം നിർണ്ണയിക്കുന്നതിനും, സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങളുടെ പ്രത്യേകതകൾ അപഗ്രഥിക്കുന്നതിനും ഫെമിനിസ്റ്റ് ചിന്താപദ്ധതികൾ ആവശ്യമാണ്. കലയിലും സാഹിത്യത്തിലും സ്ത്രീസ്വത്വത്തിന്റെ സത്യസന്ധമായ ആവിഷ്ക്കാരങ്ങളാണ് ഫെമിനിസം ആവശ്യപ്പെടുന്നത്. ഭാര്യ, കാമുകി, അമ്മ എന്നീ സ്ഥാപനങ്ങളുടെ നിർവ്വചനങ്ങളെ ചോദ്യം ചെയ്തുകൊണ്ടാണ് വത്സല തന്റെ നോവലുകളിൽ ഇത്തരം സ്വത്വാന്വേഷണങ്ങൾ നടത്തുന്നത്.

### 3.16.1. ഭാര്യ

വിവാഹത്തിലൂടെ സ്ത്രീയോട് ഒരു കൂറുമാറ്റമാണ് സമൂഹം ആവശ്യപ്പെടുന്നത്.

*"യാദൃഗ്ഗുണേനുഭർത്രാസ്ത്രീ സംയുജ്യേതയഥാവിധി*

*താദൃർഗ്ഗുണാസാഭവതി സമുദ്രേണേവ നിമ്നഗാ"*

(നദീജലം സ്വഭാവേന ഏതു സ്വാദോടുകൂടിയിരുന്നാലും സമുദ്രത്തിൽ ചേർന്നാൽ അതിന്റെ സ്വാദ് പോകുന്നതുപോലെ സ്ത്രീകളും തന്റെ ഭർത്താവിന്റെ ഗുണത്തെ അനുസരിക്കുന്നു) എന്ന് മനുസ്മൃതി.[30]

ഭർത്താവിൽ നിന്നു വ്യതിരിക്തമായ ഒരു താൽപര്യവും ഭാര്യയ്ക്കു അനുവദനീയമല്ല. സ്ത്രീയ്ക്കു ലൈംഗികതയെക്കുറിച്ച് സ്വന്തം അഭിപ്രായമോ താൽപര്യമോ ഉണ്ടാകുന്നത് പാപം തന്നെയാണ്. ഭർത്താവും ഭർത്തൃഗൃഹവും ഒരുക്കുന്ന ഏതു പരിതസ്ഥിതിയുമായും സ്ത്രീ ഇണങ്ങിച്ചേരുക എന്നത് അലിഖിതനിയമമാണ്.

'നിഴലുറങ്ങുന്ന വഴികൾ', 'അരക്കില്ലം' എന്നീ നോവലുകളിൽ വിവാഹം വഞ്ചനയോ ചതിയോ ആണ്. രോഗികളായ ഭർത്താക്കന്മാരുടെ ഭാര്യാപദവിയിലൂടെ മാധവിയും സാവി

ത്രിയും തടവിലാക്കപ്പെടുകയാണ്. മാധവിക്ക് അമ്മായിഅമ്മയും, സാവിത്രിക്കു കാര്യസ്ഥനും കാവൽക്കാരായുണ്ട്. അസംതൃപ്തമായ വൈകാരികതൃഷ്ണകളോടെ വ്യക്തിസ്വാതന്ത്ര്യം പോലും നഷ്ടപ്പെട്ട് ദാമ്പത്യത്തിന്റെ തടങ്കലിൽ കിടക്കുന്ന ഇവർ എന്നിട്ടും ഭർത്താക്കന്മാരേക്കാൾ ധൈര്യം പ്രദർശിപ്പിക്കുന്നുണ്ട്. തങ്ങളുടെ അവസ്ഥകളോടുള്ള പ്രതിഷേധമാണ് ഈ സന്ദർഭങ്ങൾ. മാധവി തന്റെ ഭർത്താവിനോട് ചോദിക്കുന്നത്

*"എന്നെയെന്തിനു കല്യാണം കഴിച്ചു?"*

*"അമ്മയോട് ചോദിക്കേണ്ട കാര്യം"*

*"അമ്മയോടോ?' നാണമില്ലേ നിങ്ങൾക്ക്? എന്നെ കല്യാണം കഴിച്ചതെന്തിനെന്നു ഞാൻ അമ്മയോടോ ചോദിക്കേണ്ടത്? 'നിങ്ങളൊരു മനുഷ്യനോ ബൊമ്മയോ?"* [31] എന്നാണ്.

ഭർതൃഗൃഹത്തിൽ മാധവിയുടെ ഏക ആശ്വാസമായിരുന്ന ജ്യേഷ്ഠന്റെ മകൾ ഇഷ്ടപ്പെട്ട പുരുഷന്റെ കൂടെ ഇറങ്ങിപ്പോയി. അതിനു കൂട്ടുനിന്നു എന്ന അപരാധം ചുമത്തി അമ്മ അവളെ വീട്ടിൽ നിന്നു പുറത്താക്കുന്നു. അമ്മയെ എതിർക്കാൻ കെല്പില്ലാതെ നിശ്ശബ്ദനായി നിൽക്കുന്ന ഭർത്താവിനു മുന്നിൽനിന്നു മാധവി പറയുന്നത്, ദേവു പോയത്

*"ഒരാണിന്റെ കൂടെ! ഹംസയുടെ"* [32]

എന്നാണ്. ഈ വാക്കുകൾ തന്റെ ഭർത്താവിനു നേരെയുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ്. മാധവി വീണ്ടും ഭർതൃഗൃഹത്തിലെത്തുന്നത് ഭർത്താവിന് അസുഖം മൂർച്ഛിക്കുമ്പോഴാണ്. താമസിയാതെ അയാൾ മരിക്കുകയും ചെയ്യുന്നു. സ്വന്തം വീട്ടിൽ തിരിച്ചെത്തുന്ന അവൾ രണ്ടാമതും വൃദ്ധനായ ഒരു പണക്കാരന്റെ ഭാര്യയാകാൻ നിർബന്ധിതയാകുന്നു. ഈ രണ്ടു വിവാഹങ്ങൾക്കും തമ്മിലുള്ള വ്യത്യാസം, ആദ്യത്തേത് അപ്രതീക്ഷിതമായും രണ്ടാമത്തേത് അറിഞ്ഞുകൊണ്ടും ചെന്നെത്തുന്ന തടവറകളാണെന്നതുമാത്രമാണ്. ആദ്യഭാര്യയെ കൊന്നവനെന്ന വിശേഷമുള്ള ഭർത്താവിന്റെ മുന്നിൽ പതറാതെ നിന്നുകൊണ്ട്, തനിക്കില്ലാത്ത അസുഖം ഉണ്ടെന്ന് മാധവി ഒരു വാശിതീർക്കുന്നതുപോലെ പറയുന്നുണ്ട്.

*"ആണുങ്ങളോട് താഴ്, എത്രത്തോളം താഴ് അത്രത്തോളം നന്നെന്നും"*

*"കൊതിച്ചത് കിട്ടില്ല മോളേ"*

എന്നും പറയുന്ന കിഴവിയോട്

*"കൊതിച്ചതല്ലെന്നു ആരു പറഞ്ഞു'? പണം അത്ര ചീത്തയാണോ"?*[33]

എന്നു മാധവി തിരിച്ചുചോദിക്കുന്നു. ഭാര്യ എന്ന പദവി എന്തിനേയും സഹിക്കുക എന്ന താണ് അർത്ഥമാക്കുന്നതെന്ന വിശ്വാസത്തെ ചെറുക്കാനുള്ള ശ്രമങ്ങളാണ് മാധവി നടത്തു ന്നത്. ആദ്യഭർത്താവ് നൽകേണ്ടത് നൽകാൻ തന്റേടം കാണിക്കാതിരുന്നപ്പോൾ അവിടം വിട്ടുപോന്ന മാധവി, നിവൃത്തികേടിനെ മുതലെടുത്ത് തന്നെ വിലയ്ക്കു വാങ്ങിയ ഭർത്താ വിന് അയാൾ ആഗ്രഹിക്കുന്നത് നിഷേധിക്കുന്നു. വിവാഹം ഒരു കച്ചവടമാണെങ്കിൽ ഭർത്താവ് മാത്രമല്ല, ഭാര്യയും മാനസികമായി ആ നിസ്സംഗതയുടെ നിലപാടെടുത്താൽ മതി യെന്നു മാധവി നിശ്ചയിക്കുന്നു. നോവലിന്റെ അവസാനത്തിൽ ഭർത്തൃഗൃഹത്തിൽ കിട ന്നുകൊണ്ട് കാമുകചിത്രം മനസ്സിൽ കൂടുതൽ കൂടുതൽ തെളിമയോടെ ഓർക്കുന്ന മാധവി, വിവാഹബന്ധത്തിലെ വിശ്വാസ്യത ഭാര്യ മാത്രം ദീക്ഷിക്കേണ്ടതാണെന്ന സങ്കല്പത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്.

സഫലീകരിക്കപ്പെടാത്ത സ്വപ്നങ്ങളുമായി ഭർത്തൃഗൃഹത്തിന്റെ നിത്യപാരതന്ത്ര്യത്തിൽ കിടന്നുകൊണ്ട് സാവിത്രിയും തന്റെ ഭാര്യാപദവിയെക്കുറിച്ച് അവജ്ഞയോടെ വിലയിരു ത്തുന്നുണ്ട്.

*"ദാരിദ്ര്യം നാണം കെടുത്തുന്ന അവസ്ഥയാണ് വിശപ്പടക്കാൻ ഇരക്കേ ണ്ടിവരിക. അതിനേക്കാൾ കഷ്ടമാണല്ലോ മനസ്സിന്റെ വിശപ്പ്".*[34]

ദാരിദ്ര്യംകൊണ്ടു മാത്രമാണ് ഒരു നിത്യരോഗിയുടെ ഭാര്യയാകേണ്ട ഗതികേട് സാവിത്രി ക്കു വന്നത്. തന്റെ മനസ്സിലെ പ്രതിഷേധം അവൾ ഭർത്താവിനെ അറിയിക്കുന്നുണ്ട്.

*"നിങ്ങളുടെ ആഹാരംകൊണ്ട് കൊഴുക്കാൻ തുടങ്ങിയ ശരീരം പണയവ സ്തുവാണ്. നിങ്ങൾക്കു സൂക്ഷിക്കാം".*[35]

തിന്ന ചോറിനു നന്ദി കാണിക്കേണ്ട ഒരു നായയുടെ ജന്മത്തോടാണ് സാവിത്രി സ്വയം ഉപമിക്കുന്നത്.

*"സാവിത്രി നീയൊരു വളർത്തുനായയാണ്. നന്ദി കാണിക്കണം".*

ഭർത്താവിനോട് അവൾക്കുള്ളത് സ്നേഹമല്ല, നന്ദി മാത്രമാണ്. ഇതു തുറന്നു പറയുന്നുമുണ്ട്.

*"നന്ദിയും വെറുപ്പും ഒന്നിച്ചുപോകും എന്നു ഞാൻ കണ്ടുപിടിച്ചിരിക്കുന്നു".*[36]

എന്തും മിണ്ടാതെ സഹിക്കുന്ന ഭാര്യാസങ്കല്പത്തിൽനിന്നു തെറ്റി നിൽക്കുന്നവരാണ് മാധവിയും സാവിത്രിയും. ഭാര്യാപദവിയിലും നിലനിർത്തേണ്ട വ്യക്തിസ്വത്വം ഇവർ ഓർമ്മിപ്പിക്കുന്നു. ഫെമിനിസത്തെക്കുറിച്ച് വൃന്ദാകാരാട്ട് നടത്തുന്ന പ്രസ്താവന ഇവിടെ ശ്രദ്ധേയമാകുന്നു.

*"വീട്ടിനുള്ളിൽ സ്ത്രീ അനുഭവിക്കുന്നത് ഒരു രാഷ്ട്രീയ പ്രശ്നം കൂടിയാണ്. പങ്കാളിയുടെ ആക്രമണത്തെ എതിർക്കുക, കുടുംബം എന്ന സ്വകാര്യത്തിൽ പുരുഷന് എന്തുമാകാം എന്നതിനെ ചോദ്യം ചെയ്യുക ഇതെല്ലാം ഇതിൽപ്പെടുന്നു".*[37]

ഭാര്യാപദവിയെക്കുറിച്ചുള്ള അൽപം കൂടി ധൈഷണികമായ ചോദ്യങ്ങളാണ് 'ആരും മരിക്കുന്നില്ല'യിൽ ഗിരിജ ഉയർത്തുന്നത്. ഈ നോവലിൽ ഒരു കുടുംബത്തിലെതന്നെ വ്യത്യസ്ത കാഴ്ചപ്പാടുകളുള്ള നാലു സ്ത്രീകളെ കണ്ടെത്താം. ആര്യങ്കോട്ടെ തറവാട്ടമ്മയായ അമ്മ ഓർമ്മകളിലൂടെ തന്റെ ദാമ്പത്യത്തെ മരുമകളായ ഗിരിജയ്ക്കു മുന്നിൽ തുറന്നുവെയ്ക്കുന്നുണ്ട്. ദേശാടനവും പരസ്ത്രീഗമനവുമായി ജീവിച്ച കാരണവരെ എല്ലാം അറിഞ്ഞിട്ടും ആദരവോടെ സ്മരിക്കുന്നവളാണ് അമ്മ. ഭർത്താവിന്റെ ചെയ്തികളിൽ മനംനൊന്ത് സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്നു അവർ മാറിനിൽക്കുന്നില്ല. തന്റെ വ്യക്തിത്വം ആർക്കു മുന്നിലും അടിയറവു വയ്ക്കുന്നുമില്ല. പ്രിയകാമുകി ഉപേക്ഷിച്ച ദുഃഖത്തിൽ നിരാശനായി കാരണവർ വീട്ടിൽ മടങ്ങിയെത്തുന്നു. ഈ അവസരത്തിൽ കാരണവരുടെ സഹായി

*"സമാധാനിച്ചോളൂ ആര്യങ്കോട്ടമ്മേ"*

എന്നു പറഞ്ഞപ്പോൾ അമ്മ പറയുന്നത്:

*"ആര്യങ്കോട്ടെ അമ്മ ഒരു തമിഴത്തിയെ പേടിച്ച് ഒരുനാളും കഴിഞ്ഞോളല്ല കേട്ടില്ലേ"*[38]

എന്നാണ്.

ഭർത്താവിന്റെ ദുർന്നടപടികളെല്ലാം അനുഭവിക്കുമ്പോഴും പണിയെടുക്കാൻ ആരോഗ്യമുള്ള ശരീരം തന്നതിന് ഈശ്വരനോട് നന്ദി പറയുന്നവളാണ് അമ്മ.

ഇവിടെ അമ്മ, ഭാര്യാപദത്തിനു നൽകിവന്നിട്ടുള്ള സഹനാർത്ഥങ്ങളെ മുഴുവൻ സാധൂകരിക്കുന്നു. എങ്കിലും ഏതുപ്രതിസന്ധിയിലും തോറ്റുപിന്മാറില്ല എന്ന കരുത്ത് ഈ കഥാപാത്രം പ്രദർശിപ്പിക്കുന്നുണ്ട്. ഇങ്ങനെ സ്വന്തം ജീവിതത്തെ സ്വയം നിർണ്ണയിക്കാനുള്ള ആർജ്ജവം ഈ അമ്മയിൽ കാണാം. ഈ നിർണ്ണയങ്ങളാകട്ടെ തികഞ്ഞ ശുഭപ്രതീക്ഷ പുലർത്തുന്നവയുമാണ്.

ആ തറവാട്ടിലെതന്നെ മൂത്തമരുമകളായ ഏടത്തി ഒരു നിശ്ശബ്ദ ജീവിയാണ്. വീട് നടത്തിക്കൊണ്ടുപോകുന്നതിലും വീട്ടിലെ എല്ലാവരേയും ഊട്ടുന്നതിലും സായൂജ്യം കണ്ടെത്തുന്നവർ. തന്റെ നീണ്ടമുടി വിടർത്തിയിട്ട് ജട തീർക്കുന്നതുതന്നെ, ഒരപരാധം പോലെയാണവർ നടത്തുന്നത്. എങ്കിലും വിവാഹത്തെക്കുറിച്ച് അവർ നടത്തുന്ന പ്രസ്താവം ശ്രദ്ധേയമാണ്.

*"പഴയ നുകങ്ങൾ എങ്ങുമുണ്ട് ഗിരിജേ, ചുവട്ടിൽ നിന്നു കൊടുക്കാതെ വല്ല ഗതിയുമുണ്ടോ?"*[39]

ചുരുക്കത്തിൽ ഭാര്യയെന്നാൽ പുരുഷന്റെ ഇച്ഛാഭിലാഷങ്ങളോട് താദാത്മ്യം പ്രാപിക്കലാണെന്ന വിശ്വാസത്തിനനുസരിച്ച് ജീവിച്ചവരാണ് അമ്മയും ഏട്ടത്തിയും. ഇവരിൽ നിന്നു തീർത്തും വ്യത്യസ്തയാണ് ഗിരിജ.

സാധാരണക്കാരനായ ഗോപീകൃഷ്ണനു ഭാര്യയെക്കുറിച്ച് ചില സങ്കല്പങ്ങളുണ്ട്.

*"മാസത്തിൽ രണ്ടു പ്രാവശ്യം മാത്രം വരുന്ന തന്നോട് നാലുപ്രാവശ്യം വരണമെന്നു നിർബന്ധിക്കുന്ന ഭാര്യ. വരുമ്പോഴെല്ലാം സമ്മാനപ്പൊതി അഴിച്ചുനോക്കി മുഖകമലം വിടർന്ന് വരുന്നത് കാണണം. ഒരു കറുത്ത വാക്കുച്ചരിച്ചാൽ നൂറുതുള്ളി കണ്ണീർ വീഴ്ത്തുന്ന പെണ്ണ്"*[40]

പുരുഷമേൽക്കോയ്മാ സമൂഹത്തിന്റെ സങ്കല്പങ്ങളെ അതേപടി അനുസരിക്കുന്ന കാഴ്ചപ്പാടാണിത്.

*"പെണ്ണിനെന്തിനാണ് ബുദ്ധി"*[41]

എന്നാദ്യം തന്നെ അയാൾ ഭാര്യയോട് ചോദിക്കുന്നുണ്ട്. ശരാശരി സ്ത്രീ തൃപ്തിപ്പെടുന്ന സമ്മാനങ്ങൾ നൽകി ഭാര്യയെ തനിക്കു വിധേയയാക്കാൻ ഗോപീകൃഷ്ണൻ ശ്രമിക്കുന്നു. പക്ഷേ കരയാത്ത, മുഖം വീർപ്പിക്കാത്ത, ആവലാതികളില്ലാത്ത, പ്രണയവചനങ്ങൾ പറയാത്ത ഭാര്യയായ ഗിരിജ, ഗോപീകൃഷ്ണന്റെ അസ്വസ്ഥതയായി മാറുന്നു. ഗിരിജ തന്റെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നതിങ്ങനെയാണ്:

*"തന്റെ ജീവിതം നോക്കുക? ഈ നിലനിൽപ് എത്ര അപമാനകരമാണ്! മാസത്തിലൊരിക്കൽ വരുന്ന തന്റെ ഭർത്താവിനുവേണ്ടി തൈലം പുരട്ടി, സോപ്പു തേച്ച്, താളി തേച്ച്, കുളിച്ചൊരുങ്ങി ശരീരം കാത്തുസൂക്ഷിക്കുക എന്നതിൽ കവിഞ്ഞ് എന്തു കൃത്യമാണ് താൻ ചെയ്യുന്നത്? വെറും ജന്തു സഹജമായ നിലനിൽപ്പ്"*.[42]

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തൽപരനായ ഒരാദർശ കഥാപാത്രമാണ് ഗിരിജയുടെ ഭർതൃസഹോദരൻ, അരവിന്ദൻ. സ്ത്രീ വിഷയത്തിൽ അരവിന്ദനും, സമൂഹത്തിന്റെ പൊതുവായ പുരുഷമേൽക്കോയ്മാ പ്രവണതകൾ തന്നെയാണ് വച്ചുപുലർത്തുന്നത് എന്ന് ഗിരിജ അയാളെ ഓർമ്മിപ്പിക്കുന്നുണ്ട്.

*"കട്ടിലും മെത്തയും പോലെ മേശ കസേരകൾ പോലെ ഒരിക്കൽ മേടിച്ച് അകത്തിട്ടാൽ പിന്നെ പുറത്തെടുത്ത് വെളിച്ചം കാണിക്കയേ വേണ്ടെന്നു കരുതിയോ ഒരു മനുഷ്യജീവിയെ? നാടു നന്നാക്കുന്നവർ ആദ്യം വീട് നന്നാക്കണം...."*[43]

അരവിന്ദന്റെ ഭാര്യയോടുള്ള പെരുമാറ്റത്തിൽ അസഹിഷ്ണുവായാണ് ഗിരിജ ഇങ്ങനെ പറയുന്നത്. അരവിന്ദന്റെ ആദർശങ്ങളോട് ഒരിക്കലും യോജിക്കാനാകാത്ത സ്വഭാവങ്ങളാണ് അയാളുടെ ഭാര്യ പത്മയുടേത്. ഗിരിജയിൽ നിന്നും അവൾ ഒട്ടേറെ വ്യത്യസ്തയാണ്. എന്നിട്ടും പത്മയെ പൂർണ്ണമായി ഉൾക്കൊള്ളാൻ ഗിരിജയ്ക്കാകുന്നുണ്ട്.

നോവലിന്റെ അവസാനത്തിൽ വലിയൊരു ഭാരമാകുമെന്നറിഞ്ഞുകൊണ്ടുതന്നെ തറവാടിന്റെ ഭരണം ഏറ്റെടുക്കാൻ ഗിരിജ തയ്യാറാകുന്നു.

*"പെണ്ണായി ഒരു ജന്മം തരരുതേ! ഈ ശാപം ആർക്കും കിട്ടരുതേ"*[44]

എന്ന് പ്രതിസന്ധികളിൽ കരഞ്ഞുപോകുന്ന അമ്മയിൽ നിന്നു വ്യത്യസ്തയായി കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ ഗിരിജയെ സഹായിക്കുന്നത് സ്ത്രീസ്വത്വത്തെക്കുറിച്ചുള്ള ശുഭോദർക്കങ്ങളായ വിശ്വാസങ്ങളാണ്. തന്റെ ലിംഗപദവിയ്ക്കുതന്നെ അപമാനകരങ്ങളാകുന്ന അനുഭവങ്ങളിൽ നിശ്ശബ്ദയായി അമ്മ, ജീവിതത്തെ നേരിടുമ്പോൾ ലിംഗപദവിക്കേൽക്കുന്ന അപമാനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഗിരിജ ജീവിതത്തിൽ കരുത്താർജ്ജിക്കുന്നത്. ഭാര്യ എന്ന പദവിയുടെ അർത്ഥതലങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന കഥാപാത്രമാണ് ഗിരിജ.

### 3.16.2. കാമുകി/വെപ്പാട്ടി

ഭാര്യ എന്ന ഔദ്യോഗിക പദവിയുടെ അഭാവത്തിലും പുരുഷന്റെ ശാരീരിക മാനസിക ആവശ്യങ്ങളെ തൃപ്തിപ്പെടുത്തേണ്ടി വരുന്ന ചില സ്ത്രീകളുണ്ട്. ഇവർക്ക് കാമുകി എന്നതിനേക്കാൾ വെപ്പാട്ടി എന്ന സ്ഥാനം നൽകുവാനാണ് സമൂഹം താൽപര്യപ്പെടുക. കപട സ്നേഹത്തിന്റെ ഒരു മായാവലയം തീർത്ത്, യാഥാർത്ഥ്യങ്ങളിൽ നിന്ന് അകത്തിനിർത്തി പുരുഷൻ നടത്തുന്ന ചൂഷണങ്ങളാണ് ഇത്തരം കഥാപാത്രങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. സമൂഹത്തിന്റെ മൂല്യസങ്കല്പത്തിനു പുറത്തുള്ള ഇത്തരം ജീവിതരീതികളിൽ സ്ത്രീയെ മാത്രമാണ് അപരാധിനിയാക്കുന്നത്. സമൂഹത്തിന്റെ അടക്കം പറച്ചിലുകളും ഒറ്റപ്പെടുത്തലുകളും സ്ത്രീയ്ക്കുനേരെ മാത്രമാണ്. ഇതിൽ നിന്നെല്ലാം സ്ത്രീ അനുഭവിക്കുന്ന മാനസികവ്യഥകൾ ഒരിക്കലും പുരുഷൻ പങ്കിട്ടെടുക്കുകയുമില്ല.

സുനന്ദയുടെ ജീവിതം ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. 'കൂമൻകൊല്ലി'യിലെ എല്ലാവരും അകലെ നിന്ന് സുനന്ദയുടെ സൗന്ദര്യത്തെ ആരാധിക്കുകയും, അവരുടെ ആതിഥ്യം ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സുനന്ദയോട് അവരാരും തന്നെ സൗഹൃദം പുലർത്തുന്നില്ല. കൃഷ്ണനുണ്ണിയുടെ വെപ്പാട്ടി മാത്രമായ സുനന്ദ, സ്വകാര്യജീവിതത്തിൽ ഏകാകിനിയാണ്. തന്റെ അവസ്ഥ സുനന്ദ തിരിച്ചറിയുന്നുണ്ട്.

> *"എത്രയെത്ര മനുഷ്യർ! ഏതെല്ലാം ദിക്കിൽ നിന്നു വന്നവർ! അവരിലാരും ഈ താഴ്വരയ്ക്കപ്പുറം തന്നെ ഓർക്കുകയില്ല"*[45]

ഒരുപാടു പേർക്ക് ആതിഥ്യമരുളിയ സുനന്ദയുടെ വീട്ടിൽനിന്ന് അവസാനം അതിഥികളെല്ലാം ഒഴിഞ്ഞുപോകുന്നു. തനിക്കു മാത്രം രക്ഷപ്പെട്ട് ചെന്നെത്തിപ്പെടാൻ, അഭയം പ്രാപിക്കാൻ ഒരിടമില്ലേ എന്ന് സുനന്ദ വിലപിക്കുന്നുണ്ട്. കൂമൻകൊല്ലിയിലെ നിത്യത്തടവുകാരിയാവുക എന്നതാണ് സുനന്ദയുടെ വിധി. എങ്കിലും ഭാര്യയും കുടുംബവുമായി കൃഷ്ണനുണ്ണി താമസിക്കുന്നിടത്തേക്ക് കൂടെ വരാനുള്ള കൃഷ്ണനുണ്ണിയുടെ ക്ഷണം അവൾ നിരസിക്കുന്നുണ്ട്.

സുനന്ദയുടെ സ്വരം നിസ്സഹായയുടേതാണെങ്കിൽ 'ചാവേറി'ലെ ചെമ്മരത്തി ഇതേ അവസ്ഥയിൽ നിന്നുകൊണ്ട് ശക്തമായ ഭാഷയിൽ സംസാരിക്കുന്നവളാണ്. സുനന്ദയുടെ സാമൂഹ്യസാമ്പത്തിക പദവികളൊന്നും ചെമ്മരത്തിക്കില്ല. എങ്കിലും തന്നെ സ്വകാര്യമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അനന്തനെ വാക്കുകൾകൊണ്ട് പലപ്പോഴും അവൾ നിർവ്വീര്യനാക്കുന്നുണ്ട്. അനന്തനുമായുള്ള ബന്ധത്തിന്റെ സ്വഭാവത്തെ ആദ്യം മുതലേ അവൾ മനസ്സിലാക്കുന്നുണ്ട്. അനന്തന്റെ വാക്കുകളിലോ പ്രവൃത്തികളിലോ അവൾ സ്വന്തം അവസ്ഥയെ മറക്കുന്നില്ല.

> *"പറയാതെ എനിക്കറിയാം. ചെമ്മരത്തി എപ്പഴും ചെമ്മരത്തി തന്നെ. കീഴൂരെ അയിത്തക്കാരിത്തി. വേണ്ടാത്തപ്പം ചവുട്ടിത്തേക്കാനുള്ളോൾ"*.[46]

ചെമ്മരത്തിക്കു തന്നോടുള്ള സ്നേഹത്തിന്റെ ആഴത്തെക്കുറിച്ച് സംശയാലുവാകുന്ന അനന്തനോട് അവൾ പറയുന്നത്

*"ഒന്നിലധികം സ്നേഹത്തിനു മാർഗ്ഗമുള്ളവർക്ക് അങ്ങനെ തോന്നും"* [47]

എന്നാണ്.

ചെമ്മരത്തി ഗർഭിണി ആയപ്പോൾ അത് തന്റെ കുഞ്ഞാണോ എന്ന അനന്തന്റെ ചോദ്യത്തിനു ചെമ്മരത്തിക്കു കൃത്യമായ ഉത്തരമുണ്ട്.

*"എന്തായാലും ഓൻ എന്റെ മോനാണ്! ചെറിയോരെ പോതിപ്പിക്കാൻ ഞാനള്ള"* [48]

അനന്തന്റെ കാല്പനികമായ പ്രണയചോദ്യങ്ങളിൽ നിന്നും ചെമ്മരത്തി തിരിഞ്ഞു നിൽക്കുന്നുണ്ട്. അനന്തനു ശാരീരികമായി അവൾ വഴങ്ങിക്കൊടുക്കുന്നുവെങ്കിലും മാനസികമായ വഴങ്ങലിനു ചെമ്മരത്തി ഒരിക്കലും തയ്യാറാകുന്നില്ല. താൻ സ്നേഹിച്ചു വിശ്വസിച്ചവരിൽ നിന്നു സംരക്ഷണം അഭ്യർത്ഥിക്കുന്ന സുനന്ദയിൽ നിന്നു വ്യത്യസ്തമായി, സ്നേഹവും സംരക്ഷണവും രഹസ്യമായി മാത്രം നൽകുന്നവനോട്, അവ നിരാകരിക്കാനോ നിഷേധിക്കാനോ ധൈര്യം കാണിക്കുന്നവളാണ് ചെമ്മരത്തി. രഹസ്യബന്ധങ്ങൾ സ്ത്രീയ്ക്കു മാത്രം നൽകുന്ന മാനക്കേടുകളെ മുതലെടുത്ത് അവളെ കൂടുതൽ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിക്ക് ചെമ്മരത്തി നിന്നുകൊടുക്കുന്നില്ല. അവിവാഹിതയായ ഒരമ്മയ്ക്കു സമൂഹം കല്പിക്കാവുന്ന പതിത്വങ്ങളെക്കുറിച്ചും ചെമ്മരത്തി ഭയപ്പെടുന്നില്ല. ഇതിനെല്ലാം അപ്പുറത്തും തനിക്കു നിലനില്പുണ്ടെന്ന ആത്മവിശ്വാസം ചെമ്മരത്തിക്കുണ്ട്.

*"ഒരു കുഞ്ഞീണ്ടായ അതിനെ പോറ്റാൻ ഈ ചെമ്മരത്തി മതി. ആര്ടെ അടുത്തും ഒരു പിടി അരിക്കോ കായിനോ വര്ണ്ല്ല്യ. പോരേ..."*. [49]

**3.16.3. അമ്മ**

മാതൃത്വത്തിനു സമൂഹം കല്പിച്ചിരിക്കുന്ന നിർവ്വചനങ്ങളൊന്നും വത്സലയുടെ കഥാപാത്രങ്ങളും തെറ്റിക്കുന്നില്ല. മക്കൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അമ്മമാർ തന്നെയാണ് ആര്യക്കോട്ടമ്മയും, നങ്ങേമയും, അമ്മിണിയും, നാരായണിയും എല്ലാം. പല കീഴ്വഴക്കങ്ങളേയും എതിർക്കുന്ന ചെമ്മരത്തിയും ഗിരിജയും മാതൃത്വവിഷയത്തിൽ അഭിപ്രായ

വ്യത്യാസങ്ങളില്ലാത്തവരാണ്. അവിഹിത ബന്ധത്തിലുള്ള കുഞ്ഞാണെങ്കിലും ആ കുഞ്ഞിനെ സ്വതന്ത്രമായി വളർത്തുമെന്ന് ചെമ്മരത്തി പറയുന്നുണ്ട്. തന്റെ ദാമ്പത്യ ത്തിന്റെ പോരായ്മയായി, അല്ലെങ്കിൽ പോരായ്മകൾക്കു മറുമരുന്നായി ഗിരിജയും കുഞ്ഞ് എന്ന പ്രതിവിധി അംഗീകരിക്കുന്നുണ്ട്.

എങ്കിലും അതിരുകവിഞ്ഞ കാല്പനിക നിറങ്ങൾ ഈ പദവിക്കു നൽകുന്നതിൽ നോവ ലിസ്റ്റ് ഉദാസീനയാണ്. ഓരോ പരിതസ്ഥിതിയുടെ സ്വാധീനം ഈ സ്ഥാപനത്തിന്റെ സ്വഭാ വങ്ങളിൽ കാണാം. മൂന്നുമക്കളെ വളർത്തുവാൻതന്നെ പാടുപെടുന്ന അമ്മിണിക്ക് വീണ്ടും ഗർഭിണി ആയപ്പോൾ സന്തോഷിക്കാനാകുന്നില്ല. മനസ്സുകൊണ്ടും ശരീരം കൊണ്ടും ഒരി ക്കലും പൊരുത്തപ്പെടാനോ സ്നേഹിക്കാനോ കഴിയാത്ത ഒരു വ്യക്തിയുടെ - അയാൾ ഭർത്താവാണെങ്കിലും - കുഞ്ഞിനെ പ്രസവിക്കുക എന്നത് സാവിത്രിയ്ക്കു കടുത്ത ഒരു ശിക്ഷയായാണ് അനുഭവപ്പെടുന്നത്.

*"എന്റെയുള്ളിൽ വളരുന്ന ശാപം"*[50]

എന്ന് ഗർഭസ്ഥ ശിശുവിനെക്കുറിച്ച് പറയുന്ന സാവിത്രി കുഞ്ഞിനോട് തനിക്കുള്ള സ്നേഹത്തെ നിർവ്വചിക്കുന്നത്

*"തടവുപുള്ളിക്ക് തന്നെ ബന്ധിച്ച ചങ്ങലയോടുള്ള സ്നേഹം"*[51]

എന്നാണ്. മാതൃത്വം സ്ത്രീസ്വാതന്ത്ര്യങ്ങൾക്ക് മേൽ വരിയുന്ന ബന്ധനങ്ങളെയാണ് സാവിത്രി ഓർമ്മിപ്പിക്കുന്നത്.

**3.16.4. വിലക്കുകളുടെ അതിലംഘനം**

സമൂഹത്തിലെ നിരർത്ഥകങ്ങളായ ഒട്ടേറെ വിശ്വാസങ്ങളേയും മാമൂലുകളേയും വിലക്കു കളേയും ചോദ്യം ചെയ്തുകൊണ്ടും എതിർത്തുകൊണ്ടും ഉപജീവിച്ചുകൊണ്ടും മാത്രമേ സ്വത്വസ്ഥാപനം സാധ്യമാകൂ. ഏതു മനുഷ്യനും ബാധകമായ ഒരു അവസ്ഥയാണ് ഇത്. എങ്കിലും സ്ത്രീയെ മാത്രം ബാധിക്കുന്ന ഒട്ടേറെ വിലക്കുകളും മാമൂലുകളും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. തങ്ങളുടെ ജീവിതപരിസരം ആവശ്യപ്പെടുന്നതിനനുസരിച്ച് ഇത്തരം മാമൂലുകളേയും യാഥാസ്ഥിതിക വിശ്വാസങ്ങളേയും തള്ളിക്കളയാൻ വത്സലയുടെ സ്ത്രീക

ഥാപാത്രങ്ങൾ ധൈര്യം പ്രദർശിപ്പിക്കുന്നുണ്ട്.

പടിപ്പുരയിൽ കച്ചവടവും, പാടത്തു കൃഷിയും നടത്തുന്ന നങ്ങേമ ഒരു ബ്രാഹ്മണ സ്ത്രീയ്ക്ക് സമൂഹം കല്പിച്ചനുവദിച്ചിരിക്കുന്ന അതിരുകളെ മറികടക്കുന്നു.

ആലീസ് മതസ്ഥാപന നിയമങ്ങളെയാണ് അതിലംഘിക്കുന്നത്. സേവനം എന്നതിന് ആലീസ് കല്പിക്കുന്ന വിശാലമായ അർത്ഥത്തെ ഉൾക്കൊള്ളാൻ സെമിനാരിയ്ക്കാകില്ല. സഹജീവികളുടെ യഥാർത്ഥ ആവശ്യങ്ങൾക്കു പരിഹാരം കാണലാണ് ആലീസിനു സാമൂഹ്യസേവന പ്രവർത്തനം. ഇത്തരം പ്രവർത്തനങ്ങൾ സെമിനാരിയുടെ നിയമാവലികൾക്ക് വിരുദ്ധമാണ്. ഇത്തരം സന്ദിഗ്ദ്ധഘട്ടത്തിൽ മതാധികാരങ്ങൾക്കും നിയമങ്ങൾക്കും വഴങ്ങി കാഴ്ചപ്പാടുകളെ വെട്ടിയൊതുക്കുകയല്ല ആലീസ് ചെയ്യുന്നത്; മറിച്ച് ഇവ വെട്ടിയൊതുക്കാൻ ശ്രമിക്കുന്ന സെമിനാരി ഉപേക്ഷിക്കുകയാണ്. ഒരു സാമൂഹ്യപ്രവർത്തകയെക്കുറിച്ചുള്ള സമൂഹത്തിന്റേയും മതസ്ഥാപനങ്ങളുടേയും പാരമ്പര്യവിധികളെ ആലീസ് നിരാകരിക്കുന്നു.

ഗോത്രസംസ്ക്കാരത്തിന്റെ തനിമതന്നെ ഗോത്രചിഹ്നങ്ങളും വിലക്കുകളുമാണ്. പക്ഷേ ഗോത്രം ഏർപ്പെടുത്തുന്ന വിലക്കുകളും, തെറ്റുകുറ്റങ്ങൾക്കു സന്ധിയില്ലാതെ കല്പിക്കുന്ന ശിക്ഷാവിധികളും ഗോത്രത്തിലെ സ്ത്രീയുടെ സുരക്ഷ ഉറപ്പുവരുത്തുന്നില്ല. 'നെല്ലി'ൽ ഇത്തരം വിലക്കുകൾ, ആദിവാസി പുരുഷനെ പരദേശികൾക്കും ആദിവാസി സ്ത്രീയെ ഗോത്രത്തിലെതന്നെ ഇതര പുരുഷന്മാർക്കും പരദേശികൾക്കും ഒരുപോലെ വിധേയരാക്കുവാൻ സഹായിക്കുന്നു. വിലക്കുകളും അന്ധവിശ്വാസങ്ങളും ചേർന്നാണ് മാരയ്ക്കു വൈധവ്യം സമ്മാനിച്ചത്. തപ്പു കെട്ടാനുള്ള പണത്തിനായി കൂപ്പിൽ ജോലിക്കു പോകുന്ന മല്ലൻ രോഗബാധിതനാകുകയും മരിക്കുകയും ചെയ്യുന്നു. ഇതിന്റെ മുഴുവൻ കാരണക്കാരിയായി മാരയെ കാണുന്ന സമൂഹം അവളെ ഒറ്റപ്പെടുത്തുന്നു. ഇഷ്ടപ്പെട്ട പുരുഷനെ വിവാഹം കഴിച്ചപ്പോഴും, പിന്നീട് ഭർത്താവ് മരിച്ചപ്പോഴും ഗോത്രസമൂഹമെടുത്ത നിലപാടുകളെ മാര ചോദ്യം ചെയ്തുവെന്നോ ലംഘിച്ചെന്നോ പറയാനാകില്ല. എന്നാൽ നോവലിന്റെ അവസാനത്തിൽ ചുറ്റുപാടുമുള്ള താക്കീതുകളെ അവഗണിച്ച് രാഘവൻ നായരുടെ ഒപ്പം നിൽക്കാനുള്ള ധൈര്യം അവൾ കാണിക്കുന്നുണ്ട്.

ഈ നോവലിൽ മാമൂലുകളെ വെല്ലുവിളിക്കുന്ന കഥാപാത്രം കുറുമാട്ടിയാണ്. ലൈംഗിക ചൂഷണം നടത്താൻ ഒട്ടേറെ പഴുതുകൾ നൽകുന്ന ഗോത്രനിയമങ്ങളെ, ഒരു പ്രതികാരം വീട്ടുന്നതുപോലെ അവൾ വെല്ലുവിളിക്കുന്നു. കൊടുക്കാൻ പാടില്ലാത്തതെല്ലാം കൊടുത്ത വളാണ് കുറുമാട്ടി എന്ന പ്രസ്താവന അവളുടെ പൂർവ്വ അനുഭവങ്ങളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. മറ്റേതൊരു അടിയാത്തിയേയും പോലെ പരിതാപകരമായ അവസ്ഥയിൽ ലൈംഗിക ചൂഷണത്തിന് കുറുമാട്ടിയും ഇരയായിട്ടുണ്ടായിരിക്കാം. നഷ്ടപ്പെടാനരുതാ ത്തത് നഷ്ടപ്പെട്ടു കഴിയുമ്പോൾ മറ്റ് അടിയാത്തികളിൽ നിസ്സംഗതയാണ് വന്നു നിറയുന്ന തെങ്കിൽ, കുറുമാട്ടിയിൽ ഇതേ അനുഭവങ്ങൾ താൻപോരിമയായി മാറിയെന്ന് മാത്രം. തനിക്കു നിഷേധിച്ച, സുരക്ഷിതവും സുഖദവുമായ ദാമ്പത്യം മറ്റൊരാൾ അനുഭവിക്കു ന്നതു കാണുന്നതിലെ അസഹ്യത അവളെ വിനാശകാരിയാക്കി മാറ്റുന്നു. സർവ്വതന്ത്രസ്വതന്ത്ര മായ ഒരു ജീവിതത്തിലൂടെ ഗോത്രമൂപ്പനെപ്പോലും കുറുമാട്ടി വരുതിയിൽ നിർത്തുന്നു. അവളെ ചോദ്യം ചെയ്യാനോ നിയന്ത്രിക്കാനോ ആരേയും അനുവദിക്കാതെ ആ ഗോത്ര ത്തിനെ മുഴുവൻ അവൾ നിയന്ത്രിക്കുന്നു. കുറുമാട്ടിയുടെ നിഷേധ പ്രവർത്തനങ്ങൾ പ്രതി ലോമരീതിയിൽ അവളുടെ സമൂഹത്തിൽ പ്രതിപ്രവർത്തനം നടത്തുകയാണ്. ഗോത്രനീതി യുടെ വൈകല്യങ്ങളോടുള്ള താക്കീതാണ് കുറുമാട്ടി.

## 3.17. സാമൂഹ്യ അനീതിക്കെതിരായുള്ള പോരാട്ടങ്ങൾ

അലെക്സാന്ദ്രാ കൊൽപാത്തി എന്ന ആദ്യകാല ഫെമിനിസിറ്റ്, സോഷ്യലിസ്റ്റ് വിപ്ല വവുമായി സ്ത്രീവാദത്തെ ബന്ധിപ്പിക്കുന്നു. സ്ത്രീവാദത്തിനു വിസ്തൃതമായ ഒരു തല മാണ് ഇവർ സൃഷ്ടിച്ചെടുക്കുന്നത്. ഇവർ എഴുതുന്നു

> *"ഫെമിനിസ്റ്റുകളുടെ ആവശ്യങ്ങൾ എത്രമാത്രം ഉൽപതിഷ്ണുവാണെന്നു തോന്നിച്ചാലും സ്വന്തം വർഗ്ഗനിലപാടുകൊണ്ടു തന്നെ സമൂഹത്തിന്റെ വർത്തമാന സാമ്പത്തിക സാമൂഹ്യഘടനയെ മൗലികമായി പുനർനിർമ്മി ക്കാനുള്ള ഒരു സമരത്തിലേർപ്പെടാൻ അവർക്കു കഴിയില്ലെന്നും അത്ത രമൊരു സമരം കൂടാതെ സ്ത്രീകളുടെ വിമോചനം പൂർണ്ണമാവില്ലെന്നും മറന്നുകൂടാ".* [52]

സാമൂഹ്യഘടനയിലെ ഓരോ ഘടകത്തിനും സ്വതന്ത്രമായ നിലനില്പുണ്ടെങ്കിലും ആ ഘടനയുടെ മൊത്തം പരിഷ്ക്കരണത്തിലൂടെ മാത്രമേ ഓരോ ഘടകത്തിന്റേയും പരിഷ്ക്കരണം സാധ്യമാകൂ. സാമൂഹ്യനീതി സുസാദ്ധ്യമായിടത്തേ സ്ത്രീനീതിയ്ക്കു പ്രസക്തിയുള്ളൂ.

ഓരോ വിഷയത്തിലും സ്ത്രീയുടേയും പുരുഷന്റേയും കാഴ്ചപ്പാടുകൾക്ക് വ്യത്യാസമുണ്ട്. സമൂഹനീതിയെക്കുറിച്ചുള്ള സ്ത്രീനിലപാടുകളെ വത്സലയുടെ കഥാപാത്രങ്ങളിൽ നിന്നു വായിച്ചെടുക്കാം.

ഈ വിഭാഗത്തിൽ ആദ്യം പരാമർശിക്കേണ്ട കഥാപാത്രം 'ആഗ്നേയ'ത്തിലെ നങ്ങേമയാണ്. ഒരു കാലഘട്ടത്തിൽ കേരളത്തിൽ ശക്തമായിരുന്ന നക്സലൈറ്റ് പ്രസ്ഥാനം പ്രതിപാദ്യമാകുന്ന ഈ നോവലിൽ സമൂഹത്തെക്കുറിച്ച്, വിപ്ലവത്തെക്കുറിച്ച് ഒരു സ്ത്രീയ്ക്കു മാത്രം കല്പിക്കാവുന്ന തീർപ്പുകളെ നങ്ങേമയിലൂടെ നോവലിസ്റ്റ് വെളിപ്പെടുത്തുന്നു.

കായികബലവും അധികാരവും പ്രതാപവും ഉപയോഗിച്ച് നടത്തുന്ന കയ്യേറ്റങ്ങളെ, അതാരുതന്നെയായാലും നങ്ങേമ സഹിച്ച് വഴങ്ങിക്കൊടുക്കുകയില്ല. ആൺതുണയില്ലാത്ത വീട്ടിൽ വർഗ്ഗീയലഹളക്കാലത്ത്, ആ നാടിനെ മുഴുവൻ അടക്കിഭരിക്കുന്ന കേയിയും കൂട്ടരും അലറിവിളിച്ചിട്ടും, വളപ്പിലെ ഫലവൃക്ഷങ്ങളെല്ലാം അരിഞ്ഞുവീഴ്ത്തിയിട്ടും,

*"തെങ്ങുകളുടെ കുരലല്ലേ അവന്നരിയാനൊക്കൂ"*[53]

എന്നു പിടിച്ചുനിൽക്കുന്നുണ്ട് നങ്ങേമ. മക്കളെ അമ്മയെ ഏല്പിച്ച് വയനാട്ടിലെ മണ്ണിനോട് നങ്ങേമ മല്ലിടുന്നു. ബുദ്ധിമാനായ മകൻ അപ്പുവിന്റെ വായനയുടേയും ചിന്തയുടേയും ലോകങ്ങൾ അപകടകാരികളായിരുന്നു എന്ന് നങ്ങേമ അറിഞ്ഞിരുന്നില്ല.

ആദിവാസികൾക്കു പതിച്ചുകൊടുക്കണമെന്ന് അപ്പു ആഗ്രഹിക്കുന്ന റവന്യൂ ഭൂമി മുങ്ങിപ്പോകും എന്നുള്ളതുകൊണ്ട്, അണക്കെട്ട് വരുന്നതിനോട് അപ്പു യോജിക്കുന്നില്ല. സഹോദരനായ കേശു കൈക്കൂലി കൊടുത്ത് ഉദ്യോഗം വാങ്ങുന്നതിനെ അപ്പു എതിർക്കുന്നു. മകന്റെ ഇത്തരം ആദർശങ്ങളോട് ആദ്യമൊന്നും നങ്ങേമ അനുകൂലിക്കുന്നില്ല.

*"എല്ലാവരും തൻകാര്യം നോക്കിയാൽ നാട് നന്നാവും നിന്നെപ്പോലുള്ള വർ നന്നാക്കാൻ നടക്കേണ്ട"*[54]

എന്നാണ് സ്വന്തം ജീവിതം നൽകിയ പാഠമോർത്തുകൊണ്ട് നങ്ങേമ പറയുന്നത്. പക്ഷേ പതുക്കെ അമ്മ മകനെ മനസ്സിലാക്കാൻ തുടങ്ങുന്നു. സ്വാതന്ത്ര്യം വന്നു കാണാൻ മോഹിച്ച് ജീവിതം ഹോമിച്ച ഒരാളുടെ ഭാര്യയായിരുന്ന നങ്ങേമയെ, മകൻ, ആ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്ന സാമൂഹ്യക്രമത്തെക്കുറിച്ച് ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. അപകടകരങ്ങളായ മകന്റെ കൂടിയാലോചനകളും യാത്രകളും കാണുമ്പോൾ നങ്ങേമ ചിന്തിക്കുന്നുത്

*"രാഷ്ട്രീയത്തിനു പോയി ഒടിഞ്ഞ എല്ലുകളുടെ ചുമടുമായി വീട്ടിൽ തിരിച്ചെത്തിയ നിന്റെ അച്ഛൻ! അച്ഛനു പിറന്ന മകൻ"*[55]എന്നാണ്.

മകന്റെ പ്രവർത്തനങ്ങൾ മകനെ കുറ്റവാളിയും, അമ്മയെ കടക്കാരിയുമാക്കി മാറ്റുന്നു. സുഹൃത്തായ പൗലോസ് ചെയ്ത കൊലക്കുറ്റത്തിനാണ് അപ്പു അറസ്റ്റിലാകുന്നത്. പൗലോസിനെ തെരഞ്ഞ് വലിയൊരു സംഘം പോലീസ് അക്കരെ തമ്പടിച്ചിരിക്കുന്ന ഒരു രാത്രിയിൽ ഗതികെട്ട് നങ്ങേമയുടെ അടുത്തെത്തുന്ന പൗലോസിനോട് നങ്ങേമ ചോദിക്കുന്നത്.

*"നിനക്കു ചോറുതന്നതിനാണെങ്കിൽ അവരെന്നേയും കൊണ്ടുപോകാത്തതെന്ത്? ഇപ്പോൾ നീ അന്നം പോയിട്ട് ദാഹിച്ച വെള്ളം കണ്ടിട്ട് നാളെത്രയായി? ഇതൊക്കെ ആർക്ക്?"*[56]

എന്നുമാത്രമാണ്!

സ്വന്തം മകനെ ബലിയാടാക്കിയതിലുള്ള ഒരമ്മയുടെ ആകുലതകളേക്കാൾ ഒരു തലമുറയുടെ വിധിയോർത്തുള്ള മാതൃസഹജമായ വ്യാകുലതകളാണ് ഈ വാക്കുകളിലുള്ളത്. നങ്ങേമയുടെ അമ്മമനസ്സിന്റെ വളർച്ച അവരുടെ ആത്മഗതത്തിലുണ്ട്.

*"അപ്പൂ ഇന്നു ഞാൻ ശരിക്കും നിന്റെ അമ്മയായി. ഒന്നുകൈ ഞൊടിച്ചാൽ, ഒരു ശ്വാസം ചെലവാക്കിയാൽ എനിക്കവനെ അക്കരെ തമ്പടിച്ചു കൂടുന്ന പട്ടാളത്തെ ഏൽപ്പിക്കാമായിരുന്നു. നിന്നെ വലയം ചെയ്ത*

*കറുത്ത നിഴലിനെ നീക്കം ചെയ്യാമായിരുന്നു. എങ്കിൽ നീ എന്നേക്കും എനിക്കു നഷ്ടമായേനേ. ഞാൻ നിന്റെ അമ്മയല്ലാതായിത്തീരാൻ ആഗ്രഹിക്കുന്നില്ല"*.[57]

പുത്രവാത്സല്യത്തിൽ പൂരിതയായി നിൽക്കുമ്പോഴും ഇങ്ങനെ ഒരു നിലപാടെടുക്കാൻ ധീരത കാണിക്കുന്ന ഒരമ്മ മലയാള സാഹിത്യത്തിൽത്തന്നെ വേറെയില്ല. മാതൃത്വത്തിന്റെ മഹനീയഭാവങ്ങളെ സ്വകാര്യ വ്യഷ്ടിതലങ്ങളിൽ നിന്നുവികസിപ്പിച്ചെടുക്കുകയാണ് നങ്ങേമ. സെയ്തിനെ കൗശലപൂർവ്വം കൊല ചെയ്തവനാണെന്നറിഞ്ഞിട്ടും അവസാനംവരെ പൗലോസിന്റെ രക്ഷകയാകുന്നുണ്ട് നങ്ങേമ. അക്രമങ്ങളെ നങ്ങേമ അനുകൂലിക്കുന്നുവെന്ന് ഇതിന് അർത്ഥമില്ല. തന്റെ പ്രവൃത്തികളുടെ ന്യായം നങ്ങേമയുടെ ആത്മഗതത്തിൽത്തന്നെയുണ്ട്.

*"സെയ്തിന്റെ രക്തം പുരണ്ട കൈകളുടെ ഉടമ അവനല്ല. നിരവധി വർഷങ്ങളുടെ അമർഷം നൽകിയ കൈ നിരവധി ചിന്തകളുടെ ഊരാക്കുടുക്കുകളിൽ അകപ്പെട്ടുപോയ മനസ്സ്"*.[58]

രക്തച്ചൊരിച്ചിലുകൾ നിഷേധിക്കുമ്പോഴും നങ്ങേമയുടെ മനസ്സ് യുവത്വത്തിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്നു. ഒരു ക്രിമിനലിന് ഒത്താശ ചെയ്തുകൊടുത്തതിലുള്ള പശ്ചാത്താപമല്ല, താൻ ചെയ്തുകൊടുത്തത് പൂർണ്ണമായില്ല എന്ന ഖേദമാണ് അവസാനം വരെ നങ്ങേമയ്ക്കുള്ളത്.

*"നീ എല്ലാം നൽകാനിച്ഛിച്ചവർ നിനക്കുവേണ്ടി ഒരുതലനാരിഴപോലും നൽകിയില്ല"*.[59]

എന്നു പൗലോസിന്റെ മരണവാർത്ത അറിയുമ്പോൾ മൗനമായി അവർ ഏറ്റുപറയുന്നുണ്ട്. ഭൂമിയിൽ നീതിയും സമത്വവും കാംക്ഷിച്ച് പ്രവർത്തിച്ച്, സ്വയം എരിഞ്ഞടങ്ങിയ ഒരുതലമുറയെക്കുറിച്ചോർത്തുള്ള ദുഃഖം ഈ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നു.

സ്ത്രീയ്ക്ക് ഒരിക്കലും അക്രമങ്ങളെ അനുകൂലിക്കാനാകില്ല. മകന്റേയും കൂട്ടുകാരുടേയും ആശയങ്ങളെ, ലക്ഷ്യത്തെ, അനുകൂലിക്കുമ്പോഴും അവരുടെ മാർഗ്ഗത്തെ നങ്ങേമ ഒരിക്കലും പിൻതാങ്ങുന്നില്ല.

*"ഞാനന്നേ പറഞ്ഞു വേണ്ടാത്തതിനൊന്നും പോകേണ്ടെന്ന്. ഇപ്പോഴോ...."*[60]

നങ്ങേമയുടെ വിജയം ഇക്കാര്യം അവസാനമാണെങ്കിലും ആ ചെറുപ്പക്കാരനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നതാണ്.

> *"അമ്മേ മാപ്പ്'! അവന്റെ കണ്ണുകളിൽ തിളങ്ങിയതു വെറും ദുഃഖത്തിന്റെ മുത്തുമണികളല്ലായിരുന്നു. അറിവിന്റെ അപരാധബോധത്തിന്റെ മുന്നാലോചനയില്ലായ്മയുടെ..."*[61]

നങ്ങേമ സാമൂഹ്യനീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളിൽ നേരിട്ട് ഭാഗഭാക്കാകുന്നില്ല. അനീതികളെ എതിർത്തു നിൽക്കുന്ന നങ്ങേമയ്ക്ക്, ആ മനസ്സുള്ളതുകൊണ്ടാണ് മകനേയും കൂട്ടരേയും അവരുടെ പ്രവർത്തനങ്ങളേയും ഉൾക്കൊള്ളാനായത്. സമൂഹത്തേയും വിപ്ലവങ്ങളേയും കുറിച്ചുള്ള നോവലിസ്റ്റിന്റെ ദർശനമാണ് നങ്ങേമയിലൂടെ വ്യക്തമാകുന്നത്. വിപ്ലവത്തെക്കുറിച്ച് 'ഗൗതമ'നിലൂടെയും വത്സല സംവദിക്കുന്നുണ്ട്.

കലാപകാരികൾ കയ്യടക്കിയ ഒരു ഗ്രാമമാണ് രാമപുരം. അവിടെ തന്റേതുമാത്രമായ ഒരു ലോകത്തിൽ ശാന്തമായി ഗൗതമൻ ജീവിക്കുമ്പോൾ അപ്രതീക്ഷിതമായി ഒരാൾ കയറി വന്നു. അപകടകാരിയായ അയാൾ അവിടെ തന്റെ ഒളിസങ്കേതമായി മാറ്റുന്നു. മാത്രമല്ല, തന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഗൗതമനെ അയാൾ ഉപയോഗിക്കുകയും ചെയ്യുന്നു. ഇവിടെ ഗൗതമന്റെ ചിന്ത വളരെ പ്രസക്തമാണ്

> *"അവനെന്താണ് വിചാരിച്ചിരിക്കുന്നത്? വിപ്ലവം നടത്തുമ്പോഴും അടിമകളെ പുലർത്താമെന്നോ? ഇവിടേയും അവനു സിഗരറ്റ് വേണം, ചായ വേണം! മലയിടുക്കുകളിൽ ഒരു തീപ്പൊരി ഉയർന്നാൽ അവന്റെ വിപ്ലവം സഫലമാകുമോ? പാവപ്പെട്ട കർഷകത്തൊഴിലാളികൾ തിരിച്ചുവരുമോ"*.[62]

നോവൽ അവസാനിക്കുന്നിടത്ത് വിപ്ലവകാരിയുടെ ആത്മഹത്യ കാണാം.

'ആഗ്നേയ'ത്തിൽ പ്രദർശിപ്പിക്കുന്ന അനുഭാവങ്ങൾ കൂടി 'ഗൗതമനി'ൽ കാണാനാകുന്നില്ല. വിപ്ലവത്തിന്റെ പരാജയങ്ങളും വിപ്ലവകാരികളുടെ ദുരന്തങ്ങളും അനിവാര്യമാ

ണെന്നു നോവലിസ്റ്റ് വ്യക്തമാക്കുന്നു. സമൂഹത്തിൽ അനീതികൾ രൂക്ഷമാകുമ്പോൾ ഒരു ആഘാതചികിത്സ ആവശ്യമാണ്. അവിടേയും ചികിത്സാ മാർഗ്ഗത്തിനുണ്ടായിരിക്കേണ്ട ധാർമ്മികതയെയാണ് നോവലിസ്റ്റ് ഓർമ്മിപ്പിക്കുന്നത്.

'റോസ്മേരിയുടെ ആകാശങ്ങ'ളിലെ ആലീസ് ഒരു സാമൂഹ്യപ്രവർത്തക തന്നെയാണ്. സാമൂഹ്യപ്രവർത്തനത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ ആലീസിനുണ്ട്. തന്റെ കർമ്മമേഖല ആലീസ് തിരിച്ചറിയുന്നു. ഗ്രാമീണരുടെ പ്രശ്നങ്ങളെ അകന്നുനിന്നു നോക്കിക്കണ്ട് താത്ക്കാലിക പ്രശ്നപരിഹാരം നടത്തി, സേവനം പൂർണ്ണമായി എന്നു കരുതുന്ന സമീപനങ്ങളോട് ആലീസ് യോജിക്കുന്നില്ല. ഗ്രാമീണരുടെ മാനസിക സംഘർഷങ്ങൾ കൂടി ആലീസ് തിരിച്ചറിയുന്നു.

> *"പള്ളിയിൽ വരുന്നതുകൊണ്ട് മാത്രം അവർ സത്യക്രിസ്ത്യാനിയാകുമോ?' കാമപൂജാ നൃത്തം ചെയ്തതുകൊണ്ട് ഉത്തമ ഹിന്ദു ആകുമോ? ഇവരുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന വെളിച്ചം മറനീക്കി കൊണ്ടുവരികയാണ് എന്റെ ലക്ഷ്യം".*[63]

ആദിവാസികളായ ഗ്രാമീണർ നേരിടുന്ന പാരിസ്ഥിതിക, സാംസ്ക്കാരിക പ്രശ്നങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിലാണ് ആലീസ്. അവരുടെ നിത്യജീവിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനോടൊപ്പംതന്നെ യോഗങ്ങൾ സംഘടിപ്പിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നു. ഝാർഖണ്ഡ് എന്ന സംസ്ഥാനരൂപീകരണത്തിനായുള്ള ശ്രമങ്ങളിൽ ആലീസ് അവരോടൊപ്പം പ്രവർത്തിക്കുന്നു. തന്റെ പ്രവർത്തനങ്ങളെ ഉൾക്കൊള്ളാനാകാത്ത മതസ്ഥാപനത്തിന്റെ സംരക്ഷണത്തെയാണ്, കന്യാസ്ത്രീപ്പട്ട തിരസ്ക്കരണത്തിലൂടെ ആലീസ് നിരാകരിക്കുന്നത്. സാമൂഹ്യസേവനം ആദായകരമായ തൊഴിൽ മേഖലയായി മാറിയ വർത്തമാനത്തിൽ മരണം വരെ നിലപാടുകൾ മാറ്റാതെ ജീവിക്കുന്ന ആലീസ് ധീരയായ സ്ത്രീ എന്നതിനുമപ്പുറത്തേയ്ക്കു വളരുന്നു. സാമൂഹ്യ നന്മയ്ക്കുള്ള പ്രവർത്തനങ്ങൾ വെറും ഒരാദർശമാക്കി ആലീസ് ഒതുക്കി നിർത്തുന്നില്ല.

സാമൂഹ്യപ്രവർത്തനം ഒരാദർശമോ, ആശയമോ അല്ലെന്ന് അരവിന്ദനെ 'ആരും മരി

ക്കുന്നില്ല' എന്ന നോവലിൽ ഗിരിജ ഓർമ്മിപ്പിക്കുന്നുണ്ട്. വടക്കേയിന്ത്യയിൽ പശുവധത്തിനെതിരെ ഒരു സന്യാസി നടത്തുന്ന നിരാഹാരസമരത്തെ പിന്തുണയ്ക്കാൻ പുറപ്പെടുന്ന അരവിന്ദനോട് ഗിരിജ ചോദിക്കുന്നു.

> *"അരവിന്ദനു പ്രാന്തുണ്ടോ? ചാവാതെ ചത്തു നടക്കുന്ന പൈക്കൾക്കു വല്ലവരും മോക്ഷം കൊടുക്കുമെങ്കിൽ അതല്ലേ നല്ലത്?"*
>
> *"വിപ്ലവചിന്ത എന്തുകൊണ്ടാണ് ഒരുതരം കിറുക്കായി മാറുന്നത്? ഒന്നു കഴിഞ്ഞാൽ മറ്റൊന്ന്! ഒരു തുടർക്കഥ വായിക്കുന്ന ലാഘവത്തോടെ നിങ്ങൾ വിപ്ലവം കൈകാര്യം ചെയ്യുന്നു".*[64]

ഓരോ കാലത്തേയും താൽപര്യത്തിനനുസരിച്ച് പരിസ്ഥിതി, പക്ഷിസംരക്ഷണം, ഹരിജനോദ്ധാരണം എന്നിങ്ങനെ സാമൂഹ്യപ്രവർത്തനങ്ങൾ മാറി മാറി പരീക്ഷിക്കുകയും എന്നാൽ ഒന്നിന്റേയും പ്രാവർത്തികതയെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന രീതികളെയാണ് ഗിരിജ ചോദ്യം ചെയ്യുന്നത്.

കയറിക്കിടക്കാൻ പോലും ഭൂമിയില്ലാത്ത പാവങ്ങൾക്ക് അരവിന്ദൻ തന്റെ കുടുംബസ്വത്ത് ഔദാര്യമായി നൽകാൻ തീരുമാനിക്കുന്നു. ഈ അവസരത്തിൽ ഗിരിജ ചോദിക്കുന്നു.

> *"അരവിന്ദൻ ഈ മരുപ്പറമ്പ് അവർക്കു കൊടുത്തുകളയാമെന്നു പറയുന്നത് സ്വന്തം സംതൃപ്തിക്കുവേണ്ടിയല്ലേ? വാസ്തവത്തിൽ ഈ ഭൂമി അരവിന്ദന്റേതാണോ? കാരണവരുടേതാണോ? അവിടെ വന്നുകുടിപാർക്കുവാനുള്ള അവകാശം ആ പാവപ്പെട്ട മനുഷ്യർക്കില്ലേ? ഒരു വിപ്ലവകാരിയുടെ നേതൃത്വം ഇതിന്നാവശ്യമുണ്ടോ?"*[65]

ആദർശങ്ങളുടെ സത്യസന്ധതയെയാണ് ഗിരിജ ചോദ്യം ചെയ്യുന്നത്. സമൂഹത്തിനാവശ്യം ആദർശങ്ങളല്ല, പ്രവർത്തനങ്ങളാണ്. പ്രാവർത്തികങ്ങളല്ലാത്ത ആദർശങ്ങളുടെ പ്രചാരം നടത്തുക മാത്രം ചെയ്യുന്നതു സാമൂഹ്യപ്രവർത്തനമാകില്ല എന്ന് ഈ കഥാപാത്രത്തിലൂടെ നോവലിസ്റ്റ് വെളിപ്പെടുത്തുന്നു.

### 3.18. സ്ത്രീവാദവും പുരുഷനും

പാരമ്പര്യ സ്ത്രീവാദം പുരുഷനു കല്പിച്ചനുവദിച്ചിരിക്കുന്ന സ്ഥാനം പ്രതിദ്വന്ദിയുടേതാണ്. സാമൂഹ്യ രാഷ്ട്രീയ മാനങ്ങളെ നിരാകരിക്കുമ്പോഴാണ് സ്ത്രീവാദം, സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ നടത്തുന്ന പ്രക്ഷോഭങ്ങളായി പരിമിതപ്പെട്ടുപോകുന്നത്. സ്ത്രീവാദ ചിന്തകളുമായി ഇടപഴകുന്നതിൽ പുരുഷന്മാർക്കുണ്ടാകുന്ന അസ്വാരസ്യങ്ങളെ ഒരു ലേഖകൻ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു.

> *"കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ആധിപത്യസ്ഥാനങ്ങൾ കാലങ്ങളായി അനുഭവിക്കുന്ന പുരുഷന് ആ ആധിപത്യം സമ്മാനിക്കുന്ന ആനുകൂല്യങ്ങളെ പെട്ടെന്നു നിരാകരിക്കാനും എളുപ്പമല്ല. ഫെമിനിസ്റ്റ് പ്രസ്ഥാനവുമായി ആഭിമുഖ്യം പുലർത്താൻ പുരുഷന്മാർക്കു കഴിയാത്തത് സ്വകാര്യ ജീവിതമായി മാറ്റി നിർത്തിയ സുരക്ഷിതമേഖലയെ അതു ശല്യം ചെയ്യുന്നു എന്നതുകൊണ്ടാണ്!"* [66]

പാരിസ്ഥിതിക സ്ത്രീവാദം ഒരിക്കലും പുരുഷനെ ശത്രുവായി കാണുന്നില്ല. സ്ത്രീയുടേയും തദ്വാരാ പുരുഷന്റേയും ഉന്നമനത്തിന് സ്ത്രീപുരുഷസഹവർത്തിത്വം കൂടിയേ തീരൂ. ഫെമിനിസ്റ്റ് എന്നു പ്രഖ്യാപിക്കാത്തതുകൊണ്ട് സ്ത്രീവാദത്തിലെ സങ്കുചിതത്വങ്ങൾ വത്സലയുടെ നോവലുകളെ ബാധിക്കുന്നില്ല. അതുപോലെ സ്ത്രീവാദം സ്ത്രീമാത്രം പ്രകടിപ്പിക്കേണ്ട ഒന്നായി പരിമിതപ്പെടുത്തുന്നുമില്ല. തങ്ങളുടെ ലിംഗപദവിയുടെ അധീശഭാവങ്ങളെ നിരാകരിക്കാൻ കഴിയുന്ന പുരുഷന്മാരിലൂടേയും, വത്സലയുടെ നോവലുകളിൽ സ്ത്രീവാദചിന്തകൾ വിനിമയം ചെയ്യപ്പെടുന്നുണ്ട്.

സ്ത്രീവാദത്തിന്റെ പരമ്പരാഗത പുരുഷവിദ്വേഷനയങ്ങളെ വത്സല പിന്തുടരുന്നില്ല എന്നു എം.ലീലാവതി നിരീക്ഷിച്ചിട്ടുണ്ട്.

> *"സ്ത്രീവാദത്തിനു സാഘോഷമായ പ്രചാരം സിദ്ധിച്ചുകഴിഞ്ഞിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ സ്ത്രീയുടെ തന്റേടവും അന്തർബലവും ധീരസാഹസികതയും സ്വപ്രത്യയസ്ഥൈര്യവും നിശ്ചയദാർഢ്യവും പ്രതിഷ്ഠി*

*ക്കാൻവേണ്ടി വത്സല ഒരു കോവിൽ പണിതു. എന്നാൽ പുരുഷവിദ്വേഷമോ, സ്ത്രീയെ ചൂഷണത്തിനിരയാക്കുന്നവരാണ് സമസ്തപുരുഷന്മാരുമെന്ന തെറ്റായ സമീപനമോ വത്സലയിലില്ല."*[67]

ഇതുവരെ പരാമർശിച്ച സ്ത്രീകഥാപാത്രങ്ങളിൽ മിക്കവർക്കും അവരുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും പ്രചോദനവും പിന്തുണയുമായി പുരുഷകഥാപാത്രങ്ങളുണ്ട്.

'നെല്ലി'ൽ മാര ആപദ്ഘട്ടങ്ങളിലെല്ലാം ആശ്രയിക്കുന്നത് 'വെളുത്ത തമ്പ്രാനെ'യാണ്. മാരയുടെ ഗോത്രവും ഗോത്രഅംഗങ്ങളും, സ്ത്രീയായിട്ടും വാരസ്യാരും, ദുരിതങ്ങളിൽ അവളെ കണ്ടില്ലെന്നു നടിക്കുന്നു. മാരയെ മനസ്സിലാക്കുന്നതു രാഘവൻ നായർ മാത്രമാണ്. വിധവയുടെ അരക്ഷിത ജീവിതസന്ദർഭത്തിൽ മറ്റേത് അടിയാത്തികളേയും പോലെ നിരന്തര ചൂഷണങ്ങൾക്ക് ഇരയാകാതെ അവൾ രക്ഷപ്പെട്ടു നിൽക്കുന്നത് രാഘവൻ നായരുടെ പിന്തുണയുള്ളതുകൊണ്ടാണ്. കുറുമാട്ടിയെ ഇപ്രകാരം ഒരു പ്രതിനായികയാക്കി മാറ്റിയത് ഇത്തരം സുരക്ഷിതത്വങ്ങളുടെ അഭാവമാണ്.

തെറ്റുകാരനല്ലെന്ന ഉത്തമബോധ്യത്തിലും മാരയ്ക്കു വേണ്ടി രാഘവൻ നായർ തപ്പ് കെട്ടുന്നുണ്ട്. അതിന് അദ്ദേഹം നൽകുന്ന വിശദീകരണം ശ്രദ്ധേയമാണ്.

*"ഇഞ്ചി വിറ്റ കാശ്, ഇത് തന്റെ അധ്വാനഫലം. പുറംപോക്കുമണ്ണിൽ നിന്നു കിട്ടിയത്. ഉടമസ്ഥനില്ലാത്ത ഒരു പെണ്ണിന്, നാഥനില്ലാത്ത ഒരു കുഞ്ഞിന് നൽകുന്നു. മണ്ണിൽ നിന്നു കിട്ടിയത് പെണ്ണിന്, മണ്ണും പെണ്ണും ഒന്നാണിവിടെ. ഇവിടത്തെ മേലാളർ രണ്ടിനേയും കൊള്ള ചെയ്യുന്നു".*[68]

താൻ പ്രതിനിധാനം ചെയ്യുന്ന മേലാള സമുദായത്തിന്റെ, പുരുഷവർഗ്ഗത്തിന്റെ, സമസ്താപരാധങ്ങൾക്കും പ്രായശ്ചിത്തം ചെയ്യുകയാണ് രാഘവൻ നായർ.

'ആഗ്നേയ'ത്തിൽ നങ്ങേമയ്ക്ക് തന്റെ യാത്രകളിൽ പലപ്പോഴും ദിശാബോധം നൽകുന്നത് പത്മനാഭമേനോനാണ്. ചെയ്തുതീർക്കേണ്ട ഉത്തരവാദിത്വങ്ങളാണ് നങ്ങേമയ്ക്കു ജീവിതം എന്നുള്ളതുകൊണ്ട് പത്മനാഭമേനോൻ പ്രതീക്ഷിക്കുന്ന പ്രണയ ഭാവങ്ങളൊന്നും നങ്ങേമ പ്രകടിപ്പിക്കുന്നില്ല. എങ്കിലും സന്ദിഗ്ദ്ധ ഘട്ടങ്ങളിലെല്ലാം നങ്ങേമ വിശ്വസ്തത

യോടെ ആശ്രയിക്കുന്നതു ഇദ്ദേഹത്തെത്തന്നെയാണ്. ആദ്യമായി വയനാട്ടിൽ ഒരു വസ്തു വാങ്ങുന്നതിനും, അവിടെ കൃഷിയിറക്കുന്നതിനും ഒത്താശകൾ ചെയ്തുകൊടുക്കുന്നത് പത്മനാഭമേനോനാണ്. അവസാനം പോലീസ് ലോക്കപ്പിൽ കിടക്കുന്ന മകനുവേണ്ടി ജാമ്യം സമർപ്പിക്കുവാനും കേസ് നടത്തുവാനും ഇദ്ദേഹം മാത്രമാണ് നങ്ങേമയ്ക്കൊപ്പം നിൽക്കുന്നത്. ചുരുക്കത്തിൽ നങ്ങേമയുടെ കരുത്തുറ്റ പ്രവൃത്തികൾക്ക് ഒരു രാസത്വരക മായി ഈ കഥാപാത്രം നിലകൊള്ളുന്നു.

'ആരും മരിക്കുന്നില്ല' എന്ന നോവലിൽ ഗിരിജയും ഭർത്തൃസഹോദരൻ അരവിന്ദനും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. ഗിരിജയെ ഒരു വ്യക്തിയായി കാണുന്ന ഒരേയൊ രാൾ അരവിന്ദൻ മാത്രമാണ്.

> *"അവളെ നിക്ഷേപമായി കാണുന്ന ഭർത്താവ് ഗോപീകൃഷ്ണൻ. ആ തറ വാട്ടിലെ വളർത്തുനായയും, പൂച്ചകളും കാക്കകളും ഇറയത്തിഴയുന്ന ചാത്തുവിന്റെ മക്കളും ഗിരിജയും തമ്മിൽ ഒരു വ്യത്യാസവുമില്ല. വ്യത്യാ സമുണ്ടെന്നു കണ്ടുപിടിക്കുന്നത് അരവിന്ദൻ മാത്രമാണ്"* [69] എന്ന് ഗിരിജ ഓർക്കുന്നുണ്ട്.

മുരടിച്ചുപോകുമായിരുന്ന ഗിരിജയുടെ ജീവിതത്തെ അരവിന്ദൻ അക്ഷീണമാക്കി നില നിർത്തുന്നുണ്ടെങ്കിൽ, തിരിച്ച് വികലമായിപ്പോകുന്ന അരവിന്ദന്റെ സാമൂഹ്യധാരണകളെ ഗിരിജ തിരുത്തുന്നുമുണ്ട്.

ഒരു ഗ്രാമം മുഴുവൻ തിരസ്ക്കരിച്ചിട്ടും തന്റെ ലക്ഷ്യത്തിലേയ്ക്ക് പ്രയാണം ചെയ്യുന്നതി നിടയിൽ ഗൗതമനെ മാത്രമാണ് 'ഗൗതമനി'ലെ നന്ദിനി വിശ്വസിക്കുന്നത്.

'തകർച്ച'യിലും 'നിഴലുറങ്ങുന്ന വഴികളി'ലും സരസുവിനും മാധവിയ്ക്കും തങ്ങളുടെ നിസ്സഹായാവസ്ഥകളിൽ അല്പമെങ്കിലും ആശ്വാസം പകരുന്നത് സുകുമാരനും ശങ്ക രൻകുട്ടിയുമാണ്. അവരവരുടേതായ പ്രാരാബ്ധങ്ങളുള്ളതുകൊണ്ട് ഈ രണ്ടുപേർക്കും സരസുവിന്റേയും മാധവിയുടേയും രക്ഷകരാകാൻ കഴിയുന്നില്ല. എങ്കിലും ചില ഘട്ടങ്ങ ളിൽ തുടർന്ന് ജീവിക്കാനുള്ള ഇച്ഛാശക്തി ഈ പുരുഷകഥാപാത്രങ്ങൾ നൽകുന്നുണ്ട്.

സ്ത്രീസ്വത്വത്തിന്റെ തിരിച്ചറിവും വീണ്ടെടുക്കലുമാണ് വത്സല നോവലുകളിലൂടെ നടത്തുന്നത്. അനീതികളെ എവിടേയും എതിർക്കുന്ന ഈ നോവലുകളിൽ സ്ത്രീയുടെ സഹജഭാവങ്ങളെ ഒരിടത്തും നിഷേധിക്കുന്നില്ല. സ്ത്രീപദവികളെക്കുറിച്ച് തികച്ചും ബോധവതിയായ നോവലിസ്റ്റ് ആ സ്ഥാപനങ്ങളെ ചൂഷണം ചെയ്യുന്നതാണ് എതിർക്കുന്നത്. സ്ത്രീത്വത്തെ നിഷേധിക്കുകയല്ല, അതിന്റെ തികവിനായി ശ്രമിക്കുകയാണ് ചെയ്യുന്നത്. വത്സലയുടെ കൃതികളെക്കൂടി ഉദ്ദേശിച്ച് വിമർശനവും വേദനയും കുതറലുമാണ് എങ്കിലും സമ്പൂർണ്ണകലഹം ഇല്ല എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.[70]

ഈ കൃതികളിലെ 'കഥ' പരിശോധിക്കുകയാണെങ്കിൽ അതതു കാലഘട്ടവുമായി അവയെല്ലാംതന്നെ പൊരുത്തപ്പെട്ടുപോകുന്നു എന്നു കാണാം. കാല്പനികതയുടെ അതിഭാവുകത്വം ഒരു നോവലിലുമില്ല. തങ്ങളുടെ അവസ്ഥകളിൽ പല സ്ത്രീകഥാപാത്രങ്ങളും പ്രതിഷേധം പ്രകടിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ; പ്രവർത്തിച്ചു കാണിക്കുന്നില്ല. അങ്ങനെയുള്ള പ്രവർത്തനങ്ങൾ ആ കഥാപാത്രങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യും.

എഴുത്തുകാരിയുടെ ദർശനം പ്രസാദാത്മകമാണ്. ജീവിതത്തെക്കുറിച്ച് പ്രതീക്ഷയും പ്രത്യാശയും ശുഭാപ്തി വിശ്വാസവും വത്സലയുടെ കഥാപാത്രങ്ങൾ പ്രദർശിപ്പിക്കുന്നു. വത്സലയുടെ രചനകളിൽ ദർശിക്കാവുന്ന ഈ സവിശേഷത മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു.

> *"വത്സലയുടെ വീക്ഷണം അന്തർമ്മുഖതയുടേതല്ല സാമൂഹികമാണ്. നിരാശാഭരിതമല്ല പ്രതീക്ഷാനിർഭരമാണ്."*[71]

സാമ്പത്തികമായി തകർന്ന് തന്റെ വീട്ടിലേയ്ക്കുള്ള സരസുവിന്റെ തിരിച്ചുവരവും, മകൻ ജയിലിലായതിനെ തുടർന്ന് എല്ലാം നഷ്ടപ്പെട്ട നങ്ങേമയുടെ മടക്കയാത്രയും മുൻനിർത്തി, വത്സലയുടെ സ്ത്രീകഥാപാത്രങ്ങളെല്ലാം പരാജിതരാണെന്ന് [72] തീർപ്പുകല്പിക്കുന്നതിൽ അർത്ഥമില്ല. ലക്ഷ്യപ്രാപ്തി പോലെത്തന്നെ പ്രധാനമാണ് അതിനായി നടത്തുന്ന പ്രയത്നങ്ങളും. ജീവിതത്തിൽ ആഗ്രഹിച്ചതെല്ലാം തനിയെ നേടിയെടുക്കുന്ന നങ്ങേമ വിധിയുടെ മുന്നിലാണ് കീഴടങ്ങുന്നത്. ആ വിധിയോടും പോരാടാൻ നങ്ങേമ തയ്യാറാണ്. ഇങ്ങനെയുള്ള ഒരു കഥാപാത്രത്തെ പരാജിതയെന്നു പറയാനാകില്ല. 'നെല്ല്' മാരയ്ക്കു പുത്തൻ

ജീവിതപ്രതീക്ഷകൾ നൽകിക്കൊണ്ടാണ് അവസാനിക്കുന്നത്. താൻ പ്രസവിക്കുന്ന കുഞ്ഞെങ്കിലും തന്റെ രക്ഷകനാകും എന്ന അമ്മിണിയുടെ നിലവിളിയാണ് 'നമ്പരു'കളുടെ അവസാനത്തിൽ. ജീവിതത്തിന്റെ നൈരന്തര്യത്തെ തിരിച്ചറിഞ്ഞ് ഗൃഹഭരണം തന്റേടത്തോടെ ഏറ്റെടുക്കുന്ന ഗിരിജയുടെ ശുഭാപ്തി വിശ്വാസത്തിലാണ് 'ആരും മരിക്കുന്നില്ല' എന്ന നോവലിന്റെ പരിസമാപ്തി. കാരണവർ നൽകിയ കതിർക്കനമുള്ള വിത്തുകളുമായി പ്രതീക്ഷകളോടെയാണ് മുരളി കൂമൻകൊല്ലിയിലേക്കു തിരിച്ചുവരുന്നത്. പരസ്പരം അറിയുന്ന രണ്ടു വ്യക്തികളുടെ ബാന്ധവം 'റോസ്മേരിയുടെ ആകാശങ്ങളു'ടെ അന്ത്യത്തെ പ്രകാശമാനമാക്കുന്നു.

പെണ്ണെഴുത്തിനെക്കുറിച്ചുള്ള നാൻസി മില്ലറുടെ ഈ അഭിപ്രായം ശ്രദ്ധേയമാണ്.

> *"ഒരു വർത്തമാന യാഥാർത്ഥ്യക്കാളേറെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രതീക്ഷയാണ് പെണ്ണെഴുത്ത്".*[73]

പ്രതീക്ഷ സ്ത്രൈണതയുടെ ഭാവമാണെങ്കിൽ അതിൽത്തന്നെ ശുഭപ്രതീക്ഷയാണ് വത്സലയുടെ നോവലുകളുടെ മുഖമുദ്ര.

### 3.19. ഭാഷ

പുരുഷനിർമ്മിതമായ ഭാഷയ്ക്കകത്തു നിന്നുകൊണ്ട് സ്ത്രീയ്ക്കു സ്വത്വാവിഷ്ക്കാരം സാധ്യമല്ലെന്നു ആധുനിക എഴുത്തുകാരികൾ കരുതുന്നു. ഭാഷ, പ്രമേയം, വീക്ഷണം എന്നീ ഘടകങ്ങളെല്ലാം ചേർന്നാണ് പെണ്ണെഴുത്തിനെ നിർണ്ണയിക്കുന്നത്. അതുകൊണ്ട് സ്ത്രീവാദ ആശയങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കൃതിക്ക് നിലവിലുള്ള പുരുഷനിർമ്മിത ഭാഷ നിരാകരിക്കേണ്ടിവരുന്നു.

പെണ്ണെഴുത്ത്, സ്ത്രീഭാഷ എന്നീ ആശയങ്ങളിൽ നിന്ന് അകന്നുനിൽക്കുന്ന എഴുത്തുകാരിയാണ് വത്സല. അതിനാൽ ഒരു പ്രത്യേകഭാഷ സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളൊന്നും ഇവരുടെ കൃതികളിൽ കണ്ടെത്താനാകില്ല. സ്ത്രീയെക്കുറിച്ചുള്ള സ്ത്രീ-പുരുഷ നിലപാടുകളിലെ വ്യത്യസ്തത ആഖ്യാനങ്ങളിൽ നിഴലിക്കും. പുരുഷരചനകളിൽ സ്ത്രീ ശരീരവർണ്ണനകൾ നിറയുമ്പോൾ, സ്ത്രീ, സ്ത്രീശരീരത്തെ, സ്ത്രീലൈം

ഗികതകളെ, സൂചകങ്ങളിലൂടെ പ്രത്യക്ഷീകരിക്കാനാണ് ശ്രമിക്കുന്നത്. വത്സലയുടെ നോവലുകളിലും ഇത്തരം പ്രയോഗങ്ങളുണ്ട്.

'നെല്ലി'ൽ കുറുമാട്ടിയെക്കുറിച്ച് നോവലിസ്റ്റ് നേരിട്ടുനടത്തുന്ന അഭിപ്രായപ്രകടനം ഇങ്ങനെയാണ്.

> *"കുറുമാട്ടി- പുഴവക്കത്ത് ചിരിച്ചുനിൽക്കുന്നൊരു വെള്ളിലക്കൊടി. വേണ്ട വരൊക്കെ ആ വള്ളിയിൽ നിന്നും ഇലക്കൂമ്പുകൾ പറിച്ച് മുടിക്കെട്ടിൽ തിരുകുന്നു. പറിക്കുന്തോറും തെഴുത്തുവരുന്നോരു വള്ളി".*[74]

വെള്ളിലക്കൊടി കുറുമാട്ടിയുടെ സ്വഭാവ സൗന്ദര്യങ്ങളുടെ ശക്തമായ, സൂചകമാണ്. 'കൂമൻകൊല്ലി'യിൽ സുനന്ദയെ പരിചയപ്പെടുത്തുന്നത്.

> *"സുനന്ദയെ ഓർക്കാതെ കൂമൻകൊല്ലിയിലേക്കു തുടുത്ത പുലരികൾക്കു കടന്നുവരാൻ കഴിയുകയില്ല. സുനന്ദയെ ഓർക്കുമ്പോൾ കാട്ടിൽ കൊന്ന കൾ പൂവണിയുന്നു. തെന്നിച്ചാടുന്ന കാട്ടരുവി സംഗീതമാലപിക്കുന്നു. കാട്ടുപൊന്തകൾ നൃത്തം ചെയ്യുന്നു. നിലാവുദിക്കുമ്പോൾ താഴ്‌വരയിലെ നിവാസികൾ സുനന്ദയെ ഓർക്കുന്നു"*[75]

എന്നാണ്. അംഗപ്രത്യംഗവർണ്ണനകൾ നടത്താതെ തന്നെ ആരേയും ത്രസിപ്പിക്കുന്ന, ഉദ്ദീപിപ്പിക്കുന്ന സുനന്ദയുടെ സൗന്ദര്യം ഇവിടെ ആവിഷ്കൃതമാകുന്നു. ഒരു കവിതയിലെ ന്നപോലെ സുനന്ദയുടെ സൗന്ദര്യം ഒട്ടേറെ പ്രതീകങ്ങളാൽ സൂചിപ്പിക്കപ്പെടുന്നു.

പുരുഷന്മാരുടെ കാഴ്ചകളിലും മാറ്റം വരുത്തിക്കൊണ്ടാണ് സ്ത്രീ ആവിഷ്ക്കരിക്കപ്പെടുന്നത്. സ്ത്രീ രചനയായതുകൊണ്ട് പുരുഷനോട്ടങ്ങളിലും സ്ത്രീ ശരീരം നഗ്നമായി വർണ്ണിക്കപ്പെടുന്നില്ല. ആദ്യരാത്രിയിൽ ഭാര്യാശരീരത്തെ ഭർത്താവ് നോക്കുന്നത്

> *"ചില്ലിലടച്ചു സൂക്ഷിക്കേണ്ടൊരു വിലപിടിച്ച കൗതുകവസ്തുവെ"*[76]

എന്ന പോലെയാണ്.

താനാഗ്രഹിക്കുന്ന തീവ്രതയിൽ തന്നോടിടപെടാത്ത ഭാര്യയെക്കുറിച്ച് മറ്റൊരു ഭർത്താവു പറയുന്ന വാക്കുകളിലും മാന്യത നഷ്ടപ്പെടുന്നില്ല. സ്ത്രീശരീരത്തെ അനാവരണം ചെയ്തു

അവഹേളിക്കാൻ ഈ പുരുഷനും നോവലിസ്റ്റ് അധികാരം കൊടുക്കുന്നില്ല.

> *"ദൈവം നിനക്കെന്തിനാണ് ഇത്ര സുന്ദരമായ ഒരു ശരീരം തന്നിരിക്കുന്ന തെന്ന് ഞാനത്ഭുതപ്പെടുന്നു. ലുബ്ധന്റെ സ്വത്തുപോലെ നീയിതു സൂക്ഷി ച്ചുവെക്കുന്നു! പണം കുഴിച്ചിട്ട അവൻ പട്ടിണി കിടക്കുന്നു".*[77]

വിവാഹിതയായിട്ടും ഭർത്താവ് രോഗിയായതുകൊണ്ട് കന്യകയായി തുടരേണ്ടിവന്ന മാധവിയുടെ സഫലീകരിക്കാത്ത തൃഷ്ണകളെ സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്.

> *"വിളക്കിനു ചുറ്റും ഒരു നിമിഷത്തെ മോഹത്തിന്റെ സാക്ഷാത്ക്കാരത്തി നുവേണ്ടി പറന്നുനടക്കുന്ന മഴപ്പാറ്റകൾ"*
>
> *"വിളക്കിനു ചുറ്റും ഉത്സവമാഘോഷിക്കുന്ന ഒരു പാറ്റയാവാൻ ഒരു നിമിഷം അവളാഗ്രഹിച്ചു".*[78]

സ്ത്രീശരീരത്തെ സൂചിപ്പിക്കാനും ആവിഷ്ക്കരിക്കാനും ഒരു കവിതയിലെന്ന പോലെ നോവലിസ്റ്റ് സൂചകങ്ങളേയും പ്രതീകങ്ങളേയും ഉപയോഗിക്കുന്നു.

**3.20.**

വത്സലയുടെ നോവലുകളിൽ നിന്നു വായിച്ചെടുക്കാവുന്ന സ്ത്രീവാദത്തെ ഇങ്ങനെ സംഗ്രഹിക്കാം.

1) സ്ത്രീയെ സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ അവതരിപ്പിച്ചു.

2) അബലയും അധീരയുമായ സ്ത്രീ എന്ന കാല്പനിക പരിവേഷം അപ്പാടെ തള്ളിക്കളഞ്ഞു. അവതരിപ്പിച്ച എല്ലാ സ്ത്രീകഥാപാത്രങ്ങളും കായികമായോ ധൈഷണികമായോ മാനസികമായോ കരുത്തുറ്റവരാണ്.

3) സ്ത്രീവാദത്തെ, സ്ത്രീ മാത്രം ഉൾക്കൊള്ളുന്ന നിയന്ത്രിതവൃത്തങ്ങളിൽനിന്നു മോചിപ്പിച്ചു. സ്ത്രീയിലൂടെ കുടുംബം, സമൂഹം എന്നിവയും വിഷയമാകുന്നു.

4) പുരുഷനെ പ്രതിസ്ഥാനത്തു നിർത്തുന്നില്ല. സ്ത്രീയുടെ ആത്യന്തികമായ വിജയത്തിൽ പുരുഷനു നിർണ്ണായക സ്ഥാനം നൽകി.

5) സ്ത്രീവാദം എന്ന ആശയസ്ഥാപനത്തിനു വേണ്ടിയുള്ള രചനകളല്ല; മറിച്ച് രചനകളിൽ എഴുത്തുകാരിയുടെ ദർശനം എന്ന രീതിയിൽ സ്ത്രീവാദം കടന്നുവരികയാണ്.

6) ആശയസ്ഥാപനം ലക്ഷ്യമല്ലാത്തതിനാൽ കഥാപാത്രങ്ങളെ ആദർശവൽക്കരിക്കുന്നില്ല. അതുകൊണ്ട് കഥാപാത്രങ്ങൾ സ്വാഭാവികതയും വിശ്വാസ്യതയും പ്രദർശിപ്പിക്കുന്നു.

7) സ്ത്രീകളുടെനേരേ നടക്കുന്ന ചൂഷണങ്ങളുടേയും ചൂഷണപരിസരങ്ങളുടേയും സത്യകഥനം ദൃശ്യമാണ്.

8) ലൈംഗികചൂഷണങ്ങൾക്കെതിരെ പ്രതികരിക്കുന്ന കഥാപാത്രങ്ങൾ പൊതുവെ കായികചൂഷണങ്ങളിൽ നിശ്ശബ്ദരാകുന്നു.

9) സ്ത്രീ എന്നതിനപ്പുറം വ്യക്തി എന്ന നിലയിലുള്ള സാമൂഹ്യ പ്രതിബദ്ധത കാണിക്കുന്ന കഥാപാത്രങ്ങളുണ്ട്. പക്ഷേ ഇവരിലൂടെയും സ്ത്രീപക്ഷ നിലപാടുകൾ വ്യക്തമാകുന്നു.

10) സ്ത്രീസഹജഭാവങ്ങളെ നിഷേധിക്കുന്നില്ല. ഭാര്യ, അമ്മ എന്നീ പദവികളിന്മേൽ നടക്കുന്ന ചൂഷണങ്ങളെ ചോദ്യം ചെയ്യുമ്പോഴും സ്ത്രൈണതയുടെ പൂർണ്ണത എന്ന നിലയിൽ ഇവയുടെ പ്രസക്തി ശരിവയ്ക്കുന്നു.

11) ബോധപൂർവ്വമല്ലെങ്കിലും, സ്ത്രീയെ ആവിഷ്ക്കരിക്കാൻ പുരുഷഭാഷയിൽ നിന്നു വ്യത്യസ്തമായ ഒരു ഭാഷ ഉപയോഗപ്പെടുത്തുന്നു.

12) സ്ത്രീവാദത്തിനു അവശ്യം വേണ്ട പ്രസാദാത്മകതയും ശുഭാപ്തി വിശ്വാസവും വത്സലയുടെ നോവലുകൾ പ്രദർശിപ്പിക്കുന്നു.

# കുറിപ്പുകൾ


1. എം.ലീലാവതി, ***ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം,*** പ്രഭാത്, തിരുവനന്തപുരം, 2000, പു. 11.
2. അ. ഗ്ര., പു. 62.
3. കെ.അജിത, **കേരളത്തിലെ സ്ത്രീവിമോചന പ്രസ്ഥാനം,** സാഹിത്യലോകം, നവം - ഡിസംബർ, 1995, പു: 20, ല. 6, പു. 10, 11.
4. സച്ചിദാനന്ദൻ, **ചിരിക്കുന്ന മെഡൂസാ,** ***അന്വേഷണങ്ങൾ,*** ബോധി, കോഴിക്കോട്, 1991, പു. 145 - 196.

   സച്ചിദാനന്ദൻ, അവതാരിക - ***പാപത്തറ,*** സാറാ ജോസഫ്, കറന്റ്, തൃശ്ശൂർ, 1990, പു. 22-25
5. Eline Showalter, ***A Literature of their own,*** Virgo, London, 1977, p.7.
6. സച്ചിദാനന്ദൻ, അവതാരിക, ***പാപത്തറ,*** സാറാ ജോസഫ്, കറന്റ്, തൃശ്ശൂർ, 1990, പു. 14.
7. എം.അച്യുതൻ, ***ചെറുകഥ ഇന്നലെ ഇന്ന്,*** സാ. പ്ര. സ. സം. കോട്ടയം, 1981, പു. 232.
8. കെ.സരസ്വതി അമ്മ, ***പ്രേമഭാജനം,*** ശ്രീരാമവിലാസം, തിരുവനന്തപുരം, 1944, പു. 37.
9. ഡോ. കെ.എസ്.രവികുമാർ, ***ആമുഖപഠനം - കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ,*** ഡിസി, കോട്ടയം, 2001, പു. 22.
10. എം.ടി.വാസുദേവൻ നായർ, **മൃഗതൃഷ്ണ തേടുന്ന പാത്രങ്ങൾ,** ***രാജലക്ഷ്മി എന്ന എഴുത്തുകാരി,*** ഒരു സംഘം ലേഖകർ, സി.ഐ.ഡി.സി., എറണാകുളം, 1966, പു. 23
11. പി.വത്സല, ***സ്ത്രീ,*** ഒരു സംഘം ലേഖകർ, സാ. പ്ര. സ. സം, കോട്ടയം, 1975, പു. 399.
12. Swami Vivekanda, ***Teaching of Vivekananda,*** Advaidashramam, Calcutta, p. 120-121.
13. "അരക്ഷിതാഗൃഹേരുദ്ധാഃ പുരുഷൈരാപ്തകാരിഭിഃ

    ആത്മാനമാത്മനായാസ്തു രക്ഷേയുസ്താസ്സുരക്ഷിതാഃ" ***മനുസ്മൃതി*** 9. 12.
14. പി.വത്സല, ***ആഗ്നേയം,*** യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം, കോഴിക്കോട്, 1999, പു. 50.

15. അ. ഗ്ര., പു. 50.

16. പി.വത്സല, ***അരക്കില്ലം,*** സാ. പ്ര. സ. സം, കോട്ടയം, 1977, പു. 146.

17. അ. ഗ്ര., പു. 146.

18. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 14.

19. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 178.

20. അ. ഗ്ര., പു. 285.

21. അ. ഗ്ര., പു. 320.

22. പി.വത്സല, ***ഗൗതമൻ,*** മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1986, പു. 104,

23. സച്ചിദാനന്ദൻ, **വർഗ്ഗവും ലിംഗവും, *സ്ത്രീപഠനങ്ങൾ*** – ഒന്നാംഭാഗം, ബോധി, കോഴിക്കോട്, 1990, പു. 24.

24. അ. ഗ്ര., പു. 26.

25. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1998, പു. 87.

26. പി.വത്സല, ***നമ്പരുകൾ,*** ഡിസി, കോട്ടയം, 2001, പു. 160.

27. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 97.

28. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 110.

29. സച്ചിദാനന്ദൻ, **വർഗ്ഗവും ലിംഗവും, *സ്ത്രീപഠനങ്ങൾ*** 1–ാം ഭാഗം, ബോധി, കോഴിക്കോട്, 1990, പു. 32.

30. ***മനുസ്മൃതി,*** 9-22.

31. പി.വത്സല, ***നിഴലുറങ്ങുന്ന വഴികൾ,*** എൻ.ബി.എസ്സ്, കോട്ടയം, 1975, പു. 98.

32. അ. ഗ്ര., പു. 152.

33. അ. ഗ്ര., പു. 302.

34. പി.വത്സല, ***അരക്കില്ലം,*** സാ. പ്ര. സ. സം., കോട്ടയം, 1977, പു. 81.

35. അ.ഗ്ര.,പു. 62.

36. അ.ഗ്ര.,പു. 62.

37. വൃന്ദകാരാട്ട്, **സ്ത്രീശക്തിയെ വിഗണിക്കാനാകില്ല,** അഭിമുഖം, സമകാലിക മലയാളം, 1998,

ആഗസ്റ്റ് 7, പു. 12, ല. 13., പു. 16. 17.

38. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1998, പു. 88.

39. അ. ഗ്ര., പു. 79.

40. അ. ഗ്ര., പു. 55.

41. അ. ഗ്ര., പു. 8.

42. അ. ഗ്ര., പു. 104.

43. അ. ഗ്ര., പു. 121.

44. അ. ഗ്ര., പു. 87.

45. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 74.

46. പി.വത്സല, ***ചാവേർ,*** ഡിസി, കോട്ടയം, 1998, പു. 375.

47. അ. ഗ്ര., പു. 263.

48. അ. ഗ്ര., പു. 376.

49. അ. ഗ്ര., പു. 128.

50. പി.വത്സല, ***അരക്കില്ലം,*** സാ. പ്ര. സ. സം, കോട്ടയം, 1977, പു. 115.

51. അ. ഗ്ര., പു. 115.

52. സച്ചിദാനന്ദൻ, ***വർഗ്ഗവും ലിംഗവും, സ്ത്രീപഠനങ്ങൾ,*** ബോധി, കോഴിക്കോട്, 1990, പു. 78.

53. പി.വത്സല, ***ആഗ്നേയം,*** യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം, കോഴിക്കോട്, 1999, പു. 47.

54. അ. ഗ്ര., പു. 171.

55. അ. ഗ്ര., പു. 208.

56. അ. ഗ്ര., പു. 228.

57. അ. ഗ്ര., പു. 228.

58. അ. ഗ്ര., പു. 236.

59. അ. ഗ്ര., പു. 236.

60. അ. ഗ്ര., പു. 228.

61. അ. ഗ്ര., പു. 228.

62. പി.വത്സല, ***ഗൗതമൻ,*** മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1986, പു. 161.

63. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 70.

64. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1987, പു. 89, 90.

65. അ. ഗ്ര., പു. 52.

66. എൻ.കെ.രവീന്ദ്രൻ, **കേരളത്തിലെ സ്തീവിമോചന രാഷ്ട്രീയം – ചരിത്രപരമായ അന്വേഷണം, *സ്ത്രീപഠനങ്ങൾ ഭാഗം – 1,*** ബോധി, കോഴിക്കോട്, 1990, പു. 43.

67. ഡോ. എം.ലീലാവതി, **സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള സ്ത്രീസ്വത്വാവിഷ്ക്കാരം മലയാളസാഹിത്യത്തിൽ, *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം വോള്യം – 3,*** കേ. സാ. അ, തൃശ്ശൂർ, 2002, പു. 677.

68. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 320.

69. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1987, പു. 58.

70. സച്ചിദാനന്ദൻ, അവതാരിക - ***പാപത്തറ,*** സാറാ ജോസഫ്, കറന്റ്, തൃശ്ശൂർ, 1990. പു. 15.

71. കെ.എം.തരകൻ, ***മലയാള നോവൽ സാഹിത്യചരിത്രം,*** കേ. സാ. അ., തൃശ്ശൂർ, 1978, പു. 216.

72. ഡോ. എം.ലീലാകുമാരി, ***സ്ത്രീസങ്കൽപ്പം മലയാളനോവലിൽ,*** ഡിസി, കോട്ടയം, 2000, പു. 190.

73. സച്ചിദാനന്ദൻ, **ചിരിക്കുന്ന മെഡൂസ, *അന്വേഷണങ്ങൾ,*** ബോധി, കോഴിക്കോട്, 1991. പു. 145-196

74. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 53.

75. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 11.

76. പി.വത്സല, ***നമ്പരുകൾ,*** ഡിസി, കോട്ടയം, 2001, പു. 19.

77. പി.വത്സല, ***ആരും മരിക്കുന്നില്ല,*** കറന്റ്, തൃശ്ശൂർ, 1998, പു. 17.

78. പി.വത്സല, ***നിഴലുറങ്ങുന്ന വഴികൾ,*** എൻ.ബി.എസ്സ്, കോട്ടയം, 1975, പു. 80.